# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

നവംബർ 2021 | വാല്യം 48 ലക്കം 7 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ


## കേരളത്തെ സർവ നാശത്തിലേക്ക് തള്ളിവിടുന്ന കെ റയിൽ അർദ്ധ അതിവേഗ പാതയ്ക്കെതിരെ

# ആയിരങ്ങൾ അണിനിരന്ന സെക്രട്ടേറിയറ്റ് മാർച്ച്



**സമര പ്രതിജ്ഞ:** സെക്രട്ടേറിയറ്റിനുമുന്നിൽ അണിനിരന്ന ആയിരങ്ങൾ കെ റയിൽ സിൽവർ ലൈൻ പദ്ധതിക്കെതിരെ പോരാട്ടുമെന്ന് പ്രതിജ്ഞയെടുക്കുന്നു

**കേ**രളത്തെ പാരിസ്ഥിതികവും സാമ്പത്തികവും സാമൂഹികവുമായി തകർക്കുന്ന കെ റയിൽ സിൽവർലൈൻ പദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആയിരങ്ങൾ അണിനിരന്ന സെക്രട്ടേറിയറ്റ് മാർച്ച് നടന്നു. കെ റയിൽ – സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ ആഭിമുഖ്യത്തിലാണ് കാസർഗോഡുമുതൽ തിരുവനന്തപുരംവരെ ഈ പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടാൻ പോകുന്ന ഇരകൾ അണിനിരന്ന സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിക്കപ്പെട്ടത്. ഒരു വർഷത്തിലധികമായി കെ റയിൽ പദ്ധതിയ്ക്കെതിരായി സംസ്ഥാനമെമ്പാടും നിരവധി പ്രതിഷേധങ്ങൾ നടക്കുന്നെങ്കിലും ഇവയൊന്നും തീരെ വകവെയ്ക്കാതെ സർക്കാർ ഏകപക്ഷീയമായി മുന്നോട്ട് പോകുകയാണ്.

ഡിപിആർപോലും പ്രസിദ്ധീകരിക്കാതെ, അങ്ങേയറ്റം രഹസ്യാത്മകമായാണ് കെ റയിലുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ മുന്നോട്ട് കൊണ്ടുപോകുന്നത്. സാമൂഹ്യാഘാത പഠനമോ പാരിസ്ഥിതിക ആഘാത പഠനമോ നടത്തിയിട്ടില്ല. എന്നിരിക്കിലും പദ്ധതിയുടെ ഭാഗമായി ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഏകദേശം ഒരുലക്ഷത്തോളം ജനങ്ങളെ അവരുടെ കിടപ്പാടങ്ങളിൽനിന്നും ജീവനോപാധികളിൽനിന്നും കുടിയൊഴിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതുണ്ടാക്കുന്ന സാമൂഹികമായ പ്രത്യാഘാതങ്ങൾ വളരെ രൂക്ഷമായിരിക്കും. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരമോ പുനരധിവാസമോ ലഭിക്കുമെന്നത് ദിവാസ്വപ്നം മാത്രമാണ്. വികസന പദ്ധതികളുടെ പേരിൽ ഇത:പര്യന്തം കുടിയൊഴിപ്പിക്കപ്പെട്ടവരുടെ അനുഭവങ്ങൾ അത് സാക്ഷ്യപ്പെടുത്തുന്നു.

മാത്രമല്ല, ഈ പദ്ധതി കേര

(ശേഷം 2–ാം പേജിൽ)

## പൊരുതി ജയിക്കാൻ നിശ്ചയിച്ചുറച്ച് കർഷകസമരം രണ്ടാം വർഷത്തിലേക്ക്

**എ**വ്വിധവും കർഷകസമരത്തെതകർത്ത് കാർഷികമേഖല മുതലാളിമാർക്ക് ഇഷ്ടദാനം നൽകാൻ തക്കം പാർത്തിരിക്കുന്ന കേന്ദ്രസർക്കാരിനെതിരെ പൊരുതി ജയിക്കാൻ നിശ്ചയിച്ചുറച്ച് കർഷകസമരം രണ്ടാം വർഷത്തിലേയ്ക്ക് കടക്കുന്നു. സമരത്തോടുള്ള സർക്കാരിന്റെ നിഷേധാത്മക നിലപാട് ആഗോളതലത്തിൽതന്നെ വിമർശനങ്ങൾക്കിടയാക്കിയിട്ടുണ്ട്. നവംബർ 26ന് ഒരു വർഷം പൂർത്തിയാക്കുന്ന ഈ ഉജ്ജ്വല പ്രക്ഷോഭം, കർഷകവിരുദ്ധ നിയമങ്ങൾ പിൻവലിച്ച് വിജയമുറപ്പിച്ചേ പിൻമാറൂ. വാർഷികാചരണവുമായി ബന്ധപ്പെട്ട് സംയുക്ത കിസാൻ മോർച്ച രാജ്യവ്യാപകമായ പ്രതിഷേധ പരിപാടികൾക്ക് രൂപം നൽകിയിരിക്കുകയാണ്.

രാജ്യത്തെ മുഴുവൻ ജനങ്ങൾക്കുംവേണ്ടി കർഷകർ നേതൃത്വം കൊടുക്കുന്ന ഈ സമരത്തിൽ അണിചേരേണ്ടതും പിന്തുണയ്ക്കേണ്ടതും എല്ലാ വിഭാഗം ജനങ്ങളുടെയും ഉത്തരവാദിത്തമാണ്. ഇപ്പോൾതന്നെ ലോക പട്ടിണി സൂചികയിൽ 101–ാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടിരിക്കുന്ന ഇന്ത്യ കൂട്ടമരണങ്ങളുടെ നാട് എന്നറിയപ്പെടാതിരിക്കാൻ ഈ സമരം വിജയിച്ചേ മതിയാകൂ.

നവംബർ 26ന് ദില്ലി അതിർത്തികളിൽ വൻതോതിൽ സംഘടിച്ച് നവംബർ 29 മുതൽ നടക്കുന്ന പാർലമെന്റ് സമ്മേളന ദിവസങ്ങളിൽ തുടർച്ചയായി പാർലമെന്റ് മാർച്ചിന് തയ്യാറെടുക്കുകയാണ് കർഷകർ. അന്നേ ദിവസം വിവിധ സംസ്ഥാന തലസ്ഥാനങ്ങളിലും പ്രധാനപ്പെട്ട നഗരങ്ങളിലും പ്രതിഷേധ പരിപാടികൾക്കും സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്തിട്ടുണ്ട്.

കേരളത്തിൽ വ്യാപകമായി പ്രചാരണ പ്രവർത്തനങ്ങളും കർഷകസമരത്തിന്റെ ചരിത്രവും പ്രാധാന്യവും അവതരിപ്പിക്കുന്ന എക്സിബിഷനുകളും എഐകെകെഎംഎസ് നേതൃത്വത്തിൽ സംഘടിപ്പിക്കും. സമര വാർഷികത്തോടനുബന്ധിച്ച് ജില്ലാ കേന്ദ്രങ്ങളിൽ കേന്ദ്ര സർക്കാർ ഓഫീസുകൾക്കുമുന്നിൽ പ്രതിഷേധ മാർച്ചുകളും നടക്കും. ■

## ഇന്ധനവില വർദ്ധനവ്:

# നികുതി ഗണ്യമായി വെട്ടിക്കുറച്ച് വില കുറയ്ക്കുക

**ജ**നജീവിതം ദുർവ്വഹമാക്കുന്ന ഇന്ധനവിലക്കയറ്റത്തിന്റെ പ്രധാന കാരണം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന നികുതിക്കൊള്ളയാണ്. ലോകത്ത് ജനങ്ങളുടെമേൽ ഏറ്റവുമധികം നികുതി ചുമത്തപ്പെടുന്ന ഉൽപ്പന്നങ്ങളിൽ ഒന്നാണ് ഇന്ത്യയിലെ പെട്രോളിയം ഉൽപ്പന്നങ്ങൾ. നീതികരണമില്ലാത്ത ഈ കൊള്ള അവസാനിപ്പിക്കണമെന്ന ആവശ്യം നാനാതുറകളിൽനിന്നും ഉയർന്നുതുടങ്ങിയിട്ടുണ്ട്.




ഇന്ധനവില വർദ്ധനവിനെതിരെ എഐഎംഎസ്എസ് നടത്തിയ രാജ്ഭവൻ മാർച്ച്

2021 സെപ്തംബർ 29ന് രാജ്യത്തെ ഇന്ധനവില പരിശോധിച്ചാൽ ഡൽഹിയിൽ പെട്രോളിന് 101.37 രൂപയും ഡീസലിന് 89.57 രൂപയുമായിരുന്നു. മുംബൈയിൽ അത് യഥാക്രമം 107.47 ഉം, 97.47 ഉം ആയിരുന്നു. 2021 ഒക്ടോബർ 31 ന് ഡൽഹിയിൽ പെട്രോ ളിന് 109.34 ഉം, ഡീസലിന് 98.07 ഉം രൂപയും മുംബൈയിൽ പെട്രോളിന് 115.15 ഉം, ഡീസലിന് 106.23 ഉം രൂപയായി വർദ്ധിച്ചു. കേവലം ഒരു മാസക്കാലയളവിൽ വന്ന ഈ ഭീമമായ വർദ്ധനവിനുശേഷമാണ് കേന്ദ്ര സർക്കാർ പെട്രോൾ നികുതിയിൽ 5 രൂപയും ഡീസൽ നികുതിയിൽ 10 രൂപയും നവംബർ 5 ന് കുറയ്ക്കാൻ തീരുമാനമെടുത്തത്. എന്നിട്ട് വലിയ ആശ്വാസനടപടികൾ സ്വീകരിച്ചിരിക്കുന്നുവെന്ന് ഒരുളുപ്പുമില്ലാതെ പറയുകയാണവർ.

ഈ തീരുമാനത്തിനുപിന്നിൽ കഴിഞ്ഞ ഏതാനം മാസങ്ങൾക്കു

(ശേഷം 6–ാം പേജിൽ)


3 നവംബർ വിപ്ലവദിനം ആചരിക്കുമ്പോൾ
5 അക്ഷരമാല കവർന്നത് ഡിപിഇപി
12 മനുഷ്യവംശത്തിന്റെ ഭാവിയും കാലാവസ്ഥാ വ്യതിയാനവും

# കരിമണൽ ഖനനത്തിനെതിരെ ജനകീയ കൺവൻഷൻ

**തോ**ട്ടപ്പള്ളിയിൽ കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി നടത്തുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിന്റെ 150-ാം ദിവസം പുന്നപ്ര ശ്രീദേവി ഓഡിറ്റോറിയത്തിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനകീയ കൺവൻഷൻ സംഘടിപ്പിച്ചു. വി.എം.സുധീരൻ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ആലപ്പുഴയുടെ തീരത്തെ കരിമണൽ ഖനനത്തിനെതിരെ രണ്ടായിരത്തിമൂന്നിൽ തന്നോടൊപ്പം മനുഷ്യച്ചങ്ങല പിടിച്ച ഇടതുപക്ഷത്തെ പ്രമുഖർ ഇപ്പോൾ കരിമണൽ ലോബിക്കൊപ്പം നിൽക്കുകയാണെന്ന് വി.എം.സുധീരൻ അഭിപ്രായപ്പെട്ടു. കുട്ടനാടൻ ജനതയെയും ആലപ്പുഴയിലെ തീരദേശവാസികളെയും ഒരുപോലെ വഞ്ചിച്ച് തോട്ടപ്പള്ളിയിൽ നടത്തുന്ന കരിമണൽ ഖനനം സംബന്ധിച്ച് സിബിഐ അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



ജനകീയ കൺവൻഷൻ വി.എം.സുധീരൻ ഉദ്ഘാടനം ചെയ്യുന്നു

ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വക്കേറ്റ് മാത്യു വേളങ്ങാടൻ അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.കെ.രമ എംഎൽഎ മുഖ്യപ്രസംഗം നടത്തി. കരിമണൽ ഖനനത്തിനെതിരെ നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തിന് മറുപടി പറഞ്ഞ വ്യവസായ മന്ത്രി പി. രാജീവ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു എന്ന് കെ.കെ.രമ പറഞ്ഞു.

സാമൂഹ്യ പ്രവർത്തക ഡോ.പി. ഗീത, പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ.നീലകണ്ഠൻ, കെപിസിസി നിർവാഹകസമിതി അംഗം അഡ്വ.എം.ലിജു, കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ചെയർമാൻ എസ്.സുരേഷ്കുമാർ, എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ജയ്സൺ ജോസഫ്, കെ-റയിൽ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ, സുധിലാൽ തൃക്കുന്നപ്പുഴ, ബി.ദിലീപൻ, ആർ.പാർത്ഥസാരഥി വർമ്മ, ബി.ഭദ്രൻ, സോണിച്ചൻ പുളിങ്കുന്ന്, ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി എസ്.സീതിലാൽ, കെ.ജെ.ഷീല, കെ.പി.സുബൈദ, പി.ആർ.സതീശൻ, കെ.ആർ.ശശി എന്നിവർ പ്രസംഗിച്ചു.

കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതിയുടെ സത്യാഗ്രഹത്തിൽ 89-ാം ദിവസം പങ്കെടുത്ത തോട്ടപ്പള്ളി പൊരിയന്റെ പറമ്പിൽ എസ്.സജീവന്റെ തിരോധാനത്തിൽ ലോക്കൽ പോലീസ് നടത്തുന്ന അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ അന്വേഷണം സിബിഐ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം സമരസമിതി ജനറൽ കൺവീനർ ആർ.അർജ്ജുനൻ അവതരിപ്പിച്ചു. ■

## പ്രതിഷേധിച്ചു

**സ**മരസമിതിയുടെ സജീവ പ്രവർത്തകനായ പി.രാമചന്ദ്രനെ അർദ്ധരാത്രി വീട്ടിൽനിന്നും പിടിച്ചിറക്കി തടങ്കലിൽ വയ്ക്കുകയും കള്ളക്കേസെടുക്കുകയും ചെയ്ത അമ്പലപ്പുഴ പോലീസിന്റെ നടപടിയിൽ പ്രതിഷേധിച്ച് നവംബർ ഒമ്പതാം തീയതി വൈകിട്ട് കരിമണൽഖനന വിരുദ്ധ ഏകോപനസമിതി പ്രതിഷേധ പ്രകടനവും യോഗവും നടത്തി. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.വിനോദ് ഉദ്ഘാടനം ചെയ്തു. എസ്.സുരേഷ്കുമാർ അധ്യക്ഷത വഹിച്ചു. ആർ.പാർത്ഥസാരഥി വർമ്മ, നാസർ ആറാട്ടുപുഴ, ബി.ഭദ്രൻ, കെ.ജെ.ഷീല, കെ.പി.സുബൈദ തുടങ്ങിയവർ പ്രസംഗിച്ചു. സമരപ്രവർത്തകരെ കള്ളക്കേസിൽ പെടുത്തിയും ഭീഷണിപ്പെടുത്തിയും സമരത്തെ തകർക്കാമെന്ന സർക്കാർവ്യാമോഹം നടപ്പിലാകില്ലെന്ന് സമരസമിതി പ്രസ്താവിച്ചു. ■

# നിയമവിരുദ്ധമായ കല്ലിടൽ തടഞ്ഞ് കെ റയിൽ വിരുദ്ധ സമരം മുന്നേറുന്നു

(1-ാം പേജിൽ നിന്ന്)

ളത്തിന്റെ പരിസ്ഥിതിയെ പൂർണമായും തകർക്കുകയും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്യും. 25 മീറ്റർ വീതിയിൽ 4 മീറ്റർ ഉയരത്തിൽ, അതിനും മുകളിൽ വലിയ പ്രൊട്ടക്ഷൻ വാൾ ഉൾപ്പടെ പണിതുകൊണ്ടാണ് കെ റയിൽ വരുന്നത്. ഫലത്തിൽ കേരളം രണ്ടായി വിഭജിക്കപ്പെടും. സ്വാഭാവിക നീരൊഴുക്കുകൾ തടസ്സപ്പെടും. പശ്ചിമഘട്ടം ഏകദേശം പൂർണ്ണമായും തകർക്കപ്പെടും. ഇതോടെ പ്രളയവും വരൾച്ചയും പാരിസ്ഥിതിക ദുരന്തങ്ങളും തുടർക്കഥയാകും. വരുന്ന തലമുറകൾക്കു കൂടി അവകാശപ്പെട്ട കേരളത്തിന്റെ പരിസ്ഥിതി, വാസയോഗ്യമല്ലാത്ത അവസ്ഥയിലേക്കെത്തും.

കേരളത്തിന് താങ്ങാനാകാത്ത സാമ്പത്തിക ബാധ്യതയാണ് ഈ പദ്ധതി സൃഷ്ടിക്കുവാൻ പോകുന്നത്. സംസ്ഥാന സർക്കാരിന്റെ കണക്കനുസരിച്ച് 64,000 കോടിയാണ് മതിപ്പ് ചെലവ്. എന്നാൽ നീതിആയോഗ് പറയുന്നത് 2,10,000 കോടിയോളം രൂപ ഈ പദ്ധതിയ്ക്ക് ആവശ്യമായി വരുമെന്നാണ്. സംസ്ഥാനത്തെ കാത്തിരിക്കുന്നത് ഭീകരമായ കടക്കെണിയാണ് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇതോടെ ക്ഷേമപദ്ധതികൾ എല്ലാം നിർത്തലാകും.

ഈ വസ്തുതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് കെ റയിൽ പദ്ധതിയിൽ നിന്നും സർക്കാർ പിന്തിരിയണമെന്ന് പാരിസ്ഥിതിക വിദഗ്ധരും കുടിയൊഴിപ്പിക്കപ്പെടുന്നവരും പ്രതിപക്ഷ പാർട്ടികളും നിരന്തരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ കെ റയിൽ പദ്ധതിയുമായി മുന്നോട്ട് പോകുമെന്ന നിലപാട് ധാർഷ്ട്യത്തോടെ ആവർത്തിക്കുക മാത്രമാണ് സർക്കാർ ചെയ്തത്.

ഈ സാഹചര്യത്തിലാണ് കേരളമെമ്പാടും രൂപം കൊണ്ടിരിക്കുന്ന കെ റയിൽ വിരുദ്ധ ജനകീയ സമിതി പ്രവർത്തകർ സെക്രട്ടേറിയറ്റ് നടയിലെത്തിയത്. തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ജില്ലാ സമിതികളുടെ ബാനറുകൾക്ക് പിന്നിൽ കക്ഷിരാഷ്ട്രീയ-ജാതി-മത ഭേദമന്യേ അണിനിരന്നുകൊണ്ട്, 'കേരളത്തിന് കെ റയിൽ വേണ്ട' എന്ന് പ്രഖ്യാപിച്ചു.



സെക്രട്ടേറിയറ്റ് മാർച്ച് ഡോ.ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. വിവിധ രാഷ്ട്രീയ നേതാക്കളും സമരസമിതി നേതാക്കളും വേദിയിൽ

കെ റയിൽ - സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ സ്വാഗതം ആശംസിച്ചുകൊണ്ട് ആമുഖപ്രഭാഷണം നടത്തി. കേരളത്തെ സ്നേഹിക്കുന്ന, വിഷയവിദഗ്ധർ ഒന്നടങ്കം കെ റയിൽ കേരളത്തെ ദുരന്തഭൂമിയാക്കും എന്ന പറയുമ്പോഴും പദ്ധതിയ്ക്ക് വേണ്ടി സർവേ കല്ലിടുന്നത് സങ്കുചിത താത്പര്യങ്ങളുടെ അടിസ്ഥാനത്തിലാണെന്നും ഈ പദ്ധതി പിൻവലിക്കുവാൻ ജീവൻ കൊടുത്തും പോരാട്ടമെന്നും അദ്ദേഹം പറഞ്ഞു. സമിതി സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജ് അധ്യക്ഷത വഹിച്ചു.

നിരവധി ജനകീയ സമരങ്ങളിലെ സജീവ സാന്നിദ്ധ്യമായ ഡോ.ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്തു. കെ റയിൽ സിൽവർലൈൻ, കേരളത്തെ കൊള്ളയടിക്കുകയും കൊലയ്ക്ക് കൊടുക്കുകയും ചെയ്യുന്ന പദ്ധതിയാണെന്ന് അദ്ദേഹം പറഞ്ഞു. പ്രളയങ്ങളിലൂടെ പ്രകൃതി മുന്നറിയിപ്പ് നൽകിയിട്ടും സർക്കാർ പദ്ധതിയുമായി മുന്നോട്ട് പോകുന്നത് കൊള്ളമുതലിന്റെ താല്പര്യം മാത്രം മുൻനിർത്തിയാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കുറഞ്ഞത് രണ്ട് ലക്ഷം കോടി രൂപ എങ്കിലും പദ്ധതിക്കുവേണ്ടി ചെലവാകുമെന്നും, കേരളം മുഴുവൻ വിറ്റാലും ഈ കടം വീട്ടാൻ കഴിയില്ലെന്നും മാർച്ചിൽ പങ്കെടുത്ത് സംസാരിച്ച പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ അഭിപ്രായപ്പെട്ടു. സംസ്ഥാന കെ റയിൽ-സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി രക്ഷാധികാരി കെ.ശൈവപ്രസാദ് സിൽവർലൈൻ വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ആയിരക്കണക്കിന് ജനങ്ങൾ ഈ പ്രതിജ്ഞ ഏറ്റുചൊല്ലിക്കൊണ്ട് ഈ പദ്ധതി കേരളത്തിൽ അനുവദിക്കില്ലായെന്ന തീരുമാനം പ്രഖ്യാപിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം മിനി കെ.ഫിലിപ്പ് മാർച്ചിൽ പങ്കെടുത്ത് കൊണ്ട് സമരത്തിന് പാർട്ടിയുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.




ആയിരങ്ങൾ പങ്കെടുത്ത സെക്രട്ടേറിയറ്റ് മാർച്ചിന്റെ മുൻനിര

കൊടിക്കുന്നിൽ സുരേഷ് എം.പി, കെ.സുരേന്ദ്രൻ(ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ), സാദിഖലി ശിഹാബ് തങ്ങൾ (മുസ്ലീം ലീഗ് ഉന്നതാധികാര സമിതി അംഗം), എംഎൽഎമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.കെ.മുനീർ, കെ.കെ.രമ, കെ.പി.എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, എൻ.എ.നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം എന്നിവരും അഡ്വ.എ.എൻ.രാജൻബാബു(മുൻ എംഎൽഎ), കുട്ടി അഹമ്മദ് കുട്ടി (മുൻമന്ത്രി), സി.ആർ.നീലകണ്ഠൻ, ജോസഫ് എം. പുതുശ്ശേരി(മുൻഎംഎൽഎ), അഡ്വ. തമ്പാൻ തോമസ്, പ്രൊഫ.കുസുമം ജോസഫ്(എൻഎപിഎം), മിർസാദ് റഹ്മാൻ (വെൽഫെയർ പാർട്ടി) എം.കെ.ദാസൻ (സിപിഐ എം എൽ (റെഡ് സ്റ്റാർ)), ജോൺ പെരുവന്താനം, ഡോ.ആസാദ്, ജി.ദേവരാജൻ(ഫോർവേഡ് ബ്ലോക്ക്), ബാലകൃഷ്ണപിള്ള (ആർഎംപിഐ), ഗ്ലേവിയസ് അലക്സാണ്ടർ( സംസ്ഥാന പ്രസിഡന്റ്, സ്വരാജ് ഇന്ത്യ പാർട്ടി), എം. ഷാജർഖാൻ( ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി), ടി.ടി.ഇസ്മയിൽ (വൈസ് ചെയർമാൻ, സംസ്ഥാന സമിതി, കോഴിക്കോട് ജില്ലാ ചെയർമാൻ), ചാക്കോച്ചൻ മണലേൽ (വൈസ് ചെയർമാൻ, സംസ്ഥാന സമിതി), ഹനീഫ നെല്ലിക്കുന്ന് (കാസർഗോഡ് ജില്ലാ ചെയർമാൻ), ബദറുദ്ദീൻ മാടായി(കണ്ണൂർ ജില്ലാ ചെയർമാൻ), അഡ്വ. അബൂബക്കർ ചേങ്ങാട്(മലപ്പുറം ജില്ലാ ചെയർമാൻ), ശിവദാസ് മഠത്തിൽ(തൃശ്ശൂർ ജില്ലാ ചെയർമാൻ), വിനു കുര്യാക്കോസ്(എറണാകുളം ജില്ലാ ചെയർമാൻ), സന്തോഷ് പടനിലം (ആലപ്പുഴ ജില്ലാ ചെയർമാൻ), ബാബു കുട്ടൻചിറ (കോട്ടയം ജില്ലാ ചെയർമാൻ), മുരുകേഷ് നടയ്ക്കൽ (പത്തനംതിട്ട ജില്ലാ കൺവീനർ), എ.ജയിംസ് (കൊല്ലം ജില്ലാ ചെയർമാൻ), രാമചന്ദ്രൻ കരവാരം( തിരുവനന്തപുരം ജില്ലാ ചെയർമാൻ) തുടങ്ങിയ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ സെക്രട്ടേറിയറ്റ് മാർച്ചിന് നേതൃത്വം നൽകി. -രാവിലെ ആശാൻ സ്ക്വയറിൽനിന്നും മാർച്ച് ആരംഭിക്കുന്നതിന് മുന്നോടിയായി എഐഡിഎസ്ഒ സ്ട്രീറ്റ് ബാന്റ് സമരഗാനങ്ങൾ ആലപിച്ചുകൊണ്ട് കെ റയിൽ വിരുദ്ധ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ■

## മഹത്തായ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ 104–ാം വാർഷികം

# നവംബർ വിപ്ലവദിനം ആചരിക്കുമ്പോൾ

**മാർക്സിനും ഏംഗൽസിനുംശേഷം ലോകത്തുണ്ടായ സകല മാറ്റങ്ങളെയും മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തുകൊണ്ട് മഹാനായ ലെനിൻ റഷ്യൻ ജനതയെ വിപ്ലവത്തിലേയ്ക്ക് നയിച്ചു. ദരിദ്രരും അജ്ഞരും ഭരണപരിചയമോ പാടവമോ ഇല്ലാത്തവരുമായ റഷ്യൻ തൊഴിലാളിവർഗ്ഗം ഒരു രാജ്യത്തെ നയിക്കാൻ അശക്തരാണെന്നും ഭരണകൂടം വൈകാതെ നിലംപതിക്കുമെന്നുമാണ് മുതലാളിത്ത ലോകം കരുതിയത്. എന്നാൽ ലോകത്തെ അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളുടെയും പ്രത്യാശയായി റഷ്യൻ തൊഴിലാളിവർഗ്ഗ ഭരണകൂടം മാറി.**



**നാ**ളിതുവരെ നിലനിന്ന എല്ലാ സമൂഹങ്ങളുടെയും ചരിത്രം വർഗ്ഗസമരങ്ങളുടെ ചരിത്രമാണ് – ഇങ്ങനെയാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആരംഭിക്കുന്നത്. വർഗ്ഗങ്ങൾ ആവിർഭവിച്ചതിന് ശേഷമുള്ള ചരിത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്. മനുഷ്യസമൂഹത്തിന്റെ വികാസം ശാസ്ത്രീയമായും സൂക്ഷ്മമായും പരിശോധിച്ചിട്ടില്ലാത്തവർക്ക് മേൽപ്രസ്താവന സ്വീകാര്യമായിരിക്കണമെന്നില്ല. എന്നാൽ സാമൂഹ്യ വികാസ ചരിത്രത്തിൽ അവസാനം ഉണ്ടായതും പുരോഗമനകരവുമായ വർഗ്ഗം–തൊഴിലാളിവർഗ്ഗം 1871ൽ ഫ്രാൻസിൽ അധികാരം പിടിച്ചെടുത്ത് പാരീസ് കമ്മ്യൂൺ രൂപീകരിച്ചപ്പോൾ നിഷേധിക്കാനാവാത്ത പ്രത്യക്ഷ ഉദാഹരണമായി അത് മാറി. 72 ദിവസത്തെ നിലനില്പിനുശേഷം പാരീസ് കമ്മ്യൂൺ തകർന്നപ്പോൾ കമ്മ്യൂണിസം ഉട്ടോപ്യൻ ആശയം ആണെന്നും ഒരിക്കലും സംഭവിക്കാത്തതാണെന്നും തൊഴിലാളി വർഗ്ഗ വിരോധികൾ ആക്ഷേപിച്ചു. മഹാനായ ലെനിന്റെ നേതൃത്വത്തിൽ റഷ്യയിൽ 1917 നവംബർ 7ന് നടന്ന മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവവും തൊഴിലാളിവർഗ്ഗ ഭരണകൂടത്തിന്റെ സ്ഥാപനവും കമ്മ്യൂണിസ്റ്റ് ആശയം പ്രായോഗികമാണെന്നും മനുഷ്യസമൂഹ വികാസത്തിന്റെ അനിവാര്യതയാണെന്നും ലോകത്തെ ബോദ്ധ്യപ്പെടുത്തി.

1917ലെ റഷ്യൻ വിപ്ലവം യാദൃശ്ചികമായി നടന്ന ഒന്നല്ല. തൊഴിലാളി വർഗ്ഗത്തിന്റെ മഹാനായ നേതാവ് ലെനിന്റെ നേതൃത്വത്തിൽ നടന്ന പ്രത്യയശാസ്ത്രപരവും സംഘടനാപരവും സങ്കീർണ്ണവുമായ ഉജ്ജ്വല സമരങ്ങളുടെ സൃഷ്ടിയായിരുന്നു അത്. മുതലാളിത്തപരമായ വികാസത്തിന്റെ കാര്യത്തിൽ മുന്നിൽ നില്ക്കുന്ന രാജ്യങ്ങളെന്ന നിലയിൽ ഇംഗ്ലണ്ടിലോ ജർമ്മനിയിലോ ആയിരിക്കും ആദ്യം വിപ്ലവം നടക്കുക എന്നാണ് കാൾ മാർക്സ് എത്തിച്ചേർന്ന നിഗമനം. എന്നാൽ 19–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സാമ്രാജ്യത്വ ഘട്ടത്തിലേയ്ക്ക് കടന്ന മുതലാളിത്തം സാർവ്വലൗകിക സ്വഭാവം ആർജ്ജിച്ചെന്നും വ്യത്യസ്ത രാജ്യങ്ങൾ ലോക വ്യാപിയായ സാമ്രാജ്യത്വ ചങ്ങലയിലെ കണ്ണികളാണെന്നും സാമ്രാജ്യത്വ ശൃംഖലയിലെ ദുർബ്ബലമായ കണ്ണി ഏത് രാജ്യമാണോ ആ രാജ്യത്തായിരിക്കും ആദ്യം വിപ്ലവം നടക്കുക എന്നും ലെനിൻ സിദ്ധാന്തിച്ചു. സാർ ചക്രവർത്തിയുടെ ഭരണം അവസാനിപ്പിച്ച് മെൻഷെവിക്കുകൾ കെരൻസ്കിയുടെ നേതൃത്വത്തിൽ ബൂർഷ്വാ ഭരണം സ്ഥാപിച്ചപ്പോൾ സോഷ്യൽ ഡെമോക്രാറ്റുകൾ വാദിച്ചത്, മുതലാളിത്തം അധികാരത്തിലെത്തിയെങ്കിലും ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിന്റെ സാംസ്കാരികവും ജനാധിപത്യപരവുമായ കർത്തവ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ബൂർഷ്വാ സർക്കാരിനെ പിന്തുണയ്ക്കണമെന്നാണ്. സാർ ചക്രവർത്തിയുടെ ഭരണം അവസാനിക്കുകയും മുതലാളിവർഗ്ഗം അധികാരത്തിലേറുകയും ചെയ്തിരിക്കുന്ന എന്ന അർത്ഥത്തിൽ ബൂർഷ്വാ ജനാധിപത്യ വിപ്ലവം പൂർത്തിയായിരിക്കുന്നുവെന്ന് ഏപ്രിൽ തീസിസിലൂടെ ലെനിൻ ചൂണ്ടിക്കാട്ടി. സാമ്രാജ്യത്വപൂർവ്വ കാലഘട്ടത്തിൽ ജനാധിപത്യ വിപ്ലവങ്ങളിലൂടെ മുതലാളിവർഗ്ഗം നിറവേറ്റിയ സാമൂഹ്യ–രാഷ്ട്രീയ ദൗത്യങ്ങൾ പൂർത്തീകരിക്കാൻ സാമ്രാജ്യത്വ ഘട്ടത്തിൽ മുതലാളിവർഗ്ഗത്തിന് കഴിയുകയില്ല. ജനാധിപത്യത്തിന്റെ അവശേഷിക്കുന്ന കർത്തവ്യങ്ങൾ തൊഴിലാളി വർഗ്ഗത്തിന്റെ ഉപകടമകൾ എന്ന നിലയിൽ നിർവ്വഹിക്കപ്പെടണം എന്നും ലെനിൻ അഭിപ്രായപ്പെട്ടു.

ഒരു രാജ്യത്ത് മാത്രമായി സോഷ്യലിസം കെട്ടിപ്പടുക്കുക അസാധ്യമാണെന്നായിരുന്നു കമ്മ്യൂണിസ്റ്റ് വൃത്തങ്ങളിലുണ്ടായിരുന്ന ധാരണ (ട്രോട്സ്കി അതിന്റെ വക്താവായിരുന്നു). എന്നാൽ അന്ന് നിലവിലുണ്ടായിരുന്ന ലോക സാഹചര്യത്തിൽ മുതലാളിത്ത രാജ്യങ്ങളുമായി സമാധാനപരമായ സഹവർത്തിത്വത്തിന്റേതായ നയം അനുവർത്തിച്ചുകൊണ്ട് ഒരു രാജ്യത്ത് മാത്രമായി സോഷ്യലിസം കെട്ടിപ്പടുക്കാൻ സാധിക്കുമെന്ന് ലെനിൻ സിദ്ധാന്തിച്ചു.

പാരീസ് കമ്മ്യൂണിന്റെ തകർച്ചയിൽനിന്നും പാഠം ഉൾക്കൊണ്ട ലെനിൻ സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിൽ തൊഴിലാളി വർഗ്ഗ വിപ്ലവം നയിക്കാൻ പുതിയതരം പാർട്ടി ആവശ്യമാണെന്ന് നിരീക്ഷിക്കുകയും ആ പുതിയതരം പാർട്ടിയുടെ സംഘടനാ തത്വം – ജനാധിപത്യ കേന്ദ്രീയതാതത്വം ആവിഷ്ക്കരിക്കുകയും ചെയ്തു.

മാർക്സിന്റെയും ഏംഗൽസിന്റെയും കാലഘട്ടത്തിനുശേഷം ലോകത്തുണ്ടായ സകല മാറ്റങ്ങളെയും മാർക്സിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ അടിയുറച്ചുനിന്ന് മഹാനായ ലെനിൻ വിശകലനം ചെയ്യുകയും വിശദീകരിക്കുകയും ചെയ്തുകൊണ്ട് റഷ്യൻ ജനതയെ വിപ്ലവത്തിലേയ്ക്ക് നയിച്ചു. ദരിദ്രരും അജ്ഞരും ഭരണപരിചയമോ പാടവമോ ഇല്ലാത്ത റഷ്യൻ തൊഴിലാളിവർഗ്ഗം ഒരു രാജ്യത്തെ നയിക്കാൻ അശക്തരാണെന്നും ഭരണകൂടം വൈകാതെ നിലംപതിക്കുമെന്നുമാണ് മുതലാളിത്ത ലോകം കരുതിയത്. എന്നാൽ




റഷ്യൻ വിപ്ലവത്തിന്റെ 104–ാം വാർഷികം ആചരിച്ചുകൊണ്ട് കോട്ടയത്ത് നടന്ന സമ്മേളനത്തിൽ എസ് യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തുന്നു

ലോകത്തെ അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളുടെയും പ്രത്യാശയായി റഷ്യൻ തൊഴിലാളിവർഗ്ഗ സർക്കാർ മാറി. പ്രായപൂർത്തിയായ മുഴുവൻ ജനങ്ങൾക്കും വോട്ടവകാശം നൽകിക്കൊണ്ട്, തൊഴിലില്ലായ്മ സമ്പൂർണ്ണമായും പരിഹരിച്ചുകൊണ്ട്, ഉന്നതവിദ്യാഭ്യാസവും ചികിത്സയും സാർവ്വത്രികവും സൗജന്യവുമാക്കിക്കൊണ്ട് പുതിയൊരു സാമൂഹ്യക്രമം ലോകത്ത് അവതരിപ്പിക്കപ്പെട്ടു.

മനുഷ്യസ്നേഹികളെ മുഴുവൻ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് 72 വർഷങ്ങൾക്കുശേഷം സോവിയറ്റ് യൂണിയനിലെ തൊഴിലാളിവർഗ്ഗ ഭരണകൂടം തകർന്നുവീണു. ഈ തകർച്ച തികച്ചും അപ്രതീക്ഷിതമായിരുന്നോ? സാമൂഹ്യവികാസ നിയമങ്ങൾക്ക് വിരുദ്ധമായിരുന്നോ? തകരുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്. തകർച്ചയിൽനിന്നും ഉൾക്കൊള്ളേണ്ട പാഠങ്ങൾ എന്തെല്ലാമാണ്. ചരിത്രത്തിലും മനുഷ്യസ്നേഹികളുടെ മനസ്സിലും ഇടംപിടിച്ച മഹത്തായ നവംബർ വിപ്ലവ ദിനം ആചരിക്കുമ്പോൾ ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയാണ് ഏറ്റവും ഉചിതമായിട്ടുള്ളത്.

മനുഷ്യസമൂഹത്തിന്റെവികാസ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള ഏറ്റവും ശാസ്ത്രീയവും പ്രയോഗക്ഷമവുമായ തത്വ ശാസ്ത്രം വൈരുദ്ധ്യാത്മക ഭൗതികവാദമാണ്. മഹാനായ കാൾ മാർക്സ് വൈരുദ്ധ്യാത്മക ഭൗതികവാദത്തെ അടിസ്ഥാനമാക്കി മനുഷ്യ ചരിത്രം വിശകലനം ചെയ്തപ്പോൾ പ്രകൃതിയിലെ പ്രതിഭാസങ്ങൾ പോലെ മനുഷ്യ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളും ചില നിയമങ്ങൾക്ക് വിധേയമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. സമൂഹത്തിന്റെ രൂപത്തെയും സാമൂഹ്യ വ്യവസ്ഥയുടെ സ്വഭാവത്തെയും ഒരു വ്യവസ്ഥയിൽനിന്നും മറ്റൊരു വ്യവസ്ഥയിലേയ്ക്കുള്ള സമൂഹത്തിന്റെ വികാസത്തെയും നിർണ്ണയിക്കുന്ന ഘടകം ഭൂമിശാസ്ത്രപരമായ പരിസ്ഥിതിയോ ജനസംഖ്യയുടെ വളർച്ചയോ അല്ല മറിച്ച് മനുഷ്യൻ നിലനില്പിനുവേണ്ടി നടത്തുന്ന ഉല്പാദനത്തിന്റെ രീതിയാണ്. ഭക്ഷണം, പാർപ്പിടം, വസ്ത്രം, മറ്റു സാമഗ്രികൾ, ഉപകരണങ്ങൾ, ഉല്പാദന സാമഗ്രികൾ മുതലായ, ജീവിതത്തിനും സമൂഹത്തിനും സാമൂഹ്യ വികാസത്തിനും അത്യന്താപേക്ഷിതങ്ങളായ ഭൗതിക പദാർത്ഥങ്ങളുടെ ഉല്പാദന രീതിയാണ്. അഥവാ, മനുഷ്യ വികാസത്തിന്റെ ചരിത്രം എല്ലാത്തിനും ഉപരിയായി ഉല്പാദന വളർച്ചയുടെ ചരിത്രമാണ്. ഉല്പാദന ശക്തികളുടെയും ജനങ്ങളുടെ ഉല്പാദന ബന്ധങ്ങളുടെയും ചരിത്രമാണ്.

മാർക്സ് പറയുന്നു: തങ്ങളുടെ ജീവിതത്തിൽ സാമൂഹ്യ ഉല്പാദനം നടത്തുമ്പോൾ മനുഷ്യൻ, തങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്തതും തങ്ങളുടെ ഇഛാശക്തിക്ക് അതീതവുമായ വ്യക്തമായ ബന്ധങ്ങളിൽ ഏർപ്പെടുന്നു. ആ ഉല്പാദന ബന്ധങ്ങൾ അവരുടെ ഭൗതികമായ ഉല്പാദന ശക്തിയുടെ വളർച്ചയുടെ ഒരു നിശ്ചിത ഘട്ടത്തിന് അനുരൂപമായിരിക്കും. ഈ ഉല്പാദന ബന്ധത്തിന്റെയും ഉല്പാദന ശക്തികളുടെയും ആകെത്തുകയാണ് സമൂഹത്തിന്റെ സാമ്പത്തിക ഘടന. ഇതാണ് യഥാർത്ഥ അടിത്തറ. ഇതിന്മേലാണ് നിയമപരവും രാഷ്ട്രീയവുമായ മേൽപുര ഉയരുന്നത്.

ഉല്പാദന ബന്ധങ്ങൾക്ക് ഒരു നീണ്ട കാലത്തേയ്ക്ക് ഉല്പാദന ശക്തികളുടെ വികാസത്തിന്റെ പിന്നണിയിലോ അതുമായി വൈരുദ്ധ്യാവസ്ഥയിലോ നിൽക്കാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ ഉല്പാദന ശക്തികളുടെ സ്വഭാവത്തിനും സ്ഥിതിക്കും അനുയോജ്യമായ വിധത്തിലും അവയുടെ വികാസത്തിന് എല്ലാ അവസരവും നൽകുന്ന വിധത്തിലും ഉല്പാദന ബന്ധങ്ങൾ ഉണ്ടായാൽ മാത്രമേ ഉല്പാദന ശക്തികൾക്ക് പൂർണ്ണതോതിൽ വികസിക്കാൻ കഴിയൂ. ഉല്പാദന ബന്ധങ്ങൾ ഉല്പാദന ശക്തികളുടെ സ്വഭാവവുമായി ഇണങ്ങാതിരിക്കുകയും അവയുമായി ഏറ്റുമുട്ടുകയും ചെയ്യുന്നതിന് ഉദാഹരണമാണ് മുതലാളിത്ത രാജ്യങ്ങളിലെ സാമ്പത്തിക കുഴപ്പങ്ങൾ.

ചരിത്രത്തിൽ ഉണ്ടായിട്ടുള്ളത് നാല് തരത്തിലുള്ള ഉല്പാദന ബന്ധങ്ങളാണ്. പ്രാകൃത കമ്മ്യൂണിസം, അടിമ സമ്പ്രദായം, നാടുവാഴിത്ത വ്യവസ്ഥ, മുതലാളിത്തം. മുതലാളിത്ത വ്യവസ്ഥയിൽ സമൂഹത്തിന് എല്ലാ കാലവും നിലനില്ക്കാൻ സാധ്യമല്ല. സാമൂഹ്യ നിയമങ്ങൾ അനുസരിച്ച് ആ വ്യവസ്ഥയും മാറിയേ മതിയാകൂ. അങ്ങനെ മുതലാളിത്തം മാറി കമ്മ്യൂണിസം എന്ന വ്യവസ്ഥയിലേക്ക് മാറ്റപ്പെടുന്നതിനിടയിലുള്ള ഒരു അന്തരാളഘട്ടമാണ് സോഷ്യലിസ്റ്റ് വ്യവസ്ഥ. മുതലാളിത്ത വ്യവസ്ഥയിൽ ഉല്പാദന ഉപകരണങ്ങൾ സ്വകാര്യ മുതലാളിമാരുടെ ഉടമസ്ഥതയിൽ ആണെങ്കിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ തൊഴിലാളി വർഗ്ഗത്തിന്റെ അഥവാ പൊതു ഉടമസ്ഥതയിലാണ്. രണ്ടു വ്യവസ്ഥയിലും പ്രധാന സാമൂഹ്യ വൈരുദ്ധ്യം മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലാണ്. മുതലാളിത്ത സാമൂഹ്യഘടനയിൽ മുതലാളിവർഗ്ഗം അധികാരം കൈയാളുകയും ചൂഷണം നടത്തി സ്വകാര്യ സ്വത്തുക്കൾ കുന്നുകൂട്ടുകയും തൊഴിലാളികളെ അടിച്ചമർത്തി ഭരിക്കുകയും ചെയ്യും. എന്നാൽ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ തൊഴിലാളിവർഗ്ഗം മുതലാളിവർഗ്ഗത്തെ അടിച്ചമർത്തി ചൂഷണരഹിത ഭരണം നടത്തും. അതിനാൽ അനുകൂല സാഹചര്യം ഉണ്ടായാൽ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽനിന്നും തിരികെ മുതലാളിത്ത വ്യവസ്ഥയിലേയ്ക്കും തിരിച്ചു മാറാനുള്ള സാധ്യത നിലനില്ക്കുന്നു. എന്നാൽ സാമൂഹ്യ നിയമങ്ങൾ അനുസരിച്ച് മുതലാളിത്തത്തിൽനിന്നും സോഷ്യലിസ്റ്റ് വ്യവസ്ഥയിലേയ്ക്ക് അന്തിമമായി മാറിയ ശേഷം മാത്രമേ കമ്മ്യൂണിസത്തിലേയ്ക്ക്

(ശേഷം 4–ാം പേജിൽ)

# ക്രൂഷ്ചേവിൽ തുടങ്ങിയ തിരുത്തൽവാദം സോഷ്യലിസത്തെ തകർച്ചയിലേക്ക് നയിച്ചു

(3-ാം പേജിൽ നിന്ന്)

സമൂഹത്തിന് വികസിക്കാൻ കഴിയൂ. അതുകൊണ്ടാണ് കമ്മ്യൂണിസ്റ്റുകളെ സംബന്ധിച്ചിടത്തോളം സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ താല്ക്കാലികമായ തകർച്ച ഒരിക്കലും സംഭവിക്കാൻ സാധ്യതയില്ലാത്തതോ സാമൂഹ്യ നിയമങ്ങൾക്ക് വിരുദ്ധമോ അല്ല എന്ന മനസ്സിലാക്കൽ ഉള്ളത്.

സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ നിന്ന് മുതലാളിത്ത വ്യവസ്ഥയിലേയ്ക്ക് സമൂഹം തിരികെ പോകുന്നത് സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ പാലിക്കേണ്ട സാമൂഹ്യ നിയമങ്ങൾ പാലിക്കാതെ വരുമ്പോഴാണ്. അഥവാ അടിസ്ഥാനപരമായ മാർക്സിസ്റ്റ് തത്വങ്ങളിൽനിന്ന് വ്യതിചലിക്കുമ്പോഴാണ്. ഈ വ്യതിചലനത്തെയാണ് തിരുത്തൽവാദമെന്ന് പറയുന്നത്. തൊഴിലാളി വർഗ്ഗത്തിന്റെ മഹാനായ നേതാവ് സ്റ്റാലിന്റെ കാലശേഷം 1956ൽ സിപിഎസ്‌യുവിന്റെ 20-ാം പാർട്ടി കോൺഗ്രസിൽ ക്രൂഷ്ചേവ് അവതരിപ്പിച്ച തിരുത്തൽവാദനയങ്ങളാണ് സോവിയറ്റ് യൂണിയന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും തകർച്ചയ്ക്ക് തുടക്കം കുറിച്ചത്.

ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികരിലൊരാളും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ്, 20-ാം പാർട്ടി കോൺഗ്രസിൽ ക്രൂഷ്ചേവ് കൊണ്ടുവന്ന തിരുത്തൽവാദത്തെ അപ്പോൾതന്നെ തിരിച്ചറിയുകയും അത് തിരുത്തൽവാദത്തിന്റെ മലവെള്ളപ്പാച്ചിലിന് കാരണമാകുമെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. പിന്നീട് മഹാനായ മാവോ സേതുങ് ചൈനയിൽ തിരുത്തൽവാദ വിപത്ത് മുൻകൂട്ടി തടയുന്നതിനായി ബൂർഷ്വാ ഉദാരവാദ ചിന്തകൾക്കും ആശയങ്ങൾക്കും ശീലങ്ങൾക്കുമെതിരെ പാർട്ടി നേതാക്കളെയും അണികളെയും ബഹുജനങ്ങളെയും ഉൾച്ചേർത്തുകൊണ്ട് സാംസ്കാരിക വിപ്ലവമെന്നറിയപ്പെട്ട അതിഗംഭീരമായ പ്രത്യയശാസ്ത്ര-രാഷ്ട്രീയ-സാംസ്കാരിക സമരം 1966-67 കാലഘട്ടത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

ക്രൂഷ്ചേവ് ആവിഷ്കരിച്ച തിരുത്തൽവാദത്തിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു: ചൂഷക വർഗ്ഗത്തെ സോവിയറ്റ് യൂണിയനിൽ ഇല്ലാതാക്കിയതിനാൽ സോവിയറ്റ് ഭരണകൂടം തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൽനിന്നും മുഴുവൻ ജനങ്ങളുടെയും ഭരണകൂടമായി മാറി. സിപിഎസ്‌യു മൊത്തം ജനങ്ങളുടെയും പാർട്ടിയായി മാറി. ബൂർഷ്വാസിയുടെ പ്രഹരശേഷി നഷ്ടപ്പെട്ടതിനാൽ ഏതൊരു രാജ്യത്തും പാർലമെന്റിനെ ജനേച്ഛയുടെ ഉപകരണമാക്കി മാറ്റിക്കൊണ്ട് വിപ്ലവം സാധ്യമാക്കാം.

ഭരണകൂടം എന്നത് ഒരു വർഗ്ഗം മറ്റു വർഗ്ഗങ്ങളെ അടിച്ചമർത്തി ഭരിക്കുന്നതിനുള്ള ഉപകരണമാണ്. സോഷ്യലിസത്തിൽ അധികാരം നഷ്ടപ്പെട്ട ബൂർഷ്വാസി അത് തിരിച്ചുപിടിക്കുന്നതിനായി തീവ്രശ്രമം നടത്തും. സാമ്പത്തിക അടിത്തറയിൽ മാറ്റമുണ്ടായാലും ഉപരിഘടനയിൽ മുതലാളിത്ത പ്രവണതകളും ശീലങ്ങളും അഭിരുചികളുമൊക്കെ നിലനിൽക്കും. തീക്ഷ്ണമായ പ്രത്യയശാസ്ത്ര സമരത്തിലൂടെയേ അത് ഇല്ലാതാക്കാൻ കഴിയൂ. അതിനാൽ വർഗ്ഗസമരം പലമടങ്ങ് രൂക്ഷമായി തുടരും. വർഗ്ഗസമരം തുടരുവോളം ഭരണകൂടവും നിലനിൽക്കും. വർഗ്ഗരഹിത സമൂഹത്തിലേ അത് അപ്രത്യക്ഷമാകൂ. ഒരു വർഗ്ഗ വിഭജിത സമൂഹത്തിൽ വിഭിന്ന രാഷ്ട്രീയ കക്ഷികൾ വിവിധ വർഗ്ഗങ്ങളുടെയും വിഭാഗങ്ങളുടെയും അഭിലാഷങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. തൊഴിലാളിവർഗ്ഗ ഭരണകൂടത്തെ മുഴുവൻ ജനങ്ങളുടെയും ഭരണകൂടമായും കമ്മ്യൂണിസ്റ്റ് പാർട്ടിയെ മുഴുവൻ ജനങ്ങളുടെയും പാർട്ടിയായും കരുതിയാൽ ഈ തീക്ഷ്ണമായ വർഗ്ഗസമരം ഒഴിവാക്കപ്പെടുകയും മുതലാളിത്ത പ്രവണതകൾ കരുത്താർജ്ജിച്ച് മുതലാളിത്ത പുനഃസ്ഥാപനത്തിന് കളമൊരുക്കപ്പെടുകയും ചെയ്യും. ബൂർഷ്വാസിയുടെ പ്രഹരശേഷി നഷ്ടപ്പെട്ടു എന്ന തിരുത്തൽവാദികളുടെ വിലയിരുത്തലും അടിസ്ഥാനരഹിതമാണ്. ഈ വിലയിരുത്തൽവഴി സാർവ്വദേശീയ തലത്തിലും ഓരോ രാജ്യത്തും തൊഴിലാളിവർഗ്ഗം നിരായുധമാക്കപ്പെടുകയും വർഗ്ഗസമരം പിന്നോട്ടടിക്കപ്പെടുകയും പ്രതിലോമത്വം ആധിപത്യം സ്ഥാപിക്കുകയുംചെയ്യും.

ക്രൂഷ്ചേവിന്റെ തിരുത്തൽവാദം സോഷ്യലിസത്തിന് കനത്ത തിരിച്ചടിയായി. സോവിയറ്റ് യൂണിയനിൽ തിരുത്തൽവാദി നേതൃത്വം എവ്വിധവും ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു. കേന്ദ്രീകൃതമായ സോഷ്യലിസ്റ്റ് ഉല്പാദന വ്യവസ്ഥയിൽ വികേന്ദ്രീകരണം ഏർപ്പെടുത്തി. കൂടുതൽ ഉല്പാദിപ്പിക്കാനും ഉല്പന്നങ്ങൾ കമ്പോളത്തിൽ വിറ്റഴിക്കാനും കർഷകരെ പ്രോത്സാഹിപ്പിച്ചു. അതിനുവേണ്ടി സ്വകാര്യ ഉടമസ്ഥതയിൻമേലുള്ള നിയന്ത്രണം നീക്കംചെയ്യുകയും കളക്ടീവ് ഫാം കർഷകർക്ക് കൃഷി ഭൂമിയും കോഴി വളർത്തൽ സ്ഥലങ്ങളുംമറ്റും അവരുടെ സ്വകാര്യ സ്വത്ത് എന്ന നിലയിൽ സ്വന്തമാക്കുവാൻ അനുവാദം നൽകുകയും ചെയ്തു. ഉല്പാദനം വർദ്ധിപ്പിക്കാൻ ഭൗതികമായ ഉത്തേജനങ്ങൾ നൽകി. ഒരു കേന്ദ്ര നിയന്ത്രണത്തിന്റെയും ആസൂത്രണത്തിന്റെയും അഭാവത്തിൽ വികേന്ദ്രീകരണ നയവും ഉദാരവൽക്കരണവും ഭൗതിക ഉത്തേജനവും ഉല്പാദനത്തിൽ അരാജകത്വവും, ഡിമാന്റിലും സപ്ലൈയിലുമുള്ള അസന്തുലിതാവസ്ഥയും ക്ഷണിച്ചുവരുത്തി. സമ്പദ്‌വ്യവസ്ഥയിൽ കമ്പോള നിയമങ്ങൾക്ക് വലിയ പ്രോത്സാഹനം നൽകുകയും ചെയ്തു. പൊതുനന്മക്കുവേണ്ടി ഉല്പാദിപ്പിക്കുന്നതിനുപകരം വ്യക്തിപരമായ നേട്ടത്തിനുവേണ്ടി ഉല്പാദനം എന്ന മനോഭാവം ഉണ്ടായി. ഇത് സാമ്പത്തിക-സാംസ്കാരിക മേഖലകളുടെ മാത്രമല്ല സകല മേഖലകളുടെയും തളർച്ചക്ക് കാരണമായി.

**സോവിയറ്റ് യൂണിയന്റെയും മറ്റ് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയും തകർച്ചയിൽ ആഹ്ലാദിക്കുന്നവർ ഉറക്കെ ചിന്തിക്കണം; അവ തകർന്നതോടെ ലോകം എന്തു നേടി?. സാമ്രാജ്യത്വ ശക്തികൾക്ക് അവരുടെ താല്പര്യാർത്ഥം എവിടെയും കയറി ഇടപെടാനും ഇടങ്കോലിടാനുമുള്ള ലോക സാഹചര്യം സംജാതമായി. ആഗോളവല്ക്കരണത്തിലൂടെ കുത്തകകൾ ഭീമാകാരം പൂണ്ടു. തൊഴിലാളികളുടെയും പണിയെടുക്കുന്നവന്റെയും അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നു.**

ക്രൂഷ്ചേവിന്റെ തിരുത്തൽവാദ നയങ്ങളും നടപടികളും സോവിയറ്റ് സമ്പദ്‌വ്യവസ്ഥയിലും സമൂഹത്തിലും ഉണ്ടാക്കിയ തളർച്ചയെ ചൂണ്ടിക്കാട്ടി അവ പരിഹരിക്കുന്നതിനായി ഗോർബച്ചേവ് കൊണ്ടുവന്ന പെരിസ്ട്രോയിക്ക യഥാർത്ഥത്തിൽ പ്രതിവിപ്ലവത്തിന്റെ ബ്ലൂപ്രിന്റായിരുന്നു. തൊഴിലാളി വർഗ്ഗ രാഷ്ട്രീയ അധികാരത്തിന്റെ ഉപകരണമായ സുപ്രീം സോവിയറ്റ് ഉൾപ്പെടെയുള്ള സോവിയറ്റുകളെ ഒതുക്കിക്കൊണ്ടും തുരങ്കം വെച്ചുകൊണ്ടും പകരം ജനകീയ ഡെപ്യൂട്ടികളുടെ കോൺഗ്രസ് എന്ന ബൂർഷ്വാ മാതൃകയിലുള്ള സംവിധാനത്തെ ഗോർബച്ചേവ് സൃഷ്ടിച്ചു. ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വപരമായ പങ്കിന് അന്ത്യം കുറിച്ചു. സ്വകാര്യ സ്വത്തിനും അതിന്റെ പിന്തുടർച്ചാവകാശത്തിനും ഉല്പാദനോപാധികളുടെമേൽ സ്വകാര്യ ഉടമസ്ഥതയ്ക്കുമുള്ള അവകാശം ആവിഷ്കരിച്ചു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള - ഭൂമിയിലെ സ്വകാര്യ സ്വത്ത് ഇല്ലാതാക്കുകയും ഭൂമിയിൽനിന്നും പാട്ടമായി കിട്ടുന്ന വരുമാനമെല്ലാം പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യുക, എല്ലാ പിന്തുടർച്ചാവകാശങ്ങളും റദ്ദാക്കുക, ഗതാഗതത്തിന്റെയും വാർത്താവിനിമയത്തിന്റെയും ഉപാധികൾ സ്റ്റേറ്റിന്റെ കൈയിൽ കേന്ദ്രീകരിക്കുക തുടങ്ങിയ അടിസ്ഥാനപരമായ വിഷയങ്ങളിലാണ് തിരുത്തൽ കൊണ്ടുവന്നത്. അങ്ങനെ സോവിയറ്റ് യൂണിയനിൽ മുതലാളിത്ത പുനഃസ്ഥാപനത്തിന്റെ പ്രക്രിയ പൂർത്തിയാക്കി.

സോവിയറ്റ് യൂണിയന്റെ തകർച്ചക്ക് പ്രധാന കാരണം ആ രാജ്യത്ത് ഉണ്ടായ തിരുത്തൽവാദമാണെങ്കിലും മറ്റൊന്നു കൂടിയുണ്ട്; പുറമേനിന്നുള്ള മുതലാളിത്ത രാജ്യങ്ങളുടെ ഇടപെടൽ. സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും നേരിട്ടും അല്ലാതെയും സാമ്രാജ്യത്വ ശക്തികൾ നിരവധി ആശയ- സാംസ്കാരിക ഇടപെടലുകൾ നടത്തിയതിന്റെയും കോഴ കൊടുത്തും വാഗ്ദാനങ്ങൾ നൽകിയും പ്രതിവിപ്ലവ ശക്തികളെ വളർത്തി അട്ടിമറികൾ സംഘടിപ്പിച്ചതിന്റെയും വ്യക്തമായ ധാരാളം തെളിവുകളും ഉദാഹരണങ്ങളും ഇന്ന് ലഭ്യമാണ്. അവരുടെ പ്രധാന ആശയങ്ങളിൽ ഒന്ന് രാഷ്ട്രീയ ബഹുലത -ഒന്നിലധികം രാഷ്ട്രീയ പാർട്ടികൾ രൂപീകരിച്ച് ഇഷ്ടപ്പെട്ട ഭരണകൂടത്തെ തെരഞ്ഞെടുക്കുവാനുള്ള അവകാശമാണ്.

മുതലാളിത്തത്തിന്റെ ദ്വികക്ഷി അല്ലെങ്കിൽ ബഹുകക്ഷി സമ്പ്രദായം, വോട്ട് ചെയ്യാനുള്ള അവകാശം മുന്നിൽവെച്ചുകൊണ്ടുള്ള കബളിപ്പിക്കൽ മാത്രമാണ്. ഭരണകൂടത്തിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പിന്തുണയോടെയും പണത്തിന്റെയും മാധ്യമങ്ങളുടെയും പിന്തുണയോടെയും എങ്ങനെയാണ് മനുഷ്യബോധത്തെ അന്ധമാക്കിയോ, കബളിപ്പിച്ചോ, സ്വാധീനിച്ചോ തെരഞ്ഞെടുപ്പുകൾ കൊണ്ടാടപ്പെടുന്നതെന്ന ഇന്ന് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ഉല്പാദന മേഖലയിലെ മത്സരം ഗുണമേന്മയുള്ളതും മെച്ചപ്പെട്ടതുമായ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കാരണമാകുമെന്നും വില കുറയുമെന്നും അതുകൊണ്ടാണ് പാശ്ചാത്യ ലോകം ആഡംബരത്തിലും സന്തുഷ്ടിയിലും കഴിയുന്നതെന്നുമാണ് രണ്ടാമത്തെ പ്രചരണം. നിയന്ത്രണങ്ങൾ ഇല്ലാത്ത ഇത്തരം മത്സരങ്ങളുടെ ഫലമായി കുത്തക മുതലാളിമാർ ഉദയം ചെയ്യുകയും പരമാവധി ചൂഷണം നടക്കുകയും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കൂടി വരുകയും ചെയ്യുന്നു.

സോവിയറ്റ് യൂണിയന്റെയും മറ്റ് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയും തകർച്ചയിൽ ആഹ്ലാദിക്കുന്നവർ ഉറക്കെ ചിന്തിക്കണം; അവ തകർന്നതോടെ ലോകം എന്തു നേടി. സാമ്രാജ്യത്വ ശക്തികൾക്ക് അവരുടെ താല്പര്യാർത്ഥം എവിടെയും കയറി ഇടപെടാനും ഇടങ്കോലിടാനുമുള്ള ലോക സാഹചര്യം സംജാതമായി.ആഗോളവല്ക്കരണത്തിലൂടെ കുത്തകകൾ ഭീമാകാരം പൂണ്ടു. തൊഴിലാളികളുടെയും പണിയെടുക്കുന്നവന്റെയും അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നു. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, ഗ്രീസ് തുടങ്ങി വൻ മുതലാളിത്ത രാജ്യങ്ങളിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും പെരുകി. ജീവിക്കാൻ മാർഗ്ഗമില്ലാതെ തെരുവിലിറങ്ങിയ ലക്ഷക്കണക്കിന് ആളുകളെ അടിച്ചമർത്തുന്നു. മത- ജാതി - വർണ്ണ സ്പർദ്ധകൾ വർദ്ധിച്ചു. മതതീവ്രവാദം, പലായനങ്ങൾ, വെടിവെപ്പുകൾ, അക്രമങ്ങൾ വ്യാപകമാകുന്നു. മയക്കുമരുന്നും വ്യഭിചാരവും വർദ്ധിച്ചു. മനുഷ്യൻ ആർജ്ജിച്ച മാനുഷിക മൂല്യങ്ങളും നാഗരികതയും തകരുന്നു. മനുഷ്യന്റെ ദുഃഖങ്ങളെ അകറ്റാൻ സോഷ്യലിസം അല്ലാതെ മറ്റെന്താണ് ലോകത്തിന് പകരം വെക്കാനുള്ളത്.

നവംബർ വിപ്ലവ ദിനം ആചരിക്കുമ്പോൾ, സോഷ്യലിസ്റ്റ് നാടുകളുടെ തകർച്ചയിൽനിന്നും എന്തു പാഠമാണ് നമ്മൾ ഉൾക്കൊള്ളേണ്ടത്. തൊഴിലാളിവർഗ്ഗ വിപ്ലവങ്ങൾ സംഘടിപ്പിച്ച് അധികാരം പിടിച്ചെടുക്കുക എന്നത് ബോധപൂർവ്വമുള്ള വളരെ ശ്രമകരമായ പ്രക്രിയയാണ്. തൊഴിലാളി വർഗ്ഗ ഭരണകൂടാധികാരവും സോഷ്യലിസ്റ്റ് വ്യവസ്ഥയും നിലനിർത്തുക അതിനേക്കാൾ ശ്രമകരമാണ്. ബോധപൂർവ്വമായ പ്രവർത്തനം ആവശ്യമുള്ളതുമാണ്. തിരുത്തൽവാദത്തിൽനിന്നും മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെ സംരക്ഷിച്ചുനിർത്തുക എന്നതാണ് അതിൽ ഏറ്റവും പ്രധാനം. അതിന് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളുടെയും അണികളുടെയും ബഹുജനങ്ങളുടെയും പ്രത്യയശാസ്ത്ര- സാംസ്കാരിക-ധാർമ്മിക-നൈതിക-ബോധ നിലവാരം വളരെ ഉയരേണ്ടതുണ്ട്.

ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികരിലൊരാളായ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയ വസ്തുത ഇവിടെ വളരെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞു: കമ്മ്യൂണിസ്റ്റ് ധാർമ്മിക മൂല്യങ്ങളെ സംബന്ധിച്ച് ഉള്ള ധാരണകൾ-സോഷ്യലിസ്റ്റ് സമൂഹത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തിനും വിമോചനത്തിനുംവേണ്ടി നടത്തേണ്ട സമരത്തിന്റെ പ്രകൃതവും പ്രക്രിയയും, തൊഴിലാളി വർഗ്ഗ വിപ്ലവ പാർട്ടിയുടെ സംഘടനാതത്വമായ ജനാധിപത്യ കേന്ദ്രീയത, സാമൂഹ്യ നേതൃത്വം തുടങ്ങിയ വിഷയങ്ങളിലെല്ലാം ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നിലനിന്നിരുന്ന ധാരണ-അപര്യാപ്തമായിരുന്നു. ഈ പോരായ്മകൾ പരിഹരിച്ചുകൊണ്ട് അദ്ദേഹം മാർക്സിസത്തെ വികസിപ്പിച്ചു. തൊഴിലാളി വർഗ്ഗതാല്പര്യത്തിന് വ്യക്തിതാല്പര്യം അടിയറ വെക്കുകയല്ല വേണ്ടത് മറിച്ച് വ്യക്തിതാല്പര്യം സാമൂഹ്യ താല്പര്യവുമായി-തൊഴിലാളിവർഗ്ഗതാല്പര്യവുമായി താദാത്മ്യപ്പെടുത്തുകയാണ്-രണ്ടുംഒന്നാക്കി മാറ്റുകയാണ് വേണ്ടത് എന്ന് അദ്ദേഹം പഠിപ്പിച്ചു. ഉൾപാർട്ടി സമരം നയിക്കുന്നതിലും വിമർശനവും സ്വയം വിമർശനവും നട

(ശേഷം 5-ാം പേജിൽ)

# മലയാളത്തിന്റെ അക്ഷരമാല കവർന്നെടുത്തത് ഡിപിഇപി; പരവതാനി വിരിച്ചത് എൽഡിഎഫ് സർക്കാർ

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള അക്ഷരമാല പഠിപ്പിക്കുന്നില്ലായെന്ന് നമ്മുടെ ഭാഷാ സ്നേഹികൾ തിരിച്ചറിയുകയും മാതൃഭൂമി പത്രം അതിന്മേൽ ഒരു പരമ്പര പ്രസിദ്ധീകരിക്കുകയും ചെയ്തു. നവംബർ ഒന്നു മുതൽ ഒരാഴ്ച നീണ്ട ക്യാമ്പയിന് ശേഷം പൊതുവിദ്യാഭ്യാസ മന്ത്രി അക്ഷരമാല പഠിപ്പിക്കാൻ നടപടിഎടുക്കാമെന്നും അക്ഷര പഠനം എങ്ങനെ നഷ്ടപ്പെട്ടുവെന്ന് പരിശോധിക്കുമെന്നും നാടകീയമായി പ്രഖ്യാപിക്കുകയും ചെയ്തു.

1996ൽ അന്നത്തെ ഇടതുമുന്നണി സർക്കാർ വിവാദമായ ലോകബാങ്ക് പദ്ധതി–ഡിപിഇപി– ഏകപക്ഷീയമായി നടപ്പാക്കിയതിനെതുടർന്ന് കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പുതിയ പാഠ്യപദ്ധതിപ്രകാരം അക്ഷരമാല പഠിപ്പിക്കുന്നത് അവസാനിപ്പിച്ചിരുന്നു എന്ന കാര്യം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തും ചിന്താമണ്ഡലത്തിലുമുള്ള ഏതാണ്ട് മുഴുവൻ പേർക്കും അറിയാം.

അക്ഷരമാല പഠിപ്പിക്കുന്നത് നിർത്തലാക്കുക മാത്രമല്ല ആ നയം ചെയ്തത്. ഗുണനപട്ടിക പഠിപ്പിക്കുന്നതും സങ്കലനം ചെയ്യുന്നതും അക്കങ്ങൾ പഠിപ്പിക്കുന്നതുമെല്ലാം നിരോധിച്ചു കളഞ്ഞു. അക്ഷരാർത്ഥത്തിൽ, എഴുത്തും വായനയും നിരോധിക്കുന്ന ഒരു വിധ്വംസക നയമായിരുന്നു അത്. ആ ശിശുവിദ്രോഹ നയത്തിനെതിരെ അന്നുമുതൽതന്നെ പ്രതിഷേധ പ്രവാഹങ്ങൾ വളർത്തിയെടുത്ത ഒരേയൊരു ഇടതുപക്ഷ പാർട്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മാത്രമായിരുന്നു. മറ്റൊരു പാർട്ടിയും രംഗത്ത് ഉണ്ടായിരുന്നില്ല.

ഡിപിഇപിയുടെ പുതിയ വികലമായ പാഠ്യപദ്ധതി നടപ്പാക്കിയതിനുശേഷം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന നല്ലൊരു വിഭാഗം വിദ്യാർത്ഥികൾക്ക് മലയാളം നേരാംവണ്ണം എഴുതാനും വായിക്കാനും അറിയില്ലയെന്ന സ്ഥിതി വന്നു. അതിനുമുമ്പ് തന്നെ, ഡിപിഇപി ആരംഭിക്കാൻ അന്നത്തെ സർക്കാർ തീരുമാനം എടുത്തപ്പോൾ തന്നെ വിദ്യാർത്ഥി സംഘടനയായ എഐഡിഎസ്ഒയാണ് ആദ്യമായി കേരള സമൂഹത്തിലെ ബൗദ്ധിക പ്രതിഭകളെ അതിനെതിരായി രംഗത്തിറക്കുന്നത്. തുടർന്ന്, ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെയും ഡോ.എൻ.എ.കരീമിന്റെയും മറ്റും നേതൃത്വത്തിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയും തെരുവിലിറങ്ങി. കുട്ടികളെ അക്ഷരം പഠിപ്പിക്കാത്ത പുതിയ പാഠ്യപദ്ധതി അറബിക്കടലിൽ ഒഴുക്കണമെന്ന് കൃഷ്ണയ്യർ ആഹ്വാനം ചെയ്തു. സെക്രട്ടേറിയറ്റ് നടയിൽ ആയിരങ്ങൾ അണിനിരന്നു. ജനകീയ പ്രതിരോധ സമിതിയുടെ അന്നത്തെ ജനറൽ സെക്രട്ടറിയും എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇപ്പോഴത്തെ സംസ്ഥാന സെക്രട്ടറിയുമായ ഡോക്ടർ വി.വേണുഗോപാലാണ് ഡിപിഇപി വിരുദ്ധ പ്രക്ഷോഭത്തിന്റെ, ആ ബൗദ്ധിക പോരാട്ടത്തിന്റെ സംഘാടനത്തിന്റെ ചുക്കാൻ പിടിച്ചത്.







ഡിപിഇപി സമ്പൂർണമായും പിൻവലിക്കുവാനാവശ്യപ്പെട്ടുകൊണ്ട് ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ 2001 ഫെബ്രുവരി 1ന് നടന്ന രണ്ടാമത് സെക്രട്ടേറിയറ്റ് മാർച്ച് നയിച്ചുകൊണ്ട് ജസ്റ്റിസ് വി.ആർ.കൃഷ്ണഅയ്യർ. ഡോ.എൻ.എ.കരീം, കെ.പാന്ഥർ, പവനൻ, ഡോ.ഡി.സുരേന്ദ്രനാഥ്, അഡ്വ.മഞ്ചേരി സുന്ദർ രാജ്, അഡ്വ.പി.എ.പൗരൻ, ഫാദർ എബ്രഹാം ജോസഫ്, ഡോ.സി.കെ.രാജൻ, ഡോ.വി.വേണുഗോപാൽ തുടങ്ങിയവർ മുൻനിരയിൽ

ഇപ്പോൾ, അക്ഷരമാല പാഠപുസ്തകത്തിൽ ചേർക്കാം എന്ന് വിദ്യാഭ്യാസ മന്ത്രി ഭംഗിവാക്ക് പറയുമ്പോൾ സത്യം എത്ര ഭീകരമായിട്ടാണ് വീണ്ടും മറച്ചുവെക്കപ്പെടുന്നതെന്ന് പറയാതെ വയ്യ. എന്തുകൊണ്ടാണ് ഈ മാറ്റം കേരളത്തിൽ ആരംഭിക്കുന്നത് എന്നു കൂടി പരിശോധിക്കാതെ തിരുത്തൽ സാധ്യമാവില്ലല്ലോ.അക്ഷരം പഠിക്കാതെതന്നെ ആശയം വായിക്കാൻ കഴിയുമെന്ന നൂതന മാന്ത്രിക സിദ്ധാന്തവുമായി വന്ന ഡിപിഇപി പാഠ്യപദ്ധതി നടപ്പാക്കാൻ ആരംഭിച്ചത് മുതലാണ് അക്ഷരപഠനം ഫലത്തിൽ നിരോധിക്കപ്പെട്ടതെന്നമറച്ചുവെച്ചുകൊണ്ട് പരിഹാരം സാധ്യമാവില്ല.

അക്ഷരമാല എഴുതിപഠിച്ച് വാക്കിലേയ്ക്കും വാക്യങ്ങളിലേയ്ക്കും പോകുന്ന പഠനസമ്പ്രദായം എടുത്തു കളഞ്ഞതോടെ, കേരളവർമ്മ വലിയകോയിതമ്പുരാൻ സമ്മാനിച്ച കേരളപാഠാവലി അപ്രത്യക്ഷമായി. പകരം അക്ഷരമാലയെ നിരാകരിച്ച കിങ്ങിണി, പൂത്തിരി, മിന്നാമിന്നി തുടങ്ങിയ വിലക്ഷണ കൃതികൾ 1996ൽ പാഠപുസ്തകങ്ങളായി വന്നു. തദനുസൃതം, പുതിയ ബോധനവും അധ്യാപക സഹായിയും പുറകെ വന്നു.

യാതൊരു അടിസ്ഥാനവുമില്ലെങ്കിലും ആധികാരികമെന്നോണം അവർ പറഞ്ഞു "കുട്ടി വായിക്കുന്നത് വരിയിലെ ആശയത്തെയാണ്. കേവലം അക്ഷരങ്ങളെയോ പദങ്ങളെയോ അല്ല. വായന മിക്കവാറും പ്രവചനമാണ്. പദങ്ങളിലോ വാക്കുകളിലോ അടങ്ങിയ ആശയം ഇന്നതായിരിക്കുമെന്ന് ഊഹിച്ചുകൊണ്ടാണ് കുട്ടി വായിക്കുന്നത്. (അധ്യാപകസഹായി, പേജ് 24, കിങ്ങിണി,1996).

കുട്ടികൾ സ്വന്തമായി ലേഖന നിയമം നിർമ്മിക്കുമത്രെ! എത്ര വിചിത്രമായ ഒരു സ്വയംപഠന സിദ്ധാന്തമായിരുന്നു അതെന്ന് മലയാള ഭാഷാ സ്നേഹികൾ തിരിച്ചറിയാൻവൈകിപ്പോയി.പുതിയ പാഠ്യപദ്ധതി പ്രവൃത്തിപഥത്തിൽ കാൽ നൂറ്റാണ്ട് പിന്നിടുമ്പോഴും ആരും ഒരു ലേഖനനിയമവും ഉണ്ടാക്കിയില്ലെന്ന് മാത്രമല്ല മലയാള ഭാഷ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും അറിയാത്ത, ഭാഷാടിസ്ഥാനം തീരെ നഷ്ടപ്പെട്ട, തലമുറകളെ സൃഷ്ടിക്കുന്നതാണ് കാണുന്നത്. സ്വാഭാവികമായും അക്ഷരജ്ഞാന സമ്പാദന പ്രതിസന്ധി മാത്രമായി അത് അവസാനിച്ചില്ല. അടിത്തറ നഷ്ടമായതോടെ വായന, എഴുത്ത്, വ്യാകരണ പഠനം, തെറ്റ് തിരുത്തൽ, കോപ്പി എഴുത്ത്, കേട്ടെഴുത്ത്, പദ്യം ചൊല്ലൽ, മന:പാഠമാക്കൽ, ഗദ്യം വായിക്കൽ, ഓർമ്മ ശക്തി പരീക്ഷിക്കൽ തുടങ്ങിയ ഭാഷാ പഠനത്തിന്റെ എല്ലാ അക്കാദമിക അടിസ്ഥാന ഉപാധികളും ക്രമേണ ക്ലാസ്സ്മുറികളിൽനിന്ന് അപ്രത്യക്ഷമാകാൻ തുടങ്ങി.

എത്ര വലിയ വൈരാഗ്യ ബുദ്ധിയോടെയാണ് പാഠ്യപദ്ധതി പരിഷ്കർത്താക്കൾ അന്ന് ഭാഷാ ബോധന സമ്പ്രദായങ്ങളെ അട്ടിമറിച്ചതെന്ന് ഓർക്കേണ്ടതുണ്ട്. ലോകബാങ്ക് നൽകിയ ഭീമമായ ഫണ്ടിന്റെ പ്രലോഭനീയത ആ പരിഷ്കാരങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചവർക്ക് ശരവേഗം പകർന്നു കൊടുത്തു. അതുകൊണ്ടാണ് 1997ൽ, അന്നത്തെ സംസ്ഥാന സർക്കാർപ്രീപ്രൈമറിയിൽ അക്ഷരം പഠിപ്പിക്കുന്നത് തടവും പിഴയും വരുന്ന കുറ്റകൃത്യമായി വിധിച്ച ആദ്യകാല ശിശു സംരക്ഷണ ബില്ല് നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയെടുത്തത്. കുട്ടി ഏഴാം വയസ്സിലേക്ക് കടക്കുന്നതിനുമുമ്പ് ഒരു വിധത്തിലുമുള്ള അക്ഷര പഠനവും പാടില്ലായെന്നതായിരുന്നു ഉത്തരവ്.

അപ്പോൾ, ശിശുവിന്റെ മസ്തിഷ്കവളർച്ചയുടെ സുപ്രധാന ഘട്ടത്തിൽ ഭാഷാശേഷി നല്കരുതെന്ന നിർബന്ധബുദ്ധി ആരുടേതായിരുന്നു? തീർച്ചയായും മലയാളത്തിലെ തലയെടുപ്പുള്ള വിദ്യാഭ്യാസവിദഗ്ദ്ധർആരുംതന്നെഅത്തരമൊരു വിനാശ പരിഷ്കാരത്തെ പിന്തുണച്ചില്ലായെന്നത് പ്രത്യേകം എടുത്തു പറയുക തന്നെ വേണം. പുതിയ നയത്തെ അതിനിശിതം വിമർശിച്ച,അന്തരിച്ച ഡോ.എൻ.എ. കരിം ഒരിക്കൽ പറഞ്ഞത്ലോകബാങ്കിന്റെഡോളർ കിലുക്കത്തിൽ കണ്ണ് മഞ്ഞളിച്ചു പോയവരാണ് പുതിയ പരിഷ്കാരങ്ങൾക്ക് പിന്നിൽ എന്നാണ്. കുട്ടികൾ കത്തെഴുതും, കവിതയെഴുതും, റൈമുകൾ രചിക്കും, മുദ്രാവാക്യം രചിക്കും, നോട്ടീസ് എഴുതും എന്നൊക്കെ ഡിപിഇപി പൈതലുകളെക്കുറിച്ച് നമ്മെ വിശ്വസിപ്പിക്കാൻ പാഠ്യപദ്ധതി വക്താക്കൾ നിരന്തരം ശ്രമിച്ചിരുന്നു.

അക്ഷരജ്ഞാനമില്ലാതെയും കവിത രചിക്കാൻ കഴിയുന്ന 'സർഗാത്മക പ്രവർത്തനങ്ങളുടെ 'മാഹാത്മ്യത്തെ പാടിപ്പുകഴ്ത്താൻ മലയാളത്തിലെ ചില പണ്ഡിതർ ഉത്സുകരായിരുന്നു. മാതൃഭൂമി പത്രത്തിൽ ഒന്നുമറിയാത്തവരെപ്പോലെ ലേഖനം എഴുതിയ ഭാഷാസ്നേഹികളിൽ ചിലർ അന്ന് ഈ പരിഷകാരങ്ങളെ അന്ധമായി അനുകൂലിച്ചിരുന്നു. ആക്കാലത്തു തന്നെ അവർ ഏറെ വിമർശിക്കപ്പെടുകയും ചെയ്തിരുന്നു. പുതിയ പാഠ്യപദ്ധതി പ്രകാരം കവിത വെറും റൈമിംഗ് അതല്ലെങ്കിൽ കേവലം പാരഡിയെഴുത്താണെന്നാണ് കുട്ടികൾ പഠിച്ചത്. യഥാർത്ഥ രചനയെ അവഹേളിക്കുകയും ഭാഷയെ വികലമാക്കുകയുമാണ് അവർ ചെയ്തത്. അതിലൂടെ, ഉന്നത വിദ്യാഭ്യാസത്തിലേയ്ക്ക് കടന്ന വിദ്യാർത്ഥികളുടെ സ്ഥിതി കൂടുതൽ പരിതാപകരമായിത്തീർന്നുവെന്ന് പറയേണ്ടതില്ല.

മേൽപ്പറഞ്ഞ നയങ്ങളുടെ തുടർച്ചയെന്നോണം കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന പുതിയ ഘടനാ പരിഷ്ക്കാരങ്ങളാകട്ടെ എഴുത്തും വായനയും തള്ളിക്കളഞ്ഞ ഡിപിഇപിയുടെ ബോധനാശയങ്ങൾ ആവാഹിച്ചതുമാണ്.5+3+3+4എന്ന ഘടന കൂടി വന്നാൽ ആദ്യത്തെ അഞ്ചു വർഷം നേരത്തെ പറഞ്ഞ പ്രീ പ്രൈമറിയിയായി രിക്കും. അഥവാ ഒന്നും രണ്ടും ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.കൃത്യമായി പറഞ്ഞാൽ അനൗപചാരികമായ പ്രീ പ്രൈമറിയുടെ ഭാഗമായിരിക്കും നമ്മുടെ ഒന്നാം ക്ലാസ്സിന്റെയും രണ്ടാം ക്ലാസ്സിന്റെയും സ്ഥാനം. അതായത്, എട്ടു വയസ്സു വരെ എഴുത്തും വായനയും പഠിക്കാൻ കഴിയില്ലായെന്നർത്ഥം. എന്നു മാത്രവുമല്ല പുതിയ എൻഇപി അനുസരിച്ച് മാതൃഭാഷ പഠിപ്പിക്കാൻ ഭാഷാ വിദ്ഗദ്ധരായ അധ്യാപകർ ആവശ്യമില്ലായെന്ന നയവുംവന്നിരിക്കുന്നു.അപ്പോൾ, വരാനിരിക്കുന്നത് ഡിപിഇപി പാഠ്യ പദ്ധതിയുടെ തുടർച്ചയായ വലിയ വെല്ലുവിളികളാണ്. നടപ്പാക്കിയതിന് ശേഷം വിലപിക്കുന്നതിന് പകരം, അതിനുമുമ്പ് വിലപ്പെട്ട സമയം പാഴാക്കാതെ കുട്ടികൾക്ക് അടിത്തറ നൽകും വിധം കാലം തെളിയിച്ച അടിസ്ഥാന ബോധന സമ്പ്രദായങ്ങളിലേക്ക് എത്രയും വേഗം മടങ്ങാനുള്ള തീരുമാനം എടുക്കുകയല്ലേ വേണ്ടത്.

കേരളത്തിന്റെ വിദ്യാഭ്യാസ വ്യവസ്ഥയെ ഇന്ന് ഈ കാണുന്ന ദുരവസ്ഥയിൽ എത്തിച്ചതിന് പിന്നിൽ പ്രവർത്തിച്ച ലോകബാങ്ക് നയത്തെ സ്പർശിക്കാതെയാണ് മാധ്യമങ്ങൾ പ്രശ്നം ചർച്ച ചെയ്തത്. നേർദിശയിൽ കുട്ടികളെപഠിപ്പിക്കാൻകഴിയണമെങ്കിൽ പുതിയ പാഠ്യ പദ്ധതി ഉപേക്ഷിക്കാനുള്ള രാഷ്ട്രീയതീരുമാനം സർക്കാർ കൈക്കൊള്ളണം. അങ്ങനെയല്ലാതെ ശരിയായ ഭാഷാപഠന നയം രൂപപ്പെടുത്താനാ വില്ല.

അടിസ്ഥാന വിദ്യാഭ്യാസം പുന:സ്ഥാപിക്കാൻ ഇപ്പോൾ നിലവിലുള്ള വിദ്യാഭ്യാസവിരുദ്ധ പദ്ധതികൾ പിൻവലിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഡിപിഇപിക്കും സർവ്വ ശിക്ഷാ അഭിയാനും തുടർച്ചയായിവന്ന ആർഎംഎസ്എയും ഉന്നത വിദ്യാഭ്യാസ രംഗത്തുവന്ന റൂസ(RUSA )പദ്ധതിയുമെല്ലാം അക്ഷരമാല കവർന്നെടുത്ത കൊള്ളസംഘ പദ്ധതികളുടെ തുടർച്ചയാണെന്ന് ഭാഷാ സ്നേഹികൾ ഇനിയെങ്കിലും തിരിച്ചറിയുന്നില്ലെങ്കിൽ ഉയർത്തിയ വിലാപങ്ങൾ അർത്ഥശൂന്യമായിത്തീരുമെന്ന് വിനയ പൂർവ്വം ഓർമ്മിപ്പിക്കട്ടെ. ■

* * *

(4-ാം പേജിൽ നിന്ന്)

ത്തുന്നതിലും നേതാക്കന്മാരും കേഡർമാരും തമ്മിൽ ശരിയായ ദ്വന്ദ്വാത്മക ബന്ധം പരിപാലിക്കുന്നതിലുമെല്ലാം പുലർത്തേണ്ട കമ്മ്യൂണിസ്റ്റ് പെരുമാറ്റത്തെ സംബന്ധിക്കുന്ന തത്വങ്ങൾ അദ്ദേഹം ആവിഷ്കരിച്ചു. ഈ ആശയങ്ങൾ പഠിക്കുകയും സമരത്തിലൂടെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്ന കമ്യൂണിസ്റ്റുകൾക്ക് മാത്രമേ തിരുത്തൽവാദത്തിൽനിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയെയും സമൂഹത്തെയും രക്ഷിക്കാനാവൂ. ■

# പെട്രോളിയം ഉത്പന്നങ്ങൾക്ക് ലോകത്ത് ഏറ്റവുമധികം നികുതി ചുമത്തുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ

(1–ാം പേജിൽ നിന്ന്)

ള്ളിൽ നടന്ന തെരഞ്ഞെടുപ്പുകളിലെ ഫലവും ഇന്ധനവിലവർദ്ധനവിനെതിരെ വിവിധ സംസ്ഥാനങ്ങളിൽ ബിജെപിക്ക് നേരെയുയർന്നിരിക്കുന്ന അതിശക്തമായ ജനരോഷവും കോടതികളുടെ ഇടപെടലുകളും ഒക്കെ പങ്കുവഹിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് 18സംസ്ഥാനങ്ങളും ചില കേന്ദ്രഭരണ പ്രദേശങ്ങളും സംസ്ഥാന നികുതിയിൽ ചെറിയ ഇളവുകൾ പ്രഖ്യാപിച്ചു. എന്നാൽ കേരളത്തിലെ ഇടതുപക്ഷമെന്ന് സ്വയം അവകാശപ്പെടുന്ന സർക്കാർ യാതൊരു നികുതിയിളവും നൽകില്ലെന്ന നിലപാടും പ്രഖ്യാപിച്ചു. 2014ൽ മോദി സർക്കാർ അധികാരത്തിലേറുമ്പോൾ പെട്രോളിന് 9.48 രൂപയും ഡീസലിന് 3.56 രൂപയുമായിരുന്നു കേന്ദ്ര നികുതി. ഇത് 12 തവണയായി യഥാക്രമം 32.90 രൂപയും 31.80 രൂപയുമായി വർദ്ധിപ്പിച്ചു. അതായത് പെട്രോളിന്റെ നികുതിയിൽ 247 ശതമാനവും ഡീസലിന്റെ നികുതിയിൽ 723.5 ശതമാനവുമാണ് വർദ്ധനവുണ്ടായിരിക്കുന്നത് അതിൽനിന്നുമാണ് ഇപ്പോൾ പെട്രോളിന് 5 രൂപയും ഡീസലിന് 10 രൂപയും കുറച്ചിരിക്കുന്നത്.

നവംബർ 8ന് ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിന്റെ കൊച്ചിയിലെ വില 909 രൂപയായി. 2014ൽ സബ്സിഡി നിരക്കിൽ ഒരു സിലിണ്ടറിന്റെ വില 414 രൂപയായിരുന്നു. യുപിഎ സർക്കാർ ബാങ്ക് അക്കൗണ്ടുമായി എൽപിജി കണക്ഷൻ ലിങ്ക് ചെയ്യാൻ ശ്രമിച്ചപ്പോൾ സബ്സിഡി നിർത്തലാക്കാനുള്ള ശ്രമമാണെന്ന് പറഞ്ഞ് അതിനെതിരെ വലിയ കോലാഹലങ്ങൾ നടത്തിയ ബിജെപി അധികാരത്തിലേറിയതോടെ എൽപിജി സബ്സിഡി സമ്പൂർണ്ണമായും എടുത്തുകളഞ്ഞിരിക്കുന്നു. ദരിദ്ര പിന്നോക്ക വിഭാഗങ്ങൾക്ക് സൗജന്യ ഗ്യാസ് കണക്ഷൻ നൽകുന്നുവെന്ന വൻപ്രചാരണത്തോടെ കൊണ്ടുവന്ന ഉജ്ജ്വൽ യോജന വെറും വാചക കസർത്തുമാത്രമായിരുന്നു. ഗ്രാമങ്ങളിലെ ദരിദ്രവീട്ടമ്മമാരുടെ കണ്ണീരൊപ്പുന്ന ബോർഡുകൾ രാജ്യം മുഴുവൻ മോദിയുടെ ചിത്രത്തോടൊപ്പം തെരഞ്ഞെടുപ്പ് ലാക്കാക്കി ഇറക്കിയതായിരുന്നു. പിന്നീട് ഗ്യാസിന്റെ വില ഭീകരമായി വർദ്ധിപ്പിച്ചതോടെ ഗ്രാമീണ സ്ത്രീകൾ സിലിണ്ടറും സ്റ്റൗവുമൊക്കെ ആക്രിക്കച്ചവടക്കാർക്ക് വിറ്റ് അരിമേടിക്കുന്നതിന്റെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. സത്യത്തിൽ അതും ഉപഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിച്ച് സർക്കാരിന്റെ നികുതി വർദ്ധനവും കമ്പനികൾക്ക് ഭീമമായ ലാഭവും നേടിയെടുക്കാനുള്ള യോജന മാത്രമായിരുന്നു. 42 ശതമാനം ഉജ്ജ്വൽ ഉപഭോക്താക്കളും പാചകവാതക ഉപയോഗം നിർത്തിയെന്ന് ഒരു എൻജിഒ സംഘടനയുടെ പഠനം വെളിപ്പെടുത്തുന്നു.

മണ്ണെണ്ണയുടെ വില അടുത്ത കാലത്തുണ്ടായ 8രൂപ വർദ്ധനവോടെ ലിറ്ററിന് 72രൂപയായി മാറി. സബ്സിഡിയുള്ള മണ്ണെണ്ണയുടെ വിതരണമാകട്ടെ ഏറെക്കുറെ നിർത്തിയമട്ടാണ്.

കുത്തക പ്രീണനനയം മൂലം ഇന്ത്യയിലെ പൊതുമേഖലാ എണ്ണ പര്യവേഷണ കമ്പനിയായ ഒഎൻജിസിയുടെ പ്രവർത്തനങ്ങൾ മുൻ കേന്ദ്ര സർക്കാരുകൾ മരവിപ്പിച്ചിരുന്നു. അതിനുശേഷം ഇന്ത്യയുടെ എണ്ണഖനികളെല്ലാം കുത്തകമുതലാളിമാർക്ക് പതിച്ചുനൽകി. അവിടെ നിന്നവർ കുഴിച്ചെടുക്കുന്ന പെട്രോളിയംപോലും വിദേശകമ്പനികളുടെപേരിൽ ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ വിലയീടാക്കി വൻലാഭമടിക്കുകയും തിരിമറി ചെയ്യുകയുമാണെന്നതാണ് വസ്തുത.

പൊതുവെ, ഇന്ത്യയ്ക്കാവശ്യമായ പെട്രോളിയത്തിന്റെ 80 ശതമാനവും വിദേശമാർക്കറ്റിനെ ആശ്രയിച്ചിരിക്കുന്നുവെന്നതുകൊണ്ട് സ്ഥിരമായ വിലവ്യത്യാസം അനിവാര്യമായി വന്നതിനാൽ 1974ൽ എസ്.കെ.ശാന്തിലാൽ ഷാ കമ്മിറ്റിയെ ഈ വിഷയം പഠിക്കാൻ കേന്ദ്രസർക്കാർ നിയോഗിച്ചു. അന്തർദേശീയ കമ്പോളത്തിൽ എണ്ണവില വർദ്ധിക്കുമ്പോൾ വില എങ്ങനെ പിടിച്ചു നിർത്താനാകും എന്നതായിരുന്നു പഠനദൗത്യം.ഓയിൽപൂൾഅക്കൗണ്ട് എന്ന നിർദ്ദേശം ഷാകമ്മീഷൻ അവതരിപ്പിക്കുകയും 1977ൽ കേന്ദ്ര സർക്കാർ അത് നടപ്പാക്കുകയും ചെയ്തു. അന്തർദേശീയ മാർക്കറ്റിൽ പെട്രോളിന് വിലയേറുമ്പോഴും കുറയുമ്പോഴും ഓയിൽ പൂൾ അക്കൗണ്ടിൽനിന്ന് പണം പിൻവലിച്ചോ, നിക്ഷേപിച്ചോ വില സ്ഥിരപ്പെടുത്തി നിർത്താനുള്ള സംവിധാനമായി അത് പ്രവർത്തിച്ചിരുന്നു. ഇന്ധന വില വർദ്ധനവ് ആവശ്യമായി വരുമ്പോൾ പാർലമെന്റിൽ ചർച്ച ചെയ്താണ് തീരുമാനമെടുത്തിരുന്നത്. ആ സംവിധാനത്തെ തകർത്തത് കോൺഗ്രസ് ഭരണമാണ്. ഓയിൽ പൂൾ അക്കൗണ്ടിലെ പണം തിരിമറി നടത്തിയും അതിന്മേൽ ബോണ്ട് സംവിധാനമേർപ്പെടുത്തിയും അതിന്റെ പ്രവർത്തനം തകരാറിലാക്കി. 1998-ൽ വാജ്പേയി സർക്കാർ ഓയിൽ പൂൾ അക്കൗണ്ട് നിർത്തലാക്കിക്കൊണ്ട് വില നിയന്ത്രണ സംവിധാനത്തെ നാമാവശേഷമാക്കി. വില നിർണയാവകാശം കമ്പനികളെ ഏൽപ്പിക്കാൻ നീക്കം തുടങ്ങിയത് കോൺഗ്രസ് ആയിരുന്നെങ്കിലും പൂർത്തിയാക്കിയത് ബിജെപിയാണ്.

അസംസ്കൃത എണ്ണയുടെ വില കുറയുമ്പോഴും ഇന്ത്യയിൽ എണ്ണ വില കുറയാത്തത് കേന്ദ്ര സർക്കാർ നിരന്തരമായി നികുതി ഉയർത്തുന്നതുകൊണ്ടാണ്. 2004 മുതൽ 2014 വരെ കോൺഗ്രസ്സ് നയിച്ചയുപിഎസർക്കാർ 6തവണ എക്സൈസ് നികുതി വർദ്ധിപ്പിച്ചു. അതായത് 3 ഇരട്ടിയിലധികം വർദ്ധന. 2012ൽ അസംസ്കൃത എണ്ണയ്ക്ക് അന്തർദേശീയ വിപണിയിൽ ബാരലിന് 150 ഡോളർവരെ വിലയായി. അന്ന് രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും വില ശരാശരി 73 രൂപയും 70 രൂപയുമായിരുന്നു. എന്നാൽ പിന്നീട് ബാരലിന് 30 ഡോളറിന് താഴെ വിലവന്നിട്ടുംപോലും ആനുപാതികമായ വിലക്കുറവ് ജനങ്ങൾക്ക് നൽകിയില്ല.




ഇന്ധനവിലവർദ്ധനവിനെതിരെ ചങ്ങനാശ്ശേരിയിൽ നടന്ന ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച്

പെട്രോളിയം ഉൽപ്പന്നങ്ങളുടെമേൽ ചുമത്തുന്ന നികുതിവരുമാനത്തിന്റെ ഭൂരിഭാഗവും സംസ്ഥാനങ്ങൾക്ക് വീതംവച്ചുനൽകുന്നതാണെന്നാണ് ബിജെപി പ്രചരിപ്പിക്കുന്നത്. എന്നാൽ എക്സൈസ് ഡ്യൂട്ടിയുടെ 41 ശതമാനം മാത്രമാണ് തരുന്നതെന്നും സ്പെഷ്യൽ, അഡീഷണൽ, എക്സൈസ് ഡ്യൂട്ടികളിലൂടെ കേന്ദ്രം കരസ്ഥമാക്കുന്ന ഭീമമായ നികുതിയിൽനിന്നും ഒന്നും തങ്ങൾക്ക് നൽകുന്നില്ലെന്നുമാണ് സംസ്ഥാന സർക്കാർ വക്താക്കൾ പറയുന്നത്. എങ്ങനെയായാലും ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കഴിഞ്ഞ 5മാസക്കാലത്തെ മാത്രം പെട്രോൾ ഡീസൽവില വർദ്ധനവിലൂടെ സംസ്ഥാനത്തിന് 201 കോടി രൂപയുടെ അധികവരുമാനം ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഒരു ലിറ്റർ പെട്രോളിന്റെ ലാൻഡിംഗ് പ്രൈസിനുമേൽ 30.08 ശതമാനവും ഡീസലിനുമേൽ 22.76 ശതമാനവും നികുതി ഈടാക്കുന്നു. കൂടാതെ കിഫ്ബി ധനശേഖരണാർത്ഥം ലിറ്ററിന് ഒരു രൂപ അധികവിൽപ്പന നികുതിയും നികുതിയുടെയും അധികവിൽപ്പന നികുതിയുടെയും ഒരു ശതമാനം സാമൂഹിക സുരക്ഷാ നികുതിയും സംസ്ഥാന സർക്കാർ പിരിക്കുന്നു. എന്നാലും മംഗലാപുരത്തെ തലപ്പാടിയിലും തമിഴ്നാട്ടിലെ ചാവടിയിലും കേരളത്തെക്കാൾ 8 മുതൽ 10 രൂപ വരെ വിലയിൽ കുറവുണ്ടെന്ന വസ്തുത സംസ്ഥാന സർക്കാർ കണ്ടതായി നടിക്കുന്നില്ല.

പെട്രോളിയം ഉൽപ്പന്നങ്ങളുടെവിലവർദ്ധനവ് കേവലംവാഹന ഉടമകളെ മാത്രം ബാധിക്കുന്നതല്ല. മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലവർദ്ധനവ് മത്സ്യത്തൊഴിലാളികളെയും ഇടത്തരം- ചെറുകിട-കുടിൽ വ്യവസായ തൊഴിലുകളിലേർപ്പെടുന്നവരെയും ചെറുകിട കച്ചവടക്കാരെയും ബസ്, ടാക്സി, ഓട്ടോറിക്ഷ തൊഴിലെടുക്കുന്നവരെയും ഗുരുതരമായി ബാധിച്ചുതുടങ്ങിയിരിക്കുന്നു. ഇരുചക്ര വാഹന യാത്രക്കാരുടെ വരുമാനത്തിൽ വലിയ തുക ഈ ഇനത്തിൽ ചെലവഴിക്കേണ്ടിവരുന്നു. പൊതുയാത്രാ സംവിധാനം വളരെ ചെലവേറിയതായി മാറിയതോടെ സാധാരണക്കാരുടെ കീശ വലിയ തോതിൽ ചോർന്നുതുടങ്ങിയിരിക്കുന്നു. നിസ്സാരമായ പ്രതിഫലത്തിന് തൊഴിലെടുക്കേണ്ടിവരുന്ന അസംഘടിത തൊഴിലാളികൾ, വിദ്യാർത്ഥികൾ വീട്ടമ്മമാർ തുടങ്ങിയവരെല്ലാം ആശ്രയിച്ചിരുന്ന പൊതുയാത്രാവാഹനങ്ങൾ നിരത്തുകളിൽനിന്ന് അപ്രത്യക്ഷമായി തുടങ്ങി. ഇത് പാവപ്പെട്ടവരുടെ ജീവിതത്തെപ്രതിസന്ധിയിലാക്കുന്നു.

കേരളം പോലെയുള്ള ഉപഭോക്തൃസംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം നിത്യോപയോഗ വസ്തുക്കളുടെയുംമറ്റും ചരക്കുനീക്കത്തിൽ വന്ന നിരക്ക് വർദ്ധന വിലക്കയറ്റം രൂക്ഷമാക്കുകയാണ്. കാർഷികോൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുകയെന്നത് എളുപ്പമല്ലതന്നെ. വളത്തിന്റെയും മൃഗപരിപാലനത്തിനാവശ്യമായ തീറ്റയുടെയുമെല്ലാം വിലവർദ്ധനവു കൂടിയായപ്പോൾ കാർഷിക വൃത്തിയും അതിന്റെ ഭാഗമായ കാലി-കോഴി വളർത്തലുകളുമെല്ലാം വലിയ പ്രതിസന്ധിയിലാണ്. ഇതെല്ലാം കാണിക്കുന്നത് രാജ്യത്തിന്റെ നട്ടെല്ലായ ഊർജ്ജമേഖലയെ മുതലാളിത്ത നുകത്തിൽ നിന്നും മോചിപ്പിക്കേണ്ടതിന്റെ അടിയന്തരാവശ്യകതയാണ്.

അന്തർദ്ദേശീയ വിപണിയിലെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവും മറ്റ് അന്തർദേശീയ രാഷ്ട്രീയ സാഹചര്യങ്ങളിലുള്ള മാറ്റവുമൊന്നുമല്ല ഇന്ത്യയിലെ ഇന്ധനവിലവർദ്ധനവിന് മുഖ്യമായ കാരണമാകുന്നതെന്ന സത്യം ജനങ്ങൾക്കും ബോധ്യപ്പെട്ടുതുടങ്ങിയിരിക്കുന്നു. ബിജെപിയെപോലെതന്നെ ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയ പ്രസ്ഥാനമായ കോൺഗ്രസ്സും മറ്റ് സിപിഐ(എം) അടക്കമുള്ള പെറ്റിബൂർഷ്വാ, ബൂർഷ്വാ, പ്രാദേശിക പാർലമെന്ററി പാർട്ടികളും ഈ പകൽകൊള്ളയെ എതിർക്കുന്നില്ലെന്നുമാത്രമല്ല, ഇതിന്റെ ആനുകൂല്യങ്ങൾ പറ്റാനുള്ള മത്സരത്തിൽ ഒരുമിച്ചിരിക്കുകയുമാണ്. സ്വഭാവികമായും പ്രതിപക്ഷപാർട്ടികളുടെ കടമ നിർവ്വഹിക്കുന്നതിൽനിന്നും ഇവർ സൂത്രത്തിൽ പിൻമാറിയിരിക്കുന്നു. ബിജെപിയുടെ നിഷ്ഠുരമായ മുതലാളിത്ത അനുകൂല സാമ്പത്തിക നയങ്ങൾ ജനങ്ങളെ കൊള്ളയടിക്കുന്നതും വൻമുതലാളിമാർക്ക് അതിന്റെ ചെലവിൽ ആനുകൂല്യങ്ങളും ചൂഷണത്തിനുള്ള മറയില്ലാത്ത അവസരങ്ങളും നൽകുന്നതുമായിരിക്കെ അതിനെല്ലാം ഓത്താശ ചെയ്യുന്ന നിലപാടാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്.

പൊതുമേഖലാ എണ്ണക്കമ്പനികളെയെല്ലാം ഈ നയത്തിന്റെ അടിസ്ഥാനത്തിൽ പരിവർത്തനപ്പെടുത്തി അവയെ കോർപ്പറേറ്റുകൾക്ക് കൈമാറാനുള്ള നീക്കവും ഇതിനോടുകൂട്ടിവേണം വായിക്കാൻ. തൊഴിലില്ലായ്മ രൂക്ഷമാകുന്ന സാഹചര്യത്തിൽ സ്ഥിരവരുമാനമുള്ള തൊഴിൽസാധ്യതകൂടി ഈ നയംവഴി ഇല്ലാതാകുന്നത് ഗുരുതര പ്രത്യാഘാതമുണ്ടാക്കും.

ജനങ്ങൾ ആണ് ശരിയായ പ്രതിപക്ഷം. ഭരണത്തിലേറുന്നവരെല്ലാം മുതലാളിത്ത വ്യവസ്ഥയോടും ഭരണവർഗ്ഗത്തോടും ഒട്ടിനിൽക്കാനാണ് ശ്രമിക്കുന്നത്. അനുഷ്ഠാനംപോലെ നടത്തുന്ന ചില്ലറ സമരപരിപാടികൾക്കപ്പുറം കർഷക സമരംപോലെ നീണ്ടുനിൽക്കുന്നതും ലക്ഷ്യംനേടും വരെ പൊരുതാനുറച്ചതുമായ പ്രക്ഷോഭങ്ങളുടെ രാഷ്ട്രീയം ബഹുജനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. അത്തരമൊരു ജനാധിപത്യ-ബഹുജന സമരത്തിന്റെ മാർഗ്ഗം മാത്രമാണ് ഈ ചൂഷണത്തിൽ നിന്നും അതിന്റെ പ്രത്യാഘാതങ്ങളിൽനിന്നും ജനങ്ങൾക്ക് മോചനം നേടാനുള്ള ഒരേയൊരു വഴിയെന്ന് എന്നാണോ തിരിച്ചറിയുക അന്നുമാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുകയുള്ളൂ. ■

# തൊഴിലില്ലായ്മയ്ക്കെതിരെ രാജ്യവ്യാപകമായ യുവജനപോരാട്ടം അനിവാര്യം

**ആ**ൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗ്ഗനൈസേഷന്റെ (എഐഡിവൈഒ) മൂന്നാമത് അഖിലേന്ത്യാ സമ്മേളനം 2021 ഡിസംബർ 11, 12 തീയതികളിൽ ജാർഖണ്ഡിലെ ഘട്സിലയിൽ നടക്കുകയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി, രാജ്യത്തുടനീളം യുവജനങ്ങളുടെ അവകാശങ്ങളെ മുൻനിർത്തിയുള്ള ശക്തമായ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുവാൻ എഐഡിവൈഒയ്ക്ക് സാധിച്ചിട്ടുണ്ട്. അതിരൂക്ഷമായ തൊഴിലില്ലായ്മയ്ക്കെതിരെ രാജ്യവ്യാപകമായ പ്രചാരണപ്രവർത്തനങ്ങളോടെ സംഘടിപ്പിച്ച പാർലമെന്റ് മാർച്ചിൽ പതിനായിരക്കണക്കിന് യുവാക്കൾ അണിനിരക്കുകയുണ്ടായി. ബംഗാൾ, കർണാടക, മധ്യപ്രദേശ്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലും ശക്തമായ യുവജന പ്രക്ഷോഭമാണ് എഐഡിവൈഒയുടെ മുൻകൈയിൽ നടക്കുന്നത്. മധ്യപ്രദേശിൽ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് എഐഡിവൈഒയുടെ നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭത്തിനുനേരെ, ബി.ജെ.പി സർക്കാർ അതിക്രൂരമായി ലാത്തിച്ചാർജ്ജ് നടത്തുകയും നേതാക്കന്മാരെ ജയിലിലടയ്ക്കുകയും ചെയ്തു. എന്നാൽ, എല്ലാ പ്രതികൂലാവസ്ഥകളെയും നേരിട്ടുകൊണ്ട് സമരം മുന്നോട്ടുപോകുകയും വിജയം വരിക്കുകയും ചെയ്തു. കേരളത്തിലും പിഎസ്‌സി ഉദ്യോഗാർത്ഥികളുടെ പ്രക്ഷോഭത്തിൽ സംഘടന നിർണായകമായ പങ്ക് വഹിച്ചുവരുന്നു.

2014 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ ബിജെപിയുടെ പ്രധാന തെരഞ്ഞെടുപ്പ് വാഗ്ദാനം, അധികാരത്തിലെത്തിയാൽ പ്രതിവർഷം 2കോടി പുതിയ തൊഴിലുകൾ സൃഷ്ടിക്കുമെന്നായിരുന്നു. എന്നാൽ, പുതിയ തൊഴിലുകളൊന്നും സൃഷ്ടിച്ചില്ല എന്നുമാത്രമല്ല, നിലവിലുണ്ടായിരുന്ന തൊഴിലുകൾപോലും ഇല്ലാതാക്കുന്ന നയനടപടികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ബിജെപി സർക്കാരിന്റെ കാലയളവിലെ മാത്രമൊരു പ്രശ്നമല്ലിതെന്ന് സൂക്ഷ്മമായി കാര്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്തും ഇടത് പിന്തുണയോടെ വി.പി.സിംഗിന്റെ നേതൃത്വത്തിൽ നാഷണൽ ഫ്രണ്ട് അധികാരത്തിലിരുന്ന കാലഘട്ടത്തിലും തൊഴിലില്ലായ്മ സമൂഹത്തിലെ ഏറ്റവും പൊള്ളുന്ന പ്രശ്നമായിരുന്നു. ഒരു സാമൂഹ്യ വ്യവസ്ഥ എന്ന നിലയിൽ മുതലാളിത്തം മൃതാവസ്ഥയിൽ എത്തിയിരിക്കുന്നു എന്നതാണ് തൊഴിലില്ലായ്മ അടക്കമുള്ള സാമൂഹ്യ പ്രശ്നങ്ങൾ ഇത്രമേൽ ഗുരുതരമാകുവാൻ കാരണം.

കമ്പോളച്ചുരുക്കം നിമിത്തം മുതലാളിത്ത വ്യവസ്ഥ അപരിഹാര്യമായ പ്രതിസന്ധിയിൽ എത്തിയിരിക്കുന്നു. ആയുസ്സ് നീട്ടിയെടുക്കുന്നതിനുവേണ്ടി, വ്യവസ്ഥിതിയുടെ നടത്തിപ്പുകാരായ കോർപ്പറേറ്റുകൾ, എല്ലാ മേഖലകളെയും വിഴുങ്ങിക്കൊണ്ടിരിക്കുന്നു. പൊതുമേഖലകളും കാർഷികരംഗവും ചെറുകിട വ്യാപാര-വ്യവസായ മേഖലകളും ആരോഗ്യ, വിദ്യാഭ്യാസ മേഖലകളുമൊക്കെ കോർപ്പറേറ്റുകൾ കൈയടക്കിക്കൊണ്ടിരിക്കുന്നു. അംബാനി, അദാനി തുടങ്ങിയ ചെറുന്യൂനപക്ഷം കുത്തകകൾക്കുവേണ്ടി ജനദ്രോഹകരമായ നയങ്ങൾ നടപ്പാക്കുകയാണ് വിവിധ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ.

ഓരോ മണിക്കൂറിലും ഒരു തൊഴിൽരഹിതൻ ആത്മഹത്യ ചെയ്യുന്നു എന്ന ഞെട്ടിക്കുന്ന കണക്ക് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഈ അടുത്ത കാലത്ത് പുറത്തുവിടുകയുണ്ടായി. കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ടതിനുശേഷം 2020ൽ മാത്രം 13 കോടി ആളുകൾക്കാണ് തൊഴിൽ നഷ്ടമായത്. പ്രതിവർഷം 2കോടി പുതിയ തൊഴിൽ സൃഷ്ടിക്കുമെന്ന കേന്ദ്ര ബിജെപി സർക്കാരിന്റെ വാഗ്ദാനം തികഞ്ഞ വഞ്ചനയാണെന്ന് യുവസമൂഹം തിരിച്ചറിഞ്ഞു കഴിഞ്ഞു. പുതിയ തൊഴിലുകൾ സൃഷ്ടിച്ചില്ല എന്നു മാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിച്ചു കൊണ്ട് നിലവിലുണ്ടായിരുന്ന തൊഴിലുകൾ കൂടി ഇല്ലാതാക്കുകയാണ് നരേന്ദ്ര മോദി സർക്കാർ ചെയ്യുന്നത്. കേന്ദ്ര സർക്കാർ സർവ്വീസിൽ 8 ലക്ഷം ഒഴിവുകളാണ് നിയമനം നടത്താതെ ഒഴിച്ചിട്ടിരിക്കുന്നത്. റെയിൽവേ ഉൾപ്പെടെയുള്ള രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദായക സ്ഥാപനങ്ങളിൽ കരാർ സമ്പ്രദായവും താത്കാലിക നിയമനവുമാണ് ഇപ്പോഴുള്ളത്. റെയിൽവേയിൽ ലക്ഷക്കണക്കിന് ഒഴിവുകളുണ്ടായിട്ടും കടുത്ത നിയമന നിരോധനമാണ് നിലനിൽക്കുന്നത്. റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ വന്നവരുടെ നിയമന പ്രതീക്ഷകളുടെ കടയ്ക്കൽ കത്തിവെച്ചുകൊണ്ട്, പതിനഞ്ച് ശതമാനം തസ്തികകൾ വെട്ടിക്കുറയ്ക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു കഴിഞ്ഞു. ഇന്ത്യൻ റെയിൽവേയെ സ്വകാര്യവത്കരിക്കുന്നതിന് മുൻപ് പരമാവധി ജീവനക്കാരെ വെട്ടിക്കുറയ്ക്കുവാനുള്ള നടപടിയുടെ ഭാഗമാണിത്. റെയിൽവേയിൽ മാത്രമല്ല, രാജ്യത്തെ സർക്കാർ ഡിപ്പാർട്ട്മെന്റുകളിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലുമെല്ലാം നിയമന നിരോധനമാണ് നിലനിൽക്കുന്നത്. സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കണോമി(CMIE) റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച്, ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസം ലഭിച്ച യുവാക്കളുടെയിടയിൽ തൊഴിലില്ലായ്മ നിരക്ക് 55.75 ശതമാനമാണ്.

കേരളത്തിലും തൊഴിലില്ലായ്മ പ്രശ്നം ഗുരുതര സ്വഭാവത്തിൽ എത്തിയിരിക്കുന്നു. പബ്ലിക് സർവീസ് കമ്മീഷന്റെ നിയമനം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളാണ് കേരളത്തിലുള്ളത്. എന്നാൽ, ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിലൂടെ യുവാക്കളുടെ തൊഴിൽ പ്രതീക്ഷകളാണ് വാടിക്കരിയുന്നത്.




ഒക്ടോബർ 31ന് കോട്ടയത്തുനടന്ന ജില്ലാ സമ്മേളനത്തിൽ എഐഡിവൈഒ ജില്ലാപ്രസിഡന്റ് സഖാവ് രജിത ജയറാം പ്രസംഗിക്കുന്നു

ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ഉദ്യോഗസ്ഥന്മാരുടെ മാത്രം പ്രശ്നമായാണ് സർക്കാർ അവതരിപ്പിക്കുന്നത്. എന്നാൽ, സ്ഥിരനിയമനം അവസാനിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായിവേണം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തെ കാണേണ്ടത്. അല്ലെങ്കിൽ എന്തുകൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കുനേരെ സർക്കാർ നടപടി കൈക്കൊള്ളാത്തത്. സർക്കാരിന്റെ നിർദ്ദേശപ്രകാരം തന്നെയാണ് ഉദ്യോഗസ്ഥർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത്. പൊതുജനാരോഗ്യ വകുപ്പിൽ ആയിരക്കണക്കിന് ആരോഗ്യപ്രവർത്തകരെ ആവശ്യമുണ്ടെങ്കിലും നാമമാത്രമായ സ്ഥിരനിയമനങ്ങൾ മാത്രമാണ് നടക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഡിപ്പാർട്ട്മെന്റുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സമാനമായ സ്ഥിതിയാണുള്ളത്. നിയമനം ആവശ്യപ്പെട്ട് 90ദിവസം സിപിഒ റാങ്ക് ഹോൾഡേഴ്സ് സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തുന്ന സന്ദർഭത്തിൽപോലും പിൻവാതിൽ നിയമനങ്ങൾ നിർബാധം നടത്തുകയും സ്വന്തക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്തത് കേരള സമൂഹത്തെ വെല്ലുവിളിച്ചുകൊണ്ടാണ്. യുവാക്കൾ സർക്കാർ ജോലിയിൽ ആകൃഷ്ടരാകുന്നത് മാന്യമായ വേതനവും തൊഴിൽ സുരക്ഷിതത്വവും ഉള്ളതുകൊണ്ടാണ്. സ്വകാര്യ മേഖലയിലും ന്യായമായ വേതനവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പാക്കുവാനുള്ള നടപടികളാണ് ഒരു ജനകീയ സർക്കാർ സ്വീകരിക്കേണ്ടത്. എന്നാൽ, സർക്കാർ സർവ്വീസിൽതന്നെ, തുച്ഛമായ വേതനം കൊടുക്കുന്ന, യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ലാത്ത താൽക്കാലിക തൊഴിൽ സമ്പ്രദായമാണ് പ്രോത്സാഹിപ്പിക്കപ്പെടുന്നത്. സ്വകാര്യ മേഖലയിലാവട്ടെ, വളരെ തുച്ഛമായ കൂലിക്ക് യുവാക്കൾ ജോലി ചെയ്യേണ്ട ഗതികെട്ട അവസ്ഥയാണുള്ളത്. നഴ്സിംഗ്, അൺ എയ്ഡഡ് സ്കൂൾ മേഖലകളിലൊക്കെ നിലനിൽക്കുന്ന ചൂഷണം ഒരു പരിഷ്കൃത സമൂഹത്തിന് ഒരിക്കലും അംഗീകരിയ്ക്കാനാവാത്തതാണ്. സൊമാറ്റോ, സ്വിഗ്ഗി തുടങ്ങിയ ഫുഡ് ഡെലിവറി സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർ, തങ്ങളുടെ യുവത്വം തുച്ഛമായ വേതനത്തിന് വിൽക്കുവാൻ നിർബന്ധിതരായിരിക്കുന്നു. സർക്കാരാകട്ടെ, സ്വകാര്യ മൂലധനശക്തികൾക്ക് യുവജനങ്ങളെ നിർബാധം ചൂഷണം ചെയ്യുവാനുള്ള സാഹചര്യമൊരുക്കിയിരിക്കുന്നു. പിഎസ്‌സി ഉദ്യോഗാർത്ഥികളും സ്വകാര്യമേഖലകളിൽ പണിയെടുക്കുന്നവരുമൊക്കെ, തൊഴിലില്ലായ്മ പ്രശ്നത്തെ മുൻനിർത്തി സംഘടിക്കണം. ഈ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് ആൾ ഇന്ത്യാ അൺഎംപ്ലോയ്ഡ് യൂത്ത് സ്ട്രഗിൾ കമ്മിറ്റി (AIUYSC) എന്ന തൊഴിൽരഹിതരുടെ പ്രക്ഷോഭവേദി രൂപീകരിയ്ക്കുവാൻ എഐഡിവൈഒ മുൻകൈ എടുക്കുകയുണ്ടായി. വരുംകാലങ്ങളിൽ തൊഴിൽരഹിതരുടെ വീറുറ്റ പ്രക്ഷോഭം വളർത്തിയെടുക്കുവാൻ AIUYSCയ്ക്ക് സാധിക്കും.

തൊഴിലില്ലായ്മ പരിഹരിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ സർക്കാർ അടിയന്തരമായി ചെയ്യേണ്ടത്, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ ഉടൻ നിയമനം നടത്തുക എന്നതാണ്. മാത്രമല്ല, തൊഴിൽരഹിതരായ യുവാക്കൾക്ക് നിലനിൽക്കാനാവശ്യമായ മിനിമം വേതനം പ്രതിമാസം നൽകുകയും വേണം. 1982ൽ കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങിയ തൊഴിലില്ലായ്മ വേതനം എന്ന പദ്ധതി ഇല്ലാതാക്കുവാനുള്ള നീക്കത്തിലാണ് സംസ്ഥാന സർക്കാർ. തൊഴിലില്ലായ്മ വേതനത്തിന്റെ പേരിൽ പ്രതിമാസം 120രൂപയാണ് സർക്കാർ യുവജനങ്ങൾക്ക് നൽകുന്നത്. പ്രതിദിനക്കണക്കിൽ 4രൂപ! 1982ൽ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയപ്പോൾ 20ലക്ഷം പേർ തൊഴിലില്ലായ്മ വേതനം വാങ്ങിയിരുന്നു. എന്നാൽ, 2017 ആയപ്പോൾ അത് 1,93071 ആയി കുറഞ്ഞു. തൊഴിലില്ലായ്മ കുറഞ്ഞതുകൊണ്ടാണ് വേതനം വാങ്ങുന്ന ആളുകളുടെ എണ്ണം കുറഞ്ഞതെന്ന് കരുതരുത്. തൊഴിലില്ലായ്മ വേതനം വാങ്ങുവാൻ പോകുന്ന ദിവസത്തെ ചെലവിനുപോലും സർക്കാരിന്റെ 120 രൂപ തികയില്ല എന്ന ബോധ്യമുള്ളതുകൊണ്ടാണ് യുവാക്കൾ അതുപേക്ഷിക്കുവാൻ നിർബ്ബന്ധിതരാകുന്നത്. സർക്കാരാകട്ടെ, ഇതൊരവസരമായിക്കരുതി തൊഴിലില്ലായ്മാ വേതനം തന്നെ ഇല്ലാതാക്കുവാനുള്ള നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. യുവാക്കൾ തൊഴിലില്ലായ്മ വേതനം വാങ്ങുന്നത് അപമാനകരമായി തോന്നുംവിധമുള്ള പ്രചാരവേലകളും സർക്കാർ വക്താക്കൾ നടത്തുന്നുണ്ട്. അങ്ങനെ, ഒരു ദിവസം അവസാനിപ്പിക്കാവുന്ന ഒന്നല്ല തൊഴിലില്ലായ്മ വേതനം. അത് ചരിത്രപരമായ കാരണങ്ങളാൽ രൂപപ്പെട്ട ഒന്നാണ്. എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുവാൻ ഗവൺമെന്റുകൾക്ക് എന്നു കഴിയുന്നോ അന്നുവരെ തൊഴിൽ രഹിത വേതനവും നിലനിൽക്കണം.

### തൊഴിലില്ലായ്മ: മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടി

മാനവചരിത്രത്തിൽ മുതലാളിത്ത വ്യവസ്ഥ ഉദയം ചെയ്തതിനുശേഷം പ്രത്യക്ഷപ്പെട്ട ഒരു പ്രതിഭാസമാണ് തൊഴിലില്ലായ്മ. അധ്വാനശക്തിമാത്രം കൈമുതലായുള്ള തികച്ചും സ്വതന്ത്രനായ തൊഴിലാളി ആവിർഭവിച്ചത് മുതലാളിത്ത സാമൂഹ്യ ക്രമത്തോടൊപ്പമാണ്. തൊഴിലാളികളുടെ അധ്വാനഫലം മുതലാളി കവർന്നെടുക്കുന്നതാണ് ലാഭം അഥവാ മിച്ചമൂല്യം. ആ മിച്ച മൂല്യമാണ് മൂലധനം ആയി മാറുന്നത്. തൊഴിലാളിക്ക് ലഭിക്കേണ്ട കൂലി മുതലാളി കവർന്നെടുക്കുമ്പോൾ തൊഴിലാളിയുടെ വാങ്ങൽ ശേഷി (പർച്ചേസിംഗ് കപ്പാസിറ്റി) കുറയുകയും മാർക്കറ്റിൽ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും ചെയ്യും. ഇതിന്റെ ഫലമായി വ്യവസായികൾ ഗുരുതരമായ കമ്പോള പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും തങ്ങളുടെ ഉൽപാദനം വെട്ടിക്കുറയ്ക്കാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നു. ഉൽപാദനം കുറയ്ക്കുമ്പോൾ സ്വാഭാവികമായും തൊഴിലാളികളെ പിരിച്ചുവിടേണ്ടിവരും. അങ്ങനെ ചരിത്രത്തിലാദ്യമായി ഒരു തൊഴിലില്ലാപ്പട സൃഷ്ടിക്കപ്പെടുന്നു. എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളിലും തൊഴിലില്ലാത്ത കോടാനുകോടി യുവാക്കൾ അതിജീവനത്തിനുവേണ്ടി പൊരുതേണ്ട ഗതി

(ശേഷം 8–ാം പേജിൽ)

# ദീപ പി.മോഹൻ നടത്തിയ നിരാഹാര സമരത്തിന് എഐഡിഎസ്ഒ പിന്തുണ പ്രഖ്യാപിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അനുഭവിക്കേണ്ടിവരുന്ന ജാതീയവും ലിംഗപരവുമായ വിവേചനങ്ങൾ ചൂണ്ടിക്കാണിച്ച് ഇന്റർനാഷണൽ ഇന്റർ-യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് ടെക്നോളജിയിലെ ഗവേഷകയായ ദീപ പി.മോഹൻ നടത്തിയ നിരാഹാര സമരത്തിന് എഐഡിഎസ്ഒ പിന്തുണ പ്രഖ്യാപിച്ചു.

ജാതീയമായ വിവേചനങ്ങൾ ഉൾപ്പെടെ ദീപ ഉന്നയിച്ച ആരോപണങ്ങൾ, ഒരു സർവകലാശാലയെ സംബന്ധിച്ചും പരിഷ്കൃതവും ജനാധിപത്യ മൂല്യബോധം പേറുന്ന എന്ന് അവകാശപ്പെടുന്ന ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളവും അങ്ങേയറ്റം ഗൗരവമുള്ളതാണ്. സർവകലാശാലപോലെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അന്തസ്സത്തയ്ക്കും വിദ്യാഭ്യാസ പ്രക്രിയയുടെ തന്നെ ഉള്ളടക്കത്തിനും ലക്ഷ്യത്തിനും നിരക്കാത്ത തരത്തിൽ, ഗവേഷകർ ശാരീരികവും മാനസികവുമായ പീഡനങ്ങൾക്കും ജാതീയവും മതപരവും ലിംഗാടിസ്ഥാനത്തിലുള്ള വിവേചനങ്ങൾക്കും ഇരയാവുന്നു എന്നത് വിവിധ സർവകലാശാലകളിൽനിന്നായി പലപ്പോഴായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തന്മൂലം ഗവേഷണം മാത്രമല്ല ജീവിതം തന്നെ പാതിവഴിക്ക് ഉപേക്ഷിക്കേണ്ടിവന്ന അതിസമർത്ഥരായ നിരവധി വിദ്യാർത്ഥികളുടെ കഥകൾ ഇതിനകം പുറത്തു വന്നിട്ടുമുണ്ട്. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥി ആയിരുന്ന രോഹിത് വെമുല, മദ്രാസ് ഐഐറ്റി വിദ്യാർത്ഥിയായിരുന്ന ഫാത്തിമ ലത്തീഫ്, കോയമ്പത്തൂർ അമൃത യൂണിവേഴ്സിറ്റിയിലെ കൃഷ്ണവേണി തുടങ്ങി നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ആത്മഹത്യയിലെത്തുമ്പോൾ മാത്രമാണ് പലതും വാർത്തയാകുന്നത്, അല്ലാതെയുള്ളവ പലപ്പോഴും വാർത്തയാകുന്നുമില്ല.

ഗവേഷകർ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളുടെയും വിവേചനങ്ങളുടെയും ഹേതു ജനാധിപത്യവത്ക്കരിക്കപ്പെടാത്ത അഥവാ ഫ്യൂഡൽ മൂല്യബോധം പേറുന്ന വിദ്യാഭ്യാസസംവിധാനമാണ്. ഈ സംവിധാനമാണ് ദീപയെപ്പോലുള്ളവരെ സമരത്തിന് നിർബന്ധിതരാക്കുന്നത്. ഈ സാഹചര്യത്തിൽ ദീപ ഉയർത്തിയിരിക്കുന്ന ആരോപണങ്ങളുടെ വാസ്തവികസ്ഥിതിയും പുറത്തുവരേണ്ടതുണ്ട്. ദീപ പി.മോഹൻ ഉന്നയിക്കുന്ന ആരോപണങ്ങൾ അന്വേഷിക്കാൻ ജുഡീഷ്യൽ അധികാരങ്ങളുള്ള ഒരു കമ്മീഷനെ നിയോഗിക്കണമെന്നും അന്വേഷണ കാലയളവിൽ ആരോപണ വിധേയനായ ഗവേഷണ മാർഗദർശ്ശി നന്ദകുമാർ കളരിക്കലിനെ മാറ്റിനിർത്തണമെന്നും എഐഡിഎസ്ഒ ആവശ്യപ്പെട്ടു. ഇതോടൊപ്പം തന്നെ ക്യാമ്പസുകളിൽ ജനാധിപത്യ അന്തരീക്ഷം ഉറപ്പാക്കുവാനും ഉയർന്ന മൂല്യബോധം സ്ഥാപിച്ചെടുക്കാനുംവേണ്ട നടപടികളും അടിയന്തരമായി സ്വീകരിക്കപ്പെടണം.

എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ജതിൻ രാജീവൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ രലേഷ് ചന്ദ്രൻ, ആഷ്ന തമ്പി, അനന്തഗോപാൽ, പ്രതീഷ് ജയിംസ്, അനാമിക. എസ് എന്നിവർ സമരപ്പന്തൽ സന്ദർശിച്ചാണ് പിന്തുണ പ്രഖ്യാപിച്ചത്. ജതിൻ രാജീവൻ അഭിവാദ്യ പ്രസംഗം നടത്തി. പത്ത് ദിവസം നീണ്ട് നിന്ന സമരം നവംബർ 9ന് അവസാനിച്ചത്. ദീപയ്ക്ക് ഗവേഷണം തുടരാൻ ആവശ്യമായ അടിസ്ഥാന പശ്ചാത്തലം ഒരുക്കാമെന്നും ഡിപ്പാർട്ട്മെന്റിന്റെ ചുമതല വൈസ്ചാൻസിലർ നേരിട്ട് ഏറ്റെടുക്കാം എന്നും ഉറപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സമരം അവസാനിപ്പിക്കാൻ ദീപ തയ്യാറായത്. ■

**എസ്എഫ്ഐ അക്രമത്തിനെതിരെ...**




എംജി യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ സെനറ്റ് തെരഞ്ഞെടുപ്പിനെ തുടർന്ന് എഐഎസ്എഫ് പ്രവർത്തകരെ എസ്എഫ്ഐക്കാർ മർദിച്ചതിൽ പ്രതിഷേധിച്ച് എഐഡിഎസ്ഒ കോട്ടയം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ യൂണിവേഴ്സിറ്റിയുടെ മുമ്പിൽ നടന്ന പ്രതിഷേധ പരിപാടിയിൽ എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി അംഗം ജതിൻ രാജീവൻ പ്രസംഗിക്കുന്നു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി ജി.എസ്. ശാലിനി അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം.കെ ഷഹസാദ് ഉദ്ഘാടനം ചെയ്തു. ജി ല്ലാ പ്രസിഡന്റ് ആർ. മീനാക്ഷി, റലേഷ് ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

# കൂട്ടിക്കൽ പ്രദേശത്തെ ഉരുൾപൊട്ടൽ മനുഷ്യനിർമ്മിത ദുരന്തം

ഒക്ടോബർ 16 ന് അപ്രതീക്ഷിതമായുണ്ടായ അതിതീവ്രമഴയും ഉരുൾപൊട്ടലും കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ മണ്ഡലങ്ങളിലും പെരുവന്താനം, പീരുമേട് പഞ്ചായത്തുകളിലും കനത്ത ആഘാതം ഏൽപ്പിച്ചിരിക്കുകയാണ്. കൂട്ടിക്കൽ ഇളംകാട്, ഏന്തയാർ പ്രദേശങ്ങളിൽ അന്നേദിവസം രാവിലെ കേവലം മൂന്ന് മണിക്കൂറിനുള്ളിൽ നൂറിലേറെ ഉരുളുകൾപൊട്ടിയതായി നാട്ടുകാർ പറയുന്നു. 20 ലേറെ ജീവനുകളാണ് പ്രദേശത്ത് നഷ്ടപ്പെട്ടത്. പുല്ലകയാറിന്റെയും മണിമലയാറിന്റെയും തീരത്തുണ്ടായിരുന്ന വീടുകളും വ്യാപാരസ്ഥാപനങ്ങളും ഒട്ടൊക്കെയും തുടച്ചു നീക്കപ്പെട്ടിരിക്കുകയാണ് പലയിടങ്ങളിലും. കൈത്തോടുകൾപോലും പ്രളയജലം നിറഞ്ഞ് അപകടങ്ങൾ ഉണ്ടാക്കി. ചിറ്റാർപുഴ കരകവിഞ്ഞ് കാഞ്ഞിരപ്പള്ളി നഗരത്തെ വെള്ളത്തിലാഴ്ത്തി. എരുമേലി ടൌൺ, ചിറക്കടവിന്റെയും പാറത്തോടിന്റെയും ചില ഭാഗങ്ങൾ എന്നീ പ്രദേശങ്ങളെയും പ്രളയം ബാധിച്ചു. എയ്ഞ്ചൽ വാലിയിലും എരുമേലി ടൗൺ പരിസരങ്ങളിലും എരുത്വാപ്പുഴ തുടങ്ങിയ പ്രദേശങ്ങളിലും നെടുംകുന്നം, പത്തനാട് മേഖലകളിലും തുടർന്നു വന്ന ദിവസങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളും കനത്തനാശം വിതച്ചു. നിരവധി റോഡുകളും പാലങ്ങളും തകർന്നു. ഈ പ്രദേശങ്ങളിൽ കാലാവസ്ഥ പ്രവചനാതീതമായി തുടരുകയാണ്. പ്രദേശങ്ങളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഗൗരവത്തിലെടുക്കേണ്ടിയിരിക്കുന്നു എന്നതിന്റെ സൂചനകളാണ് ഇതെല്ലാം. അതീവ പരിസ്ഥിതിലോല പ്രദേശമെന്ന് മാധവ് ഗാഡ്ഗിൽ പരാമർശിച്ച പ്രദേശങ്ങളിലൊന്നാണ് കൂട്ടിക്കൽ പഞ്ചായത്ത്.

കേരളത്തിലെ പാരിസ്ഥിതിക സവിശേഷതകൾ പരിഗണിക്കാതെയുള്ള വൻകിട-നിർമ്മാണ-വികസന പ്രവർത്തനങ്ങളും ക്വാറികളുമാണ് അടിക്കടിയുണ്ടാകുന്ന ദുരന്തങ്ങൾക്ക് കാരണം എന്നത് വ്യക്തമാക്കുന്നതാണ് ഓരോ സംഭവങ്ങളും. പ്രളയവും ദുരന്തവും ക്ഷണിച്ചു വരുത്തുകയും ശേഷം ദുരിതാശ്വാസ പ്രവർത്തനം നടത്തുകയും ചെയ്യുക എന്നതിനുമപ്പുറം ദുരന്തങ്ങളിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ദുരന്ത നിവാരണത്തിനാവശ്യമായ മുൻകരുതലുകളും നടപടികളും സ്വീകരിക്കുക എന്നതിനായിരിക്കണം മുൻഗണന.

ദുരിതബാധിതരായ ആളുകളുടെ പുനരധിവാസം ഉറപ്പാക്കുവാൻ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കണം. ഇട്ടിരുന്ന വസ്ത്രമല്ലാതെ മറ്റെല്ലാം നഷ്ടപ്പെട്ടവരാണ് ദുരിതബാധിതർ. അടിയന്തര ധനസഹായമുൾപ്പെടെ സമ്പൂർണ്ണ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണം. തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് തുടങ്ങി നഷ്ടമായ എല്ലാ രേഖകളും ഉടൻ ലഭ്യമാക്കണം. പൂർണമായും ഭാഗികമായും വീട് നഷ്ടപ്പെട്ടവർക്ക് അതതുസ്ഥലങ്ങളിലോ ആവാസയോഗ്യമായ മറ്റിടങ്ങളിലോ വാസയോഗ്യമായ വീട് നിർമ്മിക്കാനും വീട്ടുപകരണങ്ങൾക്കും മതിയായ നഷ്ടപരിഹാരം ഉപാധികളില്ലാതെ നൽകണം. ചെറുകിട വ്യാപാരികൾ ഉൾപ്പെടെ ദുരന്തബാധിതരുടെ ബാങ്ക് വായ്പകൾ സർക്കാർ ഏറ്റെടുക്കണം. ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരം ഉടൻ വിതരണം ചെയ്യണം.

### ആറ്റിലെ കല്ലും മണ്ണും നീക്കം ചെയ്യുക

മുൻകാലങ്ങളിലുണ്ടായ കനത്ത മഴയും ഉരുൾപൊട്ടലുകളും നിമിത്തം കല്ലും മണ്ണും അടിഞ്ഞുകൂടി മണിമലയാർ ആഴം നന്നേ കുറഞ്ഞിരിക്കുകയാണ്. ആറ് പൊട്ടുന്നനവെ കരകവിഞ്ഞതിനും പലയിടങ്ങളിലും വഴിമാറിയൊഴുകിയതിനും ഒരു കാരണമിതാണ്. പലയിടങ്ങളിലും ആറ്റുനിരപ്പ് തറ നിരപ്പിനെക്കാൾ ഉയർന്നു നിൽക്കുകയാണ്, ആറ് പുതിയ വഴികൾ കണ്ടെത്തി, കൈവഴികളും നീർച്ചാലുകളും രൂപപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ആറ്റിൽ നിന്നും മണലും പാറയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം.

### പാറമടകൾ അടച്ചുപൂട്ടുക, വൻകിട നിർമ്മാണങ്ങൾ ഉപേക്ഷിക്കുക

ദുരിതാശ്വാസം എത്തിക്കുന്നതിനൊപ്പം ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് സ്വീകരിക്കപ്പെടേണ്ടത്. നിരവധി വൻകിട പാറമടകൾ ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഫോടനത്തിന്റെ പ്രകമ്പനം മണ്ണും പാറയും തമ്മിലുള്ള ബന്ധം ദുർബലമാക്കുന്നു. അതിതീവ്രമഴ മണ്ണൊലിപ്പിനും ഉരുൾപൊട്ടലിനും കാരണമാകുന്നു. പാറമടകളുടെ പ്രവർത്തനം തുടങ്ങിയതിന് ശേഷം ഉരുൾപൊട്ടൽ വർദ്ധിച്ചുവരുന്നു എന്നതാണ് പ്രദേശത്തെ അനുഭവങ്ങൾ എന്ന് പ്രദേശവാസികൾ ഒറ്റക്കെട്ടായി പറയുന്നു. എല്ലാ നിബന്ധനകളും നിയമങ്ങളും കാറ്റിൽ പറത്തി വാഗമൺ മലനിരകളിൽ ഉയരുന്ന റിസോർട്ടുകളും റോഡുനിർമ്മാണങ്ങളുമെല്ലാം ഈ സാഹചര്യത്തിന്റെ നിർമ്മിതിയിൽ ചെറുതല്ലാത്ത പങ്കാണ് വഹിക്കുന്നത്. വൻകിട നിർമ്മാണങ്ങൾക്കായി പാറ തുടർന്നും പൊട്ടിക്കാൻ തീരുമാനിച്ചാൽ പ്രത്യാഘാതം വളരെ ഗുരുതരമായിരിക്കും. ആയതിനാൽ പാറമടകളുടെ പ്രവർത്തനവും വൻകിട നിർമ്മാണ പ്രവർത്തനങ്ങളും ഉടൻ നിർത്തിവയ്ക്കണം. ■

(7-ാം പേജിൽ നിന്ന്)

കേടിലാണ്. രൂക്ഷമായ കമ്പോള പ്രതിസന്ധിമൂലം മരണാസന്നമായ മുതലാളിത്ത-സാമ്രാജ്യത്വത്തിന് പുതിയ തൊഴിലുകളൊന്നും സൃഷ്ടിക്കാനാവില്ല. എന്നുമാത്രമല്ല, നിലവിലുണ്ടായിരുന്ന തൊഴിലുകൾകൂടി കവർന്നെടുത്ത് ആയുസ്സ് നീട്ടി എടുക്കുവാനുള്ള തത്രപ്പാടിലാണ് മുതലാളിത്ത വ്യവസ്ഥിതി.

### യുവജനങ്ങളുടെ പൊരുതുന്ന സംഘടന എഐഡിവൈഒയെ ശക്തിപ്പെടുത്തുക

സിപിഒ,എൽജിഎസ് ദേശീയ ഗെയിംസ് മെഡൽ ജേതാക്കളുൾപ്പെടെയുള്ള തൊഴിൽരഹിതരുടെ പ്രക്ഷോഭത്തെ സർവ്വാർത്ഥത്തിലും പിന്തുണച്ച യുവജനപ്രസ്ഥാനമാണ് എഐഡിവൈഒ. സിവിൽ പോലീസ് ഓഫീസർ ഉദ്യോഗാർത്ഥികൾ സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ മൂന്നുമാസം നീണ്ടുനിന്ന സമരത്തിലുടനീളം ഒരു വിപ്ലവ യുവജന പ്രസ്ഥാനമെന്ന നിലയിൽ എഐഡിവൈഒ നേതൃപരമായ പങ്ക് വഹിച്ചു. ദേശീയ ഗെയിംസ് ജേതാക്കളായ കായിക താരങ്ങളുടെ വിജയം വരിച്ച സമരത്തിലും എഐഡിവൈഒ സജീവ സാന്നിധ്യമായിരുന്നു. അനീതിക്കെതിരെ പോരാട്ടം നയിക്കേണ്ട, യുവാക്കൾക്കിടയിൽ മദ്യവും മയക്കുമരുന്നും അശ്ലീലതയും ഉണ്ടാ പ്രവർത്തനങ്ങളുമെല്ലാം വ്യാപിക്കുകയാണ്. ഭരണകൂടം ഇതിനെല്ലാം ഒത്താശ ചെയ്യുകയാണ്. ഈ ദുരവസ്ഥയിലും, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇന്ന് വളർന്നുവന്നുകൊണ്ടിരിക്കുന്ന യുവജന പ്രക്ഷോഭങ്ങൾ പ്രതീക്ഷ നൽകുന്നതാണ് . വ്യവസ്ഥാപിത ഇടത് യുവജന പ്രസ്ഥാനങ്ങളെയൊന്നും ഈ പ്രക്ഷോഭ രംഗത്ത് കാണാനേയില്ല. അവർ പ്രക്ഷോഭത്തിന്റെ പാത കൈവെടിഞ്ഞിരിക്കുന്നു. യുവമോർച്ച, യൂത്ത് കോൺഗ്രസ് തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് യുവാക്കൾ അനുഭവിക്കുന്ന വിഷയങ്ങളിൽ ശരിയായ അഭിപ്രായം രൂപപ്പെടുത്തുവാൻപോലും സാധിക്കുന്നില്ല. സ്വതന്ത്ര ഇന്ത്യയെ ഭരിച്ചുമുടിച്ച കോൺഗ്രസിന്റെയും ബിജെപിയുടെയും യുവജന സംഘടനകൾക്ക് യുവാക്കളെ അഭിസംബോധന ചെയ്യാൻ ധാർമ്മികമായ ഒരവകാശവുമില്ല.

(ശേഷം 9-ാം പേജിൽ)

# മനുഷ്യവംശത്തിന്റെ ഭാവിക്ക് അപകട സൂചന നൽകി കാലാവസ്ഥ വ്യതിയാനം



**"സ്വാഭാവിക പരിസ്ഥിതിയുടെ, തുടർച്ചയായും വേഗത്തിലുമുള്ള നിർമ്മാർജ്ജനംമൂലം വളരെ പ്രധാനപ്പെട്ട ഒരു ജീവജാതി ഉന്മൂലനത്തിന്റെ അപകടം നേരിടുന്നു; മനുഷ്യജാതിയാണത്." ക്യൂബൻ വിപ്ലവത്തിന്റെ ശില്പിയായ ഫിഡൽ കാസ്ട്രോ, 1992 ജൂൺ 12ന് ബ്രസീലിലെ റയോ ഡി ജനിറോയിൽ നടന്ന യുഎൻ ഭൗമഉച്ചകോടിയിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞതാണിത്. "വനങ്ങൾ അപ്രത്യക്ഷമാകുന്നു. മരുഭൂമികൾ വിസ്തൃതമാകുന്നു. ബില്യൺ കണക്കിന് ടൺവരുന്ന ഫലഭൂയിഷ്ഠമായ മണ്ണ് വർഷംതോറും കടലിലേക്ക് ഒഴുകിപ്പോകുന്നു. അസംഖ്യം ജീവജാതികൾ അന്യംനിന്നു പോകുന്നു. അവികസിതാവസ്ഥയിലേക്കും ദാരിദ്ര്യത്തിലേക്കും നയിക്കുന്ന എന്തും പരിസ്ഥിതിയുടെ സ്പഷ്ടമായ ലംഘനമാണ്", അദ്ദേഹം കൂട്ടിച്ചേർത്തു.**

ഏതാണ്ട് മുപ്പത് വർഷം പിന്നിട്ടിരിക്കുന്നു. സ്ഥിതി മെച്ചപ്പെടുന്നതിനുപകരം ഒരു അപകടബട്ടൺ അമർന്നതുപോലെ വഷളായിരിക്കുന്നു. ശക്തിയേറിയ ഉഷ്ണമേഖലാ ചുഴലിക്കാറ്റുകൾ തുടങ്ങി, ചരിത്രത്തിലിന്നേവരെ കാണാത്ത വിധമുള്ള വരൾച്ചകൾ, അത്യാപത്തു വരുത്തുന്ന വെള്ളപ്പൊക്കങ്ങൾ, വലിയ പ്രദേശങ്ങളിലെ നീണ്ടുനില്ക്കുന്ന കാട്ടുതീ എന്നിങ്ങനെ, ദശലക്ഷക്കണക്കിനു ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ജീവനോപാധികൾക്കുംമേൽ കൊടിയ ആഘാതം സൃഷ്ടിക്കുകയും ഭീതിദമായ സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്യുന്ന, സർവ്വവ്യാപിയും അഭൂതപൂർവ്വമാംവിധം തീവ്രവുമായ കാലാവസ്ഥാ സംഭവങ്ങൾ, നേരായി നേരിടുന്നില്ലെങ്കിൽ ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും മനുഷ്യവംശത്തിനെന്താണു കരുതി വച്ചിരിക്കുന്നതെന്ന തീക്ഷ്ണമായ മുന്നറിയിപ്പാണിവയെല്ലാം.

യുണൈറ്റഡ് നേഷൻസ് എൻവയൺമെന്റൽ പ്രോഗ്രാം (UNEP) അഭിപ്രായപ്പെടുന്നതനുസരിച്ച് 90 ശതമാനം ദുരന്തങ്ങളും അന്തരീക്ഷ നിലയും കാലാവസ്ഥയുമായി ബന്ധപ്പെട്ടതാണ്. അറുതിയില്ലാത്ത ദുരിതങ്ങളും അറിയപ്പെടാത്ത ദുരന്തങ്ങളുമായി കോവിഡ് 19ന്റെ സ്വാധീനത്തിൽ ലോകം ഇടറി നീങ്ങുമ്പോൾ, സർവ്വാംഗീണമായ തൊഴിലില്ലായ്മയുടെയും അരക്ഷിതത്വത്തിന്റെയും പെരുകുന്ന ദാരിദ്ര്യത്തിന്റെയും നടുവിലുള്ള ജനങ്ങളുടെ ജീവിതത്തിലും ആരോഗ്യത്തിലും ഏതാണ്ടെല്ലാ ജീവനോപാധികളിലും ദ്രുതഗതിയിലുള്ള കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന നാശനഷ്ടങ്ങൾ ചിന്തിക്കാവുന്നതിലുമപ്പുറമാണ്. ആഗോള താപനവും അന്തരീക്ഷ മലിനീകരണവും അതോടൊപ്പമുള്ള മറ്റു കാരണങ്ങളുംമൂലമുള്ള കാലാവസ്ഥാവ്യതിയാനം മർമ്മഭേദകമായ ഒന്നായിരിക്കുമെന്ന വസ്തുത ആർക്കും നിഷേധിക്കാനാകില്ല.

## ഐപിസിസി റിപ്പോർട്ട് പ്രതിസന്ധിയുടെ ആഴം വെളിപ്പെടുത്തുന്നു

2021 ഒക്ടോബർ 31 മുതൽ നവംബർ 12വരെ യുകെയിലെ ഗ്ലാസ്ഗോയിൽ നടക്കുന്ന 26-ാമത് യുഎൻ ക്ലൈമറ്റ് ചെയ്ഞ്ച് കോൺഫറൻസ് ഓഫ് പാർട്ടീസ് (COP26)ന്റെ മുന്നോടിയായി ഇന്റർ ഗവൺമെന്റൽ പാനൽ ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് (IPCC)ന്റെ 6-ാം വിശകലന റിപ്പോർട്ടിന്റെ ഒന്നാംഭാഗം പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിലെ പ്രധാനപ്പെട്ട ചില നിരീക്ഷണങ്ങൾ ഉദ്ധരിക്കട്ടെ. "....മനുഷ്യന്റെ ഇടപെടൽ അന്തരീക്ഷത്തേയും സമുദ്രത്തേയും കരയേയും ചൂടുപിടിപ്പിച്ചിരിക്കുന്നുവെന്നത് സംശയാതീതമാണ്. നിരന്തരമായി ആഴക്കടൽ ചൂടുപിടിക്കുന്നതും ഹിമപാളികൾ ഉരുകുന്നതുംമൂലം സമുദ്രജലനിരപ്പ് നൂറ്റാണ്ടുകൾ തുടങ്ങി സഹസ്രാബ്ദങ്ങൾവരെ ഉയരാനും ആയിരക്കണക്കിന് വർഷങ്ങളിൽ ഉയർന്നുതന്നെ നിൽക്കാനും പോകുകയാണ്... മനുഷ്യസൃഷ്ടമായ കാലാവസ്ഥാവ്യതിയാനം ഇപ്പോൾത്തന്നെ ലോകത്തെ പലഭാഗത്തും അന്തരീക്ഷ നിലയിലും കാലാവസ്ഥയിലുമുള്ള ഉച്ചസ്ഥിതിയെ സ്വാധീനിക്കുന്നുണ്ട്. 1850മുതൽ, കടന്നുപോയ നാലുദശകങ്ങളിൽ ഓരോന്നിലും അതിനുമുമ്പുള്ള ഏതൊരു ദശകത്തേക്കാളും നിരന്തരമായി ചൂട് കൂടി വരികയായിരുന്നു".

അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ ഇപ്പോഴത്തെ ഉപരിതലതാപനില വ്യവസായപൂർവ്വകാലത്തെ താപനിലയേക്കാൾ 1.1 ഡിഗ്രി കൂടുതലാണെന്ന സ്ഥിതിവിട്ട്, അടുത്ത രണ്ട് ദശകത്തിനുള്ളിൽ അത് 1.5 ഡിഗ്രി സെൽഷ്യസ് വരെ കൂടാമെന്ന മുന്നറിയിപ്പു നല്കിക്കൊണ്ട് റിപ്പോർട്ട് ഊന്നിപ്പറയുന്നു: "ഇതുവരെ രേഖപ്പെടുത്തിയതിൽനിന്നു വ്യത്യസ്തമായി 1.5 ഡിഗ്രി സെൽഷ്യസ് വരെ ആഗോള താപനില ഉയരാവുന്ന അതിതീവ്ര സംഭവവികാസങ്ങളുടെ വർദ്ധിതമായ സാഹചര്യമുണ്ട്. ഒരു ഭൗതികശാസ്ത്ര പരിപ്രേക്ഷ്യത്തിൽനിന്ന് നോക്കിയാൽ, ആഗോളതാപനം ഒരു നിശ്ചിത പരിധിയിൽ നിലനിർത്തണമെങ്കിൽ അന്തരീക്ഷത്തിലേക്കുള്ള കാർബൺ ഡൈ ഓക്സൈഡിന്റെ ($CO_2$) ആകെയുള്ള പുറന്തള്ളൽ പൂജ്യം എന്ന ഒരു അളവിലേക്കെങ്കിലും നിയന്ത്രിക്കേണ്ടതുണ്ട്, അതുപോലെതന്നെയാണ് മറ്റു ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലും. അന്തരീക്ഷത്തിലേക്കുള്ള മീഥേൻ ($CH_4$) വാതകത്തിന്റെ പുറന്തള്ളൽ കുറയ്ക്കാനുള്ള ശക്തവും ദ്രുതഗതിയിലുള്ളതും സ്ഥിരസ്വഭാവത്തിലുള്ളതുമായ നടപടികൾ, അന്തരീക്ഷത്തിലെ സൂക്ഷ്മകണികകളുടെ അളവ് കൂടുന്നതുകൊണ്ടുള്ള മലിനീകരണം വഴിയുള്ള അന്തരീക്ഷതാപനത്തെ കുറയ്ക്കുന്നതിനും സഹായിക്കും. അതുവഴി അന്തരീക്ഷത്തിന്റെ ഗുണനിലവാരം ഉയരുകയും ചെയ്യും". ഐപിസിസി റിപ്പോർട്ടിന്റെ സന്ദേശം ഉച്ചത്തിലുള്ളതും വ്യക്തവുമാണ്. നമ്മുടെ ഗ്രഹത്തിന്റേയും മാനവ സംസ്കൃതിയുടേയും ഭാവി ഇന്നത്തെ മനുഷ്യവംശത്തിന്റെ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചാണു നിലകൊള്ളുന്നത്.

## കാലാവസ്ഥാവ്യതിയാനം ഉണ്ടാക്കുന്ന വിനാശങ്ങൾ

കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന നാശനഷ്ടങ്ങളുടെ ഒരുദാഹരണം നോക്കാം. പടിഞ്ഞാറൻ കാനഡയിലെ താരതമ്യേന തണുപ്പുള്ള പ്രദേശമായ ബ്രിട്ടീഷ് കൊളംബിയയിലെ താപനില, കഴിഞ്ഞ ജൂലൈ മാസത്തിലെ അസാധാരണവും നീണ്ടുനിന്നതുമായ ഒരു താപതരംഗത്തിൽ അഭൂതപൂർവ്വമാംവിധത്തിൽ 49.6 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നു. മഞ്ഞിലുറഞ്ഞ ഭൗമോപരിതലമുള്ളതും (permafrost) ഭൂമിയിലെ തണുപ്പേറിയ പ്രദേശങ്ങളിലൊന്നുമായ വടക്കൻ സൈബീരിയയിലും വടക്കേ അമേരിക്കയിലും തുർക്കിയും ഗ്രീസും ഉൾപ്പെടുന്ന മുഴുവൻ മെഡിറ്ററേനിയൻ പ്രദേശത്തും മുമ്പില്ലാത്തവിധം തീവ്രമായ കാട്ടുതീ ഒരേ സമയം മാസങ്ങളോളം നീണ്ടുനിന്നു. നീണ്ടുനില്ക്കുന്ന താപതരംഗവും വരൾച്ചയും ഉദ്ദീപിപ്പിക്കുന്ന കാട്ടുതീ, ജനങ്ങൾക്കു രക്ഷപ്പെട്ടുപോകാൻ പോലും സമയം കൊടുക്കാതെ ടൗൺഷിപ്പുകളിലേക്കു കടക്കുകയും വിദൂര രാജ്യങ്ങളിലേക്കുവരെ പുക പരക്കുകയും ചെയ്യുന്ന സ്ഥിതിയും സംജാതമായിരിക്കുന്നു. ഉൾപ്പോരിനാൽ തകർന്ന എത്യോപ്യ അടക്കമുള്ള വടക്കു കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിലെ ദശലക്ഷക്കണക്കിനു ജനങ്ങൾ രൂക്ഷമായ വരൾച്ചയിൽ ദുരിതപീഡയനുഭവിക്കുന്നു. വീണ്ടും, മുൻപെങ്ങുമില്ലാത്തവിധം അതി തീവ്രമായ മഴ ഈ കഴിഞ്ഞ ജൂലൈയിൽ മാത്രം വിവിധ ഭൂഖണ്ഡങ്ങളിൽ ആപൽക്കരമായ വിധത്തിൽ വെള്ളപ്പൊക്കം സൃഷ്ടിച്ചു: മിതോഷ്ണമായ യൂറോപ്പിൽപ്പോലും, നീണ്ടുനിൽക്കുന്ന പേമാരി ബൽജിയത്തിലും ജർമ്മനിയിലും നൂറുകണക്കിനു ജീവനെടുക്കുകയും, താഴ്‌വാരങ്ങളെ തകർക്കുകയും ചെറുതോടുകളിൽ പ്രളയജലത്തിന്റെ കുത്തൊഴുക്കു സൃഷ്ടിച്ചുകൊണ്ട് വീടുകളെ തകർക്കുകയും വാഹനങ്ങളെ ഒഴുക്കിക്കൊണ്ടുപോകുകയും ചെയ്തു. ലൂസിയാനയിലെ വൈദ്യുതി ശൃംഖലയെ തകർത്ത് ഒരു ദശലക്ഷം ഉപഭോക്താക്കളെ വേവുന്ന ചൂടിലേക്കെറിഞ്ഞു കൊടുത്തതിനുശേഷം ഇഡ ചുഴലിക്കാറ്റ് ന്യൂയോർക്കിലേക്കു നീങ്ങുകയും നഗരത്തെ പൊറുതിമുട്ടിക്കുകയും ചെയ്തു. പേമാരിമൂലമുണ്ടായ പെട്ടെന്നുള്ള വെള്ളപ്പൊക്കത്തിൽ അടിസ്ഥാന സൗകര്യ സംവിധാനങ്ങൾക്കു ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിക്കുകയും താമസക്കാരെ ബേസ്മെന്റ് നിലയിലും വെള്ളം കയറിയ പ്രദേശങ്ങളിലും ഒറ്റപ്പെടുത്തിക്കൊണ്ട് സബ്‌വേകൾ മുങ്ങിപ്പോകുകയും ചെയ്തു. ചൈനയിലെ ഹെനാൻ പ്രവിശ്യയിലെ ചിലയിടങ്ങളിൽ, ഒരു വർഷം പെയ്യേണ്ട മഴ നാലുദിവസംകൊണ്ടു പെയ്തുതീർന്നപ്പോൾ നൂറുകണക്കിനാളുകൾ മരിക്കുകയും തലസ്ഥാനമായ ഷെങ്ഷൗവിൽ കനത്തമഴയിലെ കുത്തൊഴുക്കിൽ സബ് വേകൾ മുങ്ങി യാത്രക്കാർ കഴുത്തറ്റം വെള്ളത്തിൽപ്പെട്ടുപോകുകയും സഹായമെത്തുന്നതിനുമുമ്പ് നിരവധിപേർ മുങ്ങിപ്പോകുകയും ചെയ്തു. നമ്മുടെ രാജ്യത്തും, നീണ്ടുനില്ക്കുന്ന യാതനാപൂർണ്ണമായ ചൂടും ആവർത്തിച്ചുണ്ടാകുന്ന ഉഗ്രമായ ചുഴലിക്കാറ്റുകളും ടൊർണാഡോകളും മാരകമായ പേമാരിയും വർദ്ധിതമായ മഴയും ഇടക്കിടെയുള്ള വെള്ളപ്പൊക്കവുമെല്ലാം ജീവനും വിളകളും വസ്തുവകകളുമെല്ലാം നശിപ്പിച്ചുകൊണ്ട് വിനാശം വിതയ്ക്കുകയാണ്. ഹിമാലയൻ മേഖലയിലെ ഉത്തരാഖണ്ഡിലും പശ്ചിമഘട്ട മലനിരക

(ശേഷം 10-ാം പേജിൽ)

(8-ാം പേജിൽ നിന്ന്)

ഈ പ്രക്ഷോഭങ്ങളിലെ സജീവ സാന്നിദ്ധ്യമായിരുന്ന എഐഡിവൈഒ (ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ) തൊഴിലില്ലായ്മയ്ക്കെതിരെ സമരം ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കിടയിലെ അനിഷേധ്യമായ നാമമാണ്. തൊഴിലില്ലായ്മ അടക്കമുള്ള സാമൂഹ്യപ്രശ്നങ്ങളുടെ അടിസ്ഥാന കാരണം നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥയാണെന്ന് യുവാക്കൾ തിരിച്ചറിയണം. യുവജനങ്ങളുടെ എല്ലാ പ്രക്ഷോഭങ്ങളും മുതലാളിത്ത സാമൂഹ്യ ക്രമം അവസാനിപ്പിക്കുവാനുള്ള സോഷ്യലിസ്റ്റ് വിപ്ലവത്തിന് അനുരോധമായി മാറണം. ഇന്ത്യയിലെ മുതലാളിത്ത ഭരണകൂടം കടുത്ത ഫാസിസ്റ്റ് നടപടികളുമായി മുന്നോട്ട് പോകുമ്പോൾ, അതിനെതിരെ ഉന്നതമായ സാംസ്കാരിക- നൈതിക ധാരണകളിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള യുവജന പ്രക്ഷോഭം വളർത്തിയെടുക്കാനാണ് എഐഡിവൈഒ പരിശ്രമിക്കുന്നത്.

ധീരവിപ്ലവകാരികളായ ഖുദിറാം ബോസ്, ഭഗത് സിംഗ്, ചന്ദ്രശേഖർ ആസാദ്, സൂര്യസെൻ, നേതാജി സുഭാഷ് ചന്ദ്രബോസ് തുടങ്ങിയവർ പ്രതിനിധാനം ചെയ്ത ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ സന്ധിയില്ലാ സമരധാരയുടെ യഥാർത്ഥ പിൻതുടർച്ചയായ, വിപ്ലവ യുവജനപ്രസ്ഥാനം, ആൾ ഇന്ത്യാ ഡെമോക്രാറ്റിക്ക് യൂത്ത് ഓർഗനൈസേഷൻ ശക്തിപ്പെട്ടാൽ മാത്രമേ രാജ്യത്ത് യഥാർത്ഥ യുവജന പ്രക്ഷോഭങ്ങൾ പടുത്തുയർത്തപ്പെടൂ.

കഴിഞ്ഞ കാലങ്ങളിൽ എഐഡിവൈഒ ഇന്ത്യയിലെമ്പാടും നടത്തിവരുന്ന പ്രക്ഷോഭ പ്രവർത്തനങ്ങളുടെ ഫലമായി സംഘടനയും അതോടൊപ്പം യുവജന പ്രക്ഷോഭങ്ങളും പുതിയൊരു ഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. അതിന്റെ ഭാഗമായി സംഘടനയെ പുതിയ ഊർജത്തോടെ വിപുലീകരിക്കുകയും ദൃഢീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംഘടനാ സമ്മേളനങ്ങൾ നടന്നുവരികയാണ്. കേരള സംസ്ഥാന സമ്മേളനം നവംബർ 21ന് തിരുവനന്തപുരം ഹസൻ മരയ്ക്കാർ ഹാളിൽ സംഘടിപ്പിക്കുകയാണ്. പ്രസ്തുത സമ്മേളനം വിജയിപ്പിക്കുവാൻ എല്ലാ സഹായസഹകരണങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ■

# കാലാവസ്ഥാപ്രശ്നം സൃഷ്ടിച്ചതും വഷളാക്കിയതും ലോക സാമ്രാജ്യത്വ മുതലാളിത്ത ശക്തികളാണ്

(9-ാം പേജിൽ നിന്ന്)

ളിലുമെല്ലാം അഭൂതപൂർവ്വമായ മലയിടിച്ചിൽ ജീവിതം താറുമാറാക്കുകയും വാർത്താവിനിമയ, യാത്രാ സംവിധാനങ്ങളെ തകരാറിലാക്കുകയും നിരവധി വിലപ്പെട്ട ജീവനുകളെടുക്കുകയും ചെയ്തിട്ടുണ്ട്. ഐ.പി.സി.സി. റിപ്പോർട്ട് പ്രകാരം,അന്തരീക്ഷത്തിലേക്കുള്ള ഉയർന്ന ബഹിർഗമനംമൂലം 1995-2014 കാലത്തെ അപേക്ഷിച്ച് ഈ നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ (2081-2100) സമുദ്രജലനിരപ്പ് ഉയരുമെന്ന സാഹചര്യം പരിഗണിക്കുമ്പോൾ, മണ്ണൊലിപ്പും കണ്ണില്ലാത്ത നഗരവൽക്കരണവും മുച്ചൂടും തകർക്കുന്ന വെള്ളപ്പൊക്കവുംമൂലം ഇപ്പോൾത്തന്നെ പ്രശ്നങ്ങളനുഭ വിക്കുന്ന തീരദേശജനതയുടെ ജീവിതത്തിൽ എന്തൊക്കെ വിനാശങ്ങളാണുണ്ടാവുക, ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം ആ പ്രദേശങ്ങളിലെ കൃഷിഭൂമിയിൽ എന്തൊക്കെ സ്വാധീനമാണുണ്ടാക്കുക എന്നതിനെക്കുറിച്ചെല്ലാം ഭീതിയോടെയേ നമുക്ക ചിന്തിക്കാനാകൂ.

മാത്രമല്ല, ആർട്ടിക് ധ്രുവപ്രദേശം ചൂടാകുന്നത് ആഗോളശരാശരിയേക്കാൾ ഇരട്ടി വേഗത്തിലാണെന്നതിനാൽ, വടക്ക കിഴക്കൻ സൈബീരിയയിലും വടക്കൻ കാനഡയിലും മറ്റുമായി പരന്നുകിടക്കുന്നതും തണുത്തുറഞ്ഞ മൺപ്രതലത്തിനടിയിൽ കുടുങ്ങിക്കിടക്കുന്ന കാർബൺ ശേഖരമുള്ളതുമായ വിസ്തൃതമായ പ്രദേശത്തെ മഞ്ഞുരുകൽ, കെട്ടിടങ്ങൾക്കും മറ്റടിസ്ഥാനസൗകര്യ സംവിധാനങ്ങൾക്കും കേടുപാടുകൾ സൃഷ്ടിക്കുന്നതു കൂടാതെ ജീവനോപാധികളുടേയും ജൈവവ്യവസ്ഥയുടേയും നാശത്തിനും മീഥേനും കാർബൺ ഡൈ ഓക്സൈഡുംപോലുള്ള ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലുൾപ്പടെയുള്ള ഗൗരവതരമായ പ്രശ്നങ്ങൾക്കും കാരണമാകുന്നു.

റഷ്യൻ പ്രദേശം ചൂടാകുന്നത് ആഗോള ശരാശരിയുടെ 2.8 മടങ്ങ് വേഗതയിലാണ് എന്നതിനാൽ ദീർഘകാലമായി ഉറഞ്ഞു കിടക്കുന്ന സൈബീരിയൻ തുന്ദ്രയിലെ മഞ്ഞുരുകൽ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിനുമിടയാക്കുന്നു. മഞ്ഞിലുറഞ്ഞ ഈ മൺ പ്രതലത്തിനടിയിൽ ശേഖരിക്കപ്പെട്ടിരിക്കുന്ന അതിഭീമമായ അളവിലുള്ള കാർബണിന്റേയും മീഥേനിന്റേയും ബഹിർഗമനം കെട്ടിടങ്ങൾക്കും പൈപ്പ് ലൈനുകൾക്കും സംഭരണശാലകൾക്കും താഴെയുള്ള മണ്ണ് താഴുന്നതിലും ഇടയാക്കിയിട്ടുണ്ട്. ചിലയിടങ്ങളിൽ സസ്തനികളുടെയും സസ്യങ്ങളുടെയും പഴകിയ ഫോസിലുകൾ പുറത്തുവരുകയും അഴുകാൻ തുടങ്ങുകയും ചെയ്യുമ്പോൾ മറ്റ ചിലയിടങ്ങളിൽ മീഥേൻ ബോംബ് സ്ഫോടനം സംഭവിക്കുന്നു എന്ന് ശാസ്ത്രജ്ഞർ പറഞ്ഞു തുടങ്ങും വിധം മീഥേൻ വിസ്ഫോടനം മൂലമുള്ളവിള്ളലുകൾപ്രത്യക്ഷപ്പെടുന്നു.

### ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിനു കാരണമെന്ത്? അതെന്തുകൊണ്ട് വിനാശകരമാണ്?

കൂടുതൽ വിശദീകരിക്കുന്നതിനു മുമ്പ്, ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിനു കാരണമെന്തെന്നും അതെങ്ങനെ കാലാവസ്ഥാമാറ്റത്തിനു കാരണമാകുന്നുവെന്നും മനസ്സിലാക്കുന്നത് ഉചിതമായിരിക്കും.

ഗ്ലാസ്'വൈദ്യുതകാന്തിക തരംഗങ്ങളിലെ ദൃശ്യപ്രകാശത്തെ കടത്തിവിടുമെന്നും (അതുകൊണ്ടാണല്ലോ അത് സുതാര്യമായിരിക്കുന്നത്) ചൂടിന്റെ വാഹകമായ അദൃശ്യ ഇൻഫ്രാറെഡ് തരംഗത്തെ കടത്തിവിടുകയില്ല എന്നും നമുക്കറിയാം. ഗ്ലാസുകൊണ്ടു മൂടിയ ഒരു വസ്തു സൂര്യനിൽനിന്നുള്ള ദൃശ്യപ്രകാശത്തെ ആഗിരണം ചെയ്യുകയും തൽഫലമായി അതുചൂടായി ഇൻഫ്രാറെഡ് വികിരണത്തെ പുറപ്പെടുവിക്കുകയും ചെയ്യും. എന്നാൽ ഈ വികിരണങ്ങൾ ഗ്ലാസ്സിലൂടെ പുറത്തേക്കു പോകുകയില്ല എന്നതിനാൽ ഗ്ലാസിനുള്ളിലെ സ്ഥലത്ത് സൂര്യവികിരണങ്ങൾ ബന്ധിതമായി അവിടം ക്രമേണ ചൂടുപിടിക്കും. ഒരു വസ്തു ആഗിരണംചെയ്യുന്ന ഊർജ്ജവും വികിരണംചെയ്യുന്ന ഊർജ്ജവും തുല്യമായിരിക്കുമ്പോൾ അത് സ്ഥിരോഷ്മാവിലാണെന്നു പറയും.

ഭൂമിക്കുമേൽ വിരിച്ച സുതാര്യമായ പുതപ്പാണ് ഹരിതഗൃഹവാതകങ്ങളെന്ന് കരുതാം. അത് സൂര്യനിൽനിന്നുള്ള ഹ്രസ്വതരംഗങ്ങളെ കടത്തിവിടുകയും ഭൂമിയെ ചൂടുപിടിപ്പിക്കുകയും ചെയ്യും. എന്നാൽ ചൂടായ ഭൂമി തിരിച്ച് വികിരണംചെയ്യുന്ന ഇൻഫ്രാറെഡ് തരംഗങ്ങളിൽ ഒരു പങ്കിനെ ആഗിരണം ചെയ്തുകൊണ്ട് അധികമായ ഊർജ്ജത്തെ ബന്ധിതമാക്കുകയും ചെയ്യും. ഭൂമി അങ്ങനെ ചൂടുപിടിക്കുന്നു. ഇതാണു ചുരുക്കത്തിൽ ആഗോള താപനം. ആഗോളതാപനത്തിനു കാരണമായ ഹരിതഗൃഹവാതകങ്ങളിൽ മുഖ്യമായത് കാർബൺ ഡൈ ഓക്സൈഡാണ്. മീഥേൻ, $CO_2$ വിനേക്കാൾ കൂടുതൽ ഹരിതഗൃഹ പ്രഭാവമുള്ള വാതകമാണെങ്കിലും അന്തരീക്ഷത്തിൽ അതിന്റെ അളവ് വളരെ കുറവും ആയുസ്സ് പരമാവധി 10 വർഷത്തോളം മാത്രവുമാണ്. കാർബൺ ഡൈ ഓക്സൈഡ് ആകട്ടെ അന്തരീക്ഷത്തിൽ വളരെക്കാലം നിലനിൽക്കും. അതുകൊണ്ടുതന്നെ സുദീർഘമായ ഭാവികാലത്തേക്ക് കാലാവസ്ഥയെ അതു സ്വാധീനിക്കുകയും ചെയ്യും. ഐപിസിസിറിപ്പോർട്ടു പ്രകാരം അന്തരീക്ഷത്തിലെ $CO_2$ വിന്റെ അളവ് വ്യവസായപൂർവ്വ കാലത്തെ ഏകദേശ ശരാശരിയായ 280 പിപിഎം (Parts per Million- ദശലക്ഷത്തിലെ അംശം) ൽ നിന്ന് 410 പിപിഎംലേയ്ക്കെത്തിയിരിക്കുന്നു. കഴിഞ്ഞ രണ്ടു ദശലക്ഷം വർഷങ്ങളിലെ ഏറ്റവുമുയർന്ന അളവാണിത്. അന്തരീക്ഷത്തിലെ മീഥേനിന്റേയും നൈട്രസ് ഓക്സൈഡിന്റേയും ($N_2O$) സാന്ദ്രതയും കഴിഞ്ഞ 8 ലക്ഷം വർഷങ്ങളിലെ ഉയർന്നതാണ്.

മനുഷ്യസൃഷ്ടമായ കാർബൺ ഡൈ ഓക്സൈഡ് പ്രധാനമായും ഉടലെടുക്കുന്നത് കൽക്കരി, എണ്ണ, പ്രകൃതിവാതകം തുടങ്ങിയവയുടെ ഉപയോഗംകൊണ്ടും മീഥേൻ ഉണ്ടാകുന്നത് കാർഷികവൃത്തിയിലൂടെയും (ഉദാഹരണം: കന്നുകാലി വളർത്തൽ) വാതകങ്ങളുടെ കുഴിച്ചെടുക്കലിൽനിന്നും കടത്തലിൽ നിന്നും മനുഷ്യവിസർജ്ജ്യങ്ങളിൽ നിന്നുമാണ്. കൃഷിയിൽ നൈട്രജൻ വളങ്ങളുടെ ഉപയോഗത്തിൽ നിന്നുണ്ടാകുന്ന നൈട്രസ് ഓക്സൈഡ് അളവിൽ വളരെക്കുറവാണെങ്കിലും കാർബൺ ഡൈ ഓക്സൈഡിനെ അപേക്ഷിച്ച് ഹരിതഗൃഹ പ്രഭാവം വളരെയധികം കൂടിയതിനാലും അന്തരീക്ഷത്തിൽ ദീർഘകാലം തങ്ങിനില്ക്കുമെന്നതിനാലും ഇപ്പോൾ കൂടുതൽ ശ്രദ്ധ നേടിയിട്ടുണ്ട്. മനുഷ്യപ്രവർത്തനങ്ങളും ഹരിതഗൃഹവാതകങ്ങളുടെ വർദ്ധനയും തമ്മിലുള്ളബന്ധം സംശയാതീതമായി വെളിപ്പെടുത്തുക മാത്രമല്ല, അതിനാധാരമായ വസ്തുതകൾ കൂടി ഐപിസിസി റിപ്പോർട്ട് നൽകുന്നുണ്ട്. വിശദാംശങ്ങളിലേയ്ക്കു പോകാതെതന്നെ പറയാൻ കഴിയും ഇക്കാര്യത്തിൽ പ്രകൃതിശക്തികൾ വഹിക്കുന്ന പങ്ക് തുലോം തുച്ഛമാണ്.

സൂര്യനിൽനിന്നുള്ള അൾട്രാവയലറ്റ് രശ്മികളിൽനിന്ന് മനുഷ്യരേയും സസ്യങ്ങളേയും സംരക്ഷിക്കുന്നതിൽ, അന്തരീക്ഷത്തിലെ ഉയർന്ന വിതാനമായ സ്ട്രാറ്റോസ്ഫിയറിലെ ഓസോൺ ($O_3$) വാതകത്തിന്റേതായ ഓസോൺപാളി നിർണായകമായ പങ്ക് വഹിക്കുന്നുണ്ട്. അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന പുകമഞ്ഞിൽ നിന്നുണ്ടാകുന്ന, മനുഷ്യരുടെ ആരോഗ്യത്തിന് അത്യന്തം ഹാനികരമായ ഭൗമോപരിതല ഓസോണുമായി ഇതിനെ തെറ്റിദ്ധരിക്കരുത് (ഇന്ത്യക്ക് ഈ മലിനീകരണത്തിൽ വലിയ പങ്കുണ്ട്).

സ്ട്രാറ്റോസ്ഫെറിക് ഓസോൺ പാളിയിൽ തുള വീഴിക്കുന്നതിൽ ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളലിനു പങ്കുണ്ടെങ്കിലും അതുകൊണ്ടുമാത്രം ആഗോളതാപനത്തിന് അത് കാരണമാകുന്നില്ല. എന്നാൽ ആഗോള താപനത്തിനും ഓസോൺ പാളിയുടെ ക്ഷയത്തിനും ഒരു പൊതുകാരണമുണ്ട്. അന്തരീക്ഷഘടനയെ മാറ്റിമറിക്കുന്ന തരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന മനുഷ്യ പ്രവർത്തനങ്ങളാണത്. ആഗോളതാപനത്തിന്റെ അളവുമാത്രമല്ല, അതു സംഭവിക്കുന്നതിന്റെ വേഗതയാണ് ശാസ്ത്രജ്ഞരെ അലട്ടുന്ന സംഗതി. ലളിതമായി പറഞ്ഞാൽ ഹരിതഗൃഹവാതകങ്ങളുടെ ദ്രുതഗതിയിലുള്ള പുറന്തള്ളലിന് ഉടനേ തടയിടുക എന്നതാണു പരിഹാര മാർഗ്ഗം. ലോക കാലാവസ്ഥാശാസ്ത്ര റിപ്പോർട്ടുപ്രകാരം 1990 മുതൽ 2020 വരെയുള്ള കാലയളവിൽ, ദീർഘായുസ്സുള്ള ഹരിതഗൃഹവാതകങ്ങൾ മൂലമുള്ള കാലാവസ്ഥയുടെ താപനപ്രഭാവത്തിൽ (radiative forcing ) 47% വർദ്ധനയുണ്ടായിട്ടുണ്ട്; അതിൽ 80% വർദ്ധനവിന്റേയും ഉത്തരവാദി $CO_2$ ആണ്. ലോക കാലാവസ്ഥാശാസ്ത്ര സംഘടന(WMO)യുടെ ഗ്ലോബൽ അറ്റ്മോസ്ഫെറിക് വാച്ച് നെറ്റ് വർക്കിന്റെ നിരീക്ഷണങ്ങളിൽ നിന്നാണ് ഈ വസ്തുതകൾ ലഭിച്ചിട്ടുള്ളത്.

### ആഗോളതാപനവും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുന്നതിനായുള്ള ഉച്ചകോടികൾ

ഈ പ്രശ്നം പരിഹരിക്കുന്നതിനായുള്ള ഉച്ചകോടികൾ ഉണ്ടായിട്ടില്ലെന്നല്ല. ആഗോളതാപന പ്രവണതകൾ ചൂണ്ടിക്കാട്ടിയുള്ള ശാസ്ത്രജ്ഞരുടെ ആശങ്കാഭരിതമായ ശബ്ദങ്ങളുടേയും ശക്തമായ ജനകീയാഭിപ്രായങ്ങളുടേയും നടപടികൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങളുടേയും പശ്ചാത്തലത്തിൽ 1980കളുടെ ഒടുവിൽ ലോക കാലാവസ്ഥാശാസ്ത്ര സംഘടനയും (WMO ) യുണൈറ്റഡ് നാഷൻസ് എൻവയണ്മെന്റൽ പ്രോഗ്രാമും (UNEP) കാലാവസ്ഥാ മാറ്റത്തെക്കുറിച്ചുള്ള ശാസ്ത്രീയ വിവരങ്ങൾ വിലയിരുത്തുന്നതിനായി ഇന്റർഗവണ്മെന്റൽ പാനൽ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് (IPCC ) രൂപീകരിക്കുകയും യു.എൻ ജനറൽ അസംബ്ലി അതിന് അംഗീകാരം നൽകുകയും ചെയ്തു. ആഗോള കാലാവസ്ഥാ സംരക്ഷണത്തിനായി ഒരു അന്താരാഷ്ട്ര കാലാവസ്ഥാ ഉടമ്പടിക്ക് രൂപം നൽകുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 1991ൽ ചർച്ചകൾ ആരംഭിക്കുകയും ചെയ്തു. ആ കൂടിയാലോചനകൾ ഫ്രെയിംവർക്ക് കൺവൻഷൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (FCCC) ലേക്കു നയിച്ചു. വിവിധരാജ്യങ്ങളുടെ പങ്കാളിത്തത്തിനായി1992 ജൂണിൽ റിയോ ഡി ജനീറോയിൽ കൺവൻഷൻ ആരംഭിക്കുകയും 1994 മാർച്ചിൽ പ്രാബല്യത്തിൽ വരുകയുംചെയ്തു.

അതിനുശേഷം ഫ്രെയിംവർക്ക് കൺവൻഷനിലെ അംഗങ്ങളുടെ മൂന്നാമതു സമ്മേളനം(കോൺഫറൻസ് ഓഫ് പാർട്ടീസ് ടു ദി ഫ്രെയിംവർക്ക് കൺവൻഷൻ) 1997 ഡിസംബർ 1 മുതൽ 12 വരെ ജപ്പാനിലെ ക്യോട്ടോയിൽ ചേരുകയുണ്ടായി. അതിന്റെ ഫലമായി യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക്ക് ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (UNFCC)ന്റെ ഭേദഗതി എന്ന നിലയിൽ കാലാവസ്ഥാ മാറ്റത്തെ ചെറുക്കുന്നതിനായി 169 രാഷ്ട്രങ്ങൾ ഉൾപ്പെടുന്ന ഒരു അന്താരാഷ്ട്ര കരാർ നിലവിൽ വന്നു. ക്യോട്ടോ ഉടമ്പടി എന്നാണിത് അറിയപ്പെടുന്നത്. ലഘൂകരണത്തിനായുള്ള നയങ്ങളും നടപടികളും ആവിഷ്കരിക്കാനും സമയബന്ധിതമായി പുരോഗതിയെക്കുറിച്ച് റിപ്പോർട്ടു ചെയ്യുവാനും ഉടമ്പടി അംഗരാഷ്ട്രങ്ങളോടാവശ്യപ്പെടുന്നു. അഥവാ, ബഹിർഗമനം കുറയ്ക്കുക എന്നതു വികസിത രാജ്യങ്ങൾക്കു ബാധ്യതയും വികസ്വര രാജ്യങ്ങൾക്കു സ്വേച്ഛാനുസരണവും ആക്കി. വികസ്വരരാജ്യങ്ങൾക്ക് ഈ നടപടികൾക്കായി സാങ്കേതികവിദ്യയുടെ കൈമാറ്റവും സാമ്പത്തിക സഹായവും വികസിത രാജ്യങ്ങളിൽനിന്ന് ലഭിക്കുകയുംചെയ്യും. അംഗീകാരം നൽകാനുള്ള സങ്കീർണ്ണമായ പ്രക്രിയകൾക്കുശേഷം 2005 ഫെബ്രുവരി 16 ന് ക്യോട്ടോ ഉടമ്പടി പ്രാബല്യത്തിൽവന്നു. 192 രാജ്യങ്ങൾ നിലവിൽ ഈ ഉടമ്പടിയുടെ ഭാഗമാണ്. കാർബൺ വ്യാപാരം അഥവാ 'അയവുള്ള' ഒരു ഘടനയ്ക്കുവേണ്ടിയുള്ള വ്യവസ്ഥ CDM (clean development mechanism) എന്നപേരിൽ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തേക്കാൾ ബഹിർഗമനം കുറച്ചിട്ടുള്ള രാജ്യങ്ങൾക്കും കമ്പനികൾക്കും ലക്ഷ്യത്തിനുപരിയായ ഈ ബഹിർഗമനം വിൽക്കാൻ സാധിക്കും. ലക്ഷ്യത്തിലെത്താത്തവർക്ക് അത്രയും വാങ്ങാനും കഴിയും. സമാനമൂല്യമുള്ള കാർബൺ ഡൈ ഓക്സൈഡിന്റെ മെട്രിക് ടൺ അളവിലാണ് ഈ വ്യാപാരങ്ങൾ നടക്കുക. വികസ്വര രാജ്യങ്ങളിൽനി

(ശേഷം 11-ാം പേജിൽ)

**ഭൂമിക്കുമേൽ വിരിച്ച സുതാര്യമായ പുതപ്പാണ് ഹരിതഗൃഹവാതകങ്ങൾ. അത് സൂര്യനിൽനിന്നുള്ള ഹ്രസ്വതരംഗങ്ങളെ കടത്തിവിടുകയും ഭൂമിയെ ചൂടുപിടിപ്പിക്കുകയും ചെയ്യും. എന്നാൽ ചൂടായ ഭൂമി തിരിച്ച് വികിരണംചെയ്യുന്ന ഇൻഫ്രാറെഡ് തരംഗങ്ങളിൽ ഒരു പങ്കിനെ ആഗിരണം ചെയ്തുകൊണ്ട് അധികമായ ഊർജ്ജത്തെ ബന്ധിതമാക്കുകയും ചെയ്യും. ഭൂമി അങ്ങനെ ചൂടുപിടിക്കുന്നു. ഇതാണ് ചുരുക്കത്തിൽ ആഗോള താപനം.**

# ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനത്തെ നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങളെ സാമ്രാജ്യത്വ ശക്തികൾ അട്ടിമറിക്കുന്നു

(10–ാം പേജിൽ നിന്ന്)

ന്ന് ബഹിർഗമനത്തിലെ കുറവിന്റെ അളവ് വാങ്ങുകയാണെങ്കിൽ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ചെലവ് കുറവായിരിക്കുമെന്ന് വികസിത രാജ്യങ്ങളിലെ പല കമ്പനികളും കണ്ടു. എന്നാൽ യു.എസ്. സാമാജ്യത്വം ക്യോട്ടോ ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ വിസമ്മതിച്ചു. വികസ്വര രാജ്യങ്ങൾ ബഹിർഗമനം കുറയ്ക്കുന്നതുവരെ സ്വയം കുറയ്ക്കാൻ അവർ തയാറാകുന്നുമില്ല എന്നതിനെപ്പറ്റി പറയാനുമില്ല. എന്നിരുന്നാലും മറ്റു പല രാജ്യങ്ങളും ക്യോട്ടോ പ്രോട്ടോകോൾ അംഗീകരിക്കാൻ തയാറായിട്ടുണ്ട്. ക്യോട്ടോ ഉടമ്പടിയിലെ രണ്ടാം പ്രതിബദ്ധതാ കാലയളവ് ഇന്ത്യ 2012ൽ അംഗീകരിച്ചു.

2009ലെ കോപ്പൻഹേഗൻ ഉച്ചകോടിയിൽ (COP15) ബഹിർഗമനം കുറയ്ക്കുന്നതിനുള്ള പുതിയ നിബന്ധനകൾ അവതരിപ്പിക്കപ്പെട്ടപ്പോൾ ബഹിർഗമനം കുറയ്ക്കാനുള്ള വികസിതരാജ്യങ്ങളുടെ ബാധ്യതയിൽ നിന്നൊഴിവാകാനും വികസ്വര രാജ്യങ്ങളുടെമേൽ അതിന് സമ്മർദ്ദം ചെലുത്താനുമുള്ള യു.എസ് കൗശലങ്ങൾ ആരംഭിച്ചു. കാലാവസ്ഥാശാസ്ത്രത്തേയും ശാസ്ത്രജ്ഞരേയും ഇകഴ്ത്തിക്കാട്ടാനും കാലാവസ്ഥാശാസ്ത്രം ഒരു അസംബന്ധമാണെന്നും വൃത്തികെട്ട രാഷ്ട്രീയത്തിന്റെ സൃഷ്ടിയാണെന്നും വസ്തുതകളുടേയും കണക്കുകളുടേയും അടിസ്ഥാനത്തിൽ'തെളിയിക്കാൻ'മുള്ള അന്തർദേശീയ പ്രചാരവേല നടത്തുന്ന വ്യാവസായിക ഭീമൻമാരുടെ പ്രത്യേകിച്ച് എണ്ണ ലോബിയുടെ നിഷ്ഠുരമായ കമ്പോള താല്പര്യങ്ങൾക്കു കീഴടങ്ങി യുഎസ് അങ്ങനെ ക്യോട്ടോ ഉടമ്പടിയെ പ്രായോഗികമായി വലിച്ചെറിഞ്ഞു.

ദൗർഭാഗ്യകരമായ കോപ്പൻഹേഗൻ ഉച്ചകോടിക്കുശേഷം 196 രാഷ്ട്രങ്ങൾ 2015 ഡിസംബർ12ന് പാരീസിൽ COP 21നായി വീണ്ടും സമ്മേളിച്ചു. ആഗോളതാപനം വ്യവസായപൂർവ്വകാലഘട്ടത്തേക്കാൾ 2ഡിഗ്രി സെൽഷ്യസ് അല്ലെങ്കിൽ അഭിലഷണീയമായ 1.5 ഡിഗ്രി ആയിനിയന്ത്രിക്കുകഎന്നലക്ഷ്യം നേടിയെടുക്കാൻ ഒരു കരാർ രൂപംകൊണ്ടു. ദീർഘകാലലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള ശ്രമങ്ങളെ മെച്ചപ്പെട്ട രീതിയിൽ ചിട്ടപ്പെടുത്താനായി 2020ഓടെ, താഴ്ന്ന ഹരിതഗൃഹ വാതക ബഹിർഗമനത്തിനുള്ള ദീർഘകാല വികസന തന്ത്രങ്ങൾ (long-term low greenhouse gas emission development strategies LT-LEDS) ആവിഷ്ക്കരിക്കാൻ പാരീസ് ഉടമ്പടി, രാജ്യങ്ങളോട് നിർദ്ദേശിച്ചു. കാലാവസ്ഥാവ്യതിയാനത്തെ സംബന്ധിച്ച്, നിയമപരമായി സാധുവായ ഒരു അന്താരാഷ്ട്ര കരാറാണ് പാരീസ് ഉടമ്പടി. പക്ഷേ, ചട്ടങ്ങളുടെ അഭാവത്താൽ, ഉദ്ദേശിക്കപ്പെട്ടിരുന്നതുപോലെ 2020ൽ പാരീസ് ഉടമ്പടി പ്രാബല്യത്തിൽ വന്നില്ല. വീണ്ടും മറ്റൊരു യു.എൻ കാലാവസ്ഥാ സമ്മേളനം (COP 24) 2018 ഡിസംബർ 2മുതൽ 15വരെ പോളണ്ടിലെ കാറ്റോവൈസിൽ നടന്നു. യുറോപ്യൻ യൂണിയനും അംഗരാജ്യങ്ങളും യു.എൻ കാലാവസ്ഥാ വ്യതിയാന കൺവൻഷനിലെ അംഗങ്ങളെന്ന നിലയിൽ പങ്കെടുത്തു. ഇവിടെയും സാമ്പത്തിക കാര്യങ്ങളിലും സുതാര്യതയിലും യോജിപ്പുണ്ടായില്ല.

## ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനത്തെ നിയന്ത്രിക്കുന്നതിലുള്ള അഭിപ്രായസമന്വയത്തെ തടയുന്നതെന്താണ്?

വികസിതമായ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന ഊർജ്ജോല്പാദന ഗതാഗതമേഖലകളിലെ(വിശേഷിച്ച് വാഹനങ്ങൾ) സ്രോതസ്സുകളിൽ നിന്നാണ് പ്രധാനമായും ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളപ്പെടുന്നത്. പക്ഷേ ഈ ധനിക രാജ്യങ്ങളിലെ ഭരണാധികാരികൾ അവരുടെ ബഹിർഗമനത്തെക്കുറിച്ച് ഇതേവരെ യാതൊരു ഉൽക്കണ്ഠയും കാണിച്ചിട്ടില്ല. പകരം അവർ താരതമ്യേന അവികസിതമോ വികസ്വരമോ ആയ രാജ്യങ്ങളുടെ ബഹിർഗമനത്തിലേക്കു വിരൽ ചൂണ്ടുന്നു. ബഹിർഗമനം കുറയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെ, വർദ്ധിതമായിവരുന്ന ചെലവുകൾ ആരുവഹിക്കും എന്നതിനെപ്പറ്റിയൊക്കെ വികസിത രാജ്യങ്ങളും വികസ്വരരാജ്യങ്ങളും തമ്മിലുള്ള ചർച്ചകളിൽ ഉരസൽ പ്രകടമാണ്. മനുഷ്യ ഇടപെടൽ മൂലമുള്ള ഇപ്പോഴത്തെ കാലാവസ്ഥാമാറ്റത്തിന് പ്രധാനമായും കാരണക്കാരായ വികസിത രാജ്യങ്ങൾ മാറ്റത്തിനായുള്ള ചെലവു വഹിക്കണമെന്നാണ് വികസ്വരവും താരതമ്യേന അവികസിതവുമായ രാജ്യങ്ങൾ ആവശ്യപ്പെടുന്നത്.

## സാമ്രാജ്യത്വ-മുതലാളിത്തമാണ് ആഗോളതാപനത്തിന് ഉത്തരവാദികൾ

സാങ്കേതികവിദ്യയുടെ വികാസത്തിലോ വ്യവസായപുരോഗതിയിലോ അല്ല അടിസ്ഥാനപ്രശ്നങ്ങൾ കുടികൊള്ളുന്നത് എന്ന് വ്യക്തമായി മനസ്സിലാക്കണം. ഇന്നത്തെ സമൂഹത്തിന്റെ ഘടനയിലും, സാമ്പത്തികപ്രവർത്തനത്തിന്റെ, അതായത് മുതലാളിത്തത്തിന്റെ അടിസ്ഥാന പ്രചോദനത്തിലുമാണ് അവ തേടേണ്ടത്. ഈ കാര്യം വ്യക്തമാക്കുന്നതിനായി, ഈ വിഷയത്തിലുണ്ടായിട്ടുള്ള അന്താരാഷ്ട്ര മുന്നേറ്റങ്ങളേയും അവയോട് വിവിധ രാജ്യങ്ങളിലെ സർക്കാരുകൾ പ്രകടിപ്പിച്ച മനോഭാവവും ഒന്ന് പരിശോധിക്കാം.

തുടക്കം തൊട്ടുതന്നെ, സാമ്രാജ്യത്വ യുഎസ് ഭരണകൂടം, ഒന്നല്ലെങ്കിൽ മറ്റൊരു കാരണം പറഞ്ഞ് ആഗോളതാപനത്തിന്റെ വിഷയത്തിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിച്ചുകൊണ്ടേയിരിക്കുകയാണ്. ആഗോളതാപനം വർദ്ധിക്കുന്ന പ്രവണതയെ തടയുന്നതുമായി ബന്ധപ്പെട്ട സുപ്രധാന ചോദ്യങ്ങൾ വരുമ്പോൾ, ലോകമാസകലമുള്ള ജനങ്ങളുടെ പട്ടിണിക്കും ദുരിതത്തിനുംമേലേ പുളയ്ക്കുന്ന ലോക സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ തലവനായ പെന്റഗൺ ഭരണാധികാരികൾ എപ്പോഴും അധരവ്യായാമംമാത്രം നടത്തും. അതും പോരാഞ്ഞ്, കാലാവസ്ഥാവ്യതിയാനത്തിന്റെ ഭീഷണിയെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള എന്തെങ്കിലും ക്രിയാത്മക നിർദ്ദേശം വന്നാൽ അത് നടപ്പിൽ വരില്ലയെന്ന് അവർ ഉറപ്പാക്കുകയും ചെയ്യും. ആഗോളതാപനത്തെയും കാലാവസ്ഥാവ്യതിയാനത്തെയും സംബന്ധിച്ച ശാസ്ത്രീയ തെളിവുകൾ വർദ്ധിച്ചിട്ടും, അതിനെ അംഗീകരിക്കാതിരിക്കാനുള്ള മർക്കടമുഷ്ടിയാണ് യുഎസ് സാമ്രാജ്യത്വ ഭരണാധികാരികൾ കാലങ്ങളായി വച്ചുപുലർത്തുന്നത്. എക്സോൺ മൊബീൽപോലെയുള്ള കരുത്തരായ എണ്ണ കമ്പനികൾക്കും, കോംപറ്റീറ്റീവ് എന്റർപ്രൈസ് ഇൻസ്റ്റിറ്റ്യൂട്ടും കാട്ടോ ഇൻസ്റ്റിറ്റ്യൂട്ടുംപോലെയുള്ള ചില ബുദ്ധികേന്ദ്രങ്ങൾക്കുംവേണ്ടി നിലവിലുള്ള പരിസ്ഥിതി നിയമങ്ങളിലും സുരക്ഷയിലുംപോലും വാസ്തവത്തിൽ അവർ വെള്ളം ചേർക്കുകയാണ്.

ഹീനലക്ഷ്യങ്ങളോടുകൂടിയ ഈ വിഭാഗങ്ങൾ കാലാവസ്ഥാവ്യതിയാനത്തിന്റെ അപകടങ്ങളെ കുറച്ചുകാണിക്കുവാനായി പ്രചാരണം നടത്തുകയായിരുന്നു. ജനകീയമുന്നേറ്റങ്ങളുടെ സമ്മർദ്ദഫലമായി, ആഗോളതാപനമെന്ന പ്രതിഭാസം മനുഷ്യൻ സൃഷ്ടിക്കുന്നതാണെന്നും മതിയായ പ്രതിരോധനടപടികൾ കൈക്കൊള്ളേണ്ടതുണ്ടെന്നും അവർക്ക് പിന്നീട് സമ്മതിക്കേണ്ടിവന്നു. പക്ഷേ എന്നിട്ടും, പരിഹാരനടപടികളുടെ നിർബന്ധിതലക്ഷ്യങ്ങളോടുള്ള യുഎസിന്റെ ഭിന്നത രേഖപ്പെടുത്തിക്കൊണ്ട് പാരീസ് കരാറിൽനിന്നും യുഎസിന്റെ മുൻപ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുറത്തുപോവുകയുണ്ടായി. നിലവിലെ യുഎസ് പ്രസിഡന്റ് ബൈഡന്റെ വൻവാഗ്ദാനങ്ങൾക്കപ്പുറം, ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലും, പരിസ്ഥിതി മലിനീകരണവും ആഗോളതാപനവും സൃഷ്ടിക്കുന്ന മറ്റു പ്രവർത്തനങ്ങളും അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അനുകൂലമായ നിലപാട് യുഎസ് സാമ്രാജ്യത്വവും അവരുടെ പിണിയാളുകളും സ്വീകരിക്കുമോ എന്നതാണ് അറിയേണ്ടത്.

പ്രതിവിപ്ലവത്തിനുശേഷം സാമ്രാജ്യത്വശക്തിയായി മാറിയ ചൈനയാണ് ആഗോളതലത്തിൽ ഹരിതഗൃഹവാതക പുറന്തള്ളലിൽ ഏറ്റവും മുന്നിലുള്ള രാജ്യം. വുഹാൻ അടക്കമുള്ള സ്ഥലങ്ങളിൽനിന്നും ലോകരാജ്യങ്ങൾക്കെല്ലാം ആവശ്യമുള്ള ഉരുക്ക്, ഇലക്ട്രോണിക്സ്, തുണിത്തരങ്ങൾ തുടങ്ങിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായശാലകളിൽ നിന്നാണ് ഇതിൽ വലിയൊരു പങ്കും ഉണ്ടാകുന്നത്. ആഗോളതാപനം കുറയ്ക്കുന്നതിനുള്ള പ്രതിബദ്ധതയെക്കുറിച്ചൊക്കെ സംസാരിക്കുമെങ്കിലും, യഥാർത്ഥത്തിൽ അവർ യുഎസിന്റെ പ്രതികരണമാണ് നിരീക്ഷിക്കുന്നത്. കാരണം, ആഗോള മുതലാളിത്ത കമ്പോളത്തിൽ യുഎസ് ആണ് ചൈനയുടെ ഏറ്റവും വലിയ എതിരാളി. യൂറോപ്പ്യൻ ശക്തികളാകട്ടെ, ഒരു കരാറിനുള്ള ഉചിതമായ സമയമാണെന്ന് വാക്കാൽ അംഗീകരിക്കുന്നുണ്ടെങ്കിലും, ഇക്കാര്യത്തിൽ യുഎസും ചൈനയും എടുക്കുന്ന നിലപാടുകൾ അനുസരിച്ച് തങ്ങൾ എവിടെ നിൽക്കുന്നു എന്ന് അവരും കാണിച്ചു തരേണ്ടതുണ്ട്. കഴിഞ്ഞ രണ്ട് ദശകങ്ങൾക്കിടയിൽ സാമ്രാജ്യത്വ റഷ്യയുടെ ഭരണാധികാരികളാകട്ടെ, കാലാവസ്ഥാപ്രതിസന്ധിയെക്കുറിച്ച് തമാശ പറയുന്നതിൽനിന്നും ക്രമേണമാറി കാലാവസ്ഥാവ്യതിയാനത്തോട് പ്രതികരിക്കുന്നതിനുള്ള ഉത്തരവാദിത്തം ഏറ്റെടുത്തുതുടങ്ങിയിരിക്കുന്നു. കാരണം, ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്നതിൽ ലോകത്ത് നാലാം സ്ഥാനത്തുള്ള റഷ്യയിലാണ് കാലാവസ്ഥാവ്യതിയാനത്തിന്റെഫലങ്ങൾ ഏറ്റവും രൂക്ഷമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. ഭൂമിയിൽ മറ്റ് പ്രദേശങ്ങളെക്കാൾ വേഗത്തിലാണ് റഷ്യയിൽ താപം വർദ്ധിക്കുന്നത്. മറ്റൊരു വമ്പൻ സാമ്രാജ്യത്വശക്തിയായ ഇന്ത്യയിലാകട്ടെ, തികച്ചും അശ്രദ്ധമായ ഫോസിൽ ഇന്ധന ഉപഭോഗവും, അനിയന്ത്രിതമായ തരത്തിൽ വിവിധ വ്യവസായങ്ങളിൽ നിന്നും വിഷവാതകങ്ങൾ പുറത്തുവിടുന്നത് അടക്കമുള്ള മലിനീകരണം നടത്തി ഇവിടത്തെ കാലാവസ്ഥയെത്തന്നെ വിഷമയമാക്കുന്നു.

ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മുതലാളിത്ത ചൂഷണത്തിന്റെ വിഷം മുറ്റിയ നീരാളിക്കൈകൾ നുഴഞ്ഞുകയറുകയാണ്. ലോകത്ത് എല്ലായിടത്തും ഇന്ന് നിലവിലിരിക്കുന്ന മുതലാളിത്ത ഉത്പാദനസംവിധാനം ഒരുപിടി കുത്തകകൾക്കും ബഹുരാഷ്ട്രകമ്പനികൾക്കും ലാഭമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെമാത്രം മുന്നോട്ടുപോകുന്ന ഒന്നാണ്. അതിനായി, ഫോസിൽ ഇന്ധനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം, ഹരിത ഊർജ്ജ ഉറവിടങ്ങളിലേക്ക് എത്രയും വേഗം മാറുന്നതിനുള്ള വൈമുഖ്യം, വ്യവസായശാലകൾ പരിസ്ഥിതി സൗഹൃദമായി നടത്തുന്നതിനോടുള്ള അവഗണന, യാതൊരു ആസൂത്രണവുമില്ലാത്ത നഗരവത്കരണവും അതിനോടു ചേർന്ന് വനം വെട്ടിവെളുപ്പിച്ച് ജൈവവൈവിധ്യവും പരിസ്ഥിതി സന്തുലനവും നശിപ്പിക്കുന്നതുംപോലെയുള്ള ഒരു കൂട്ടം കാലാവസ്ഥാവിരുദ്ധ നടപടികളാണ് വ്യവസായഭീമന്മാരും കോർപ്പറേറ്റ് സ്രാവുകളും നടത്തുന്നത്. പ്രാദേശികവും ഭാഗികവുമായ യുദ്ധങ്ങളിൽ സർവ്വനാശകാരിയായ ആയുധങ്ങൾ ഉപയോഗിക്കുന്നതും പരിസ്ഥിതി അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നുണ്ട്.

## ആഗോളതാപനത്തിനുള്ള വ്യക്തമായ ഉത്തരം ശാസ്ത്രത്തിനുണ്ടെങ്കിലും ചെവിക്കൊള്ളാൻ മുതലാളിത്തം തയ്യാറാകുന്നില്ല

എല്ലാ സമൂഹങ്ങളുടെയും, മനുഷ്യരാശി ഒന്നാകെയുമുള്ള ആവശ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, യോജിച്ച അനുരൂപീകരണ-ലഘൂകരണ നടപടികളും നയങ്ങളും കൈക്കൊണ്ട് ആഗോളതാപനത്തിന്റെ ആഘാതത്തെ കുറയ്ക്കുവാനുള്ള നടപടികൾ ശാസ്ത്രം വ്യക്തമായി മുന്നോട്ടു വെക്കുന്നു. ഇന്നത്തെ സാമ്രാജ്യത്വ-മുതലാളിത്തമാകട്ടെ ഇതിനു പകരം ആഗോളതാപനത്തിന്റെ പ്രശ്നം കൂടുതൽ വഷളാക്കുന്നു. കോർപ്പറേറ്റ് താത്പര്യങ്ങൾക്കനുസരിച്ച് മുതലാളിത്ത സർക്കാരുകൾ കൈക്കൊണ്ടുകൊണ്ടിരിക്കുന്ന അനവധി നടപടികളിൽനിന്നും ഇത് നമുക്കു ദർശിക്കാവുന്നതാണ്. സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളെ സംബന്ധിച്ചിടത്തോളം നയരൂപീകരണത്തിനുള്ള നിർണ്ണായകഘടകം ശാസ്ത്രമല്ല, ലാഭം വർദ്ധിപ്പിക്കുക എന്നതാണ്. അടിയന്തര ദുരന്തങ്ങളെ അകറ്റിനിർത്തുന്നതിനുള്ള പൊടിക്കൈകൾ, ആഗോളതാപനത്തിനുള്ള ദീർഘകാല ശാസ്ത്രീയ പരിഹാരത്തിന്റെ സൂചനയല്ല. കൂടാതെ, ഭൂവിനിയോഗരീതികൾ മാറ്റുക, സ്വാഭാവിക ജലഗമന മാർഗ്ഗങ്ങളും നീർച്ചാലുകളും കൈയേറുക, നദികളുടെ തീരം കവർന്നുള്ള ചിന്താശൂന്യമായ നഗരവത്ക്കരണം, കാടും കുന്നും നശിപ്പിക്കൽ, തുടങ്ങി ഭരിക്കുന്ന സാമ്രാജ്യത്വ-മുതലാളിത്തം നടപ്പാക്കുന്ന പ്രവൃത്തികളെല്ലാം പരിസ്ഥിതിയെ മാറ്റിമറിക്കുന്നതോടൊപ്പം, നിരവധി രോഗങ്ങൾ സൃഷ്ടിക്കുകയും പാവപ്പെട്ട ജനങ്ങളെ അവരുടെ കിടപ്പാടങ്ങളിൽനിന്നും പുറത്താക്കുകയും ചെയ്യുന്നു. മനുഷ്യജീവനും ആരോഗ്യത്തിനും ശതകോടിക്കണക്കിന് ജീവിതങ്ങൾക്കും ഉണ്ടായിരിക്കുന്ന കൊടിയ ഭീഷണിക്കു പുറമേ, ഇത് സൃഷ്ടിക്കുന്ന അതിഭീമമായ സാമ്പത്തികച്ചെലവ്, ആത്യന്തി

(ശേഷം 12–ാം പേജിൽ)

# ലാഭാർത്തിപൂണ്ട മുതലാളിത്ത ഉൽപാദനത്തിന് അന്ത്യംകുറിച്ചുകൊണ്ടേ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാൻ കഴിയൂ

(11-ാം പേജിൽ നിന്ന്)

കമായി ആരാണ് അത് വഹിക്കുകയെന്നതും അധ്വാനിക്കുന്ന ജനങ്ങൾക്കു മുമ്പാകെ ഉയരുന്ന ചോദ്യമാണ്.

### സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങൾ കൈക്കൊള്ളുന്ന, പുരോഗമനപരമെന്ന് തോന്നിക്കുന്ന നടപടികൾക്ക് പിന്നിലെ ലക്ഷ്യം

അടുത്തിടെയായി ഇതുമായി ബന്ധപ്പെട്ട് പുരോഗമനപരമായ ചില നടപടികൾ എടുക്കുന്ന സൂചനകളുണ്ട്. കുത്തകകൾക്കും ബഹുരാഷ്ട്ര കമ്പനികൾക്കും മനംമാറ്റമുണ്ടായതു കൊണ്ടല്ല ഈ നടപടികൾ. മറിച്ച്, കാലാവസ്ഥാവ്യതിയാന ലഘൂകരണംതന്നെ സ്വകാര്യമേഖലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ സാമ്പത്തിക-വാണിജ്യ അവസരമായാണ് അവർ കാണുന്നത് എന്നതിനാലാണ്. പരമാധികാര ഇറാഖിനുമേൽ ബോംബ് വർഷം നടത്തി അവരെ മുച്ചൂടും തകർത്തതിന് ശേഷം, അതേ രാജ്യത്തെ പുനർനിർമ്മിക്കുവാനുള്ള കരാറുകൾ തങ്ങളുടെ സ്വകാര്യ നിർമാതാക്കൾക്ക് തരപ്പെടുത്തിക്കൊടുത്ത യുഎസ് സാമ്രാജ്യത്വം ചെയ്തതിന് സമാനമാണിത്. ഇപ്പോഴത്തെ ഗ്ലാസ്ഗോ കൺവെൻഷനിൽ ലഘൂകരണത്തിന്റെ ഈ വ്യവസായം തന്നെയാകാം പ്രധാന പങ്ക് വഹിക്കുക. അന്താരാഷ്ട്ര തലത്തിൽ സ്വമേധയാ ഉള്ള സഹകരണത്തെ സംബന്ധിക്കുന്ന പാരീസ് സമ്മേളന നിയമാവലിയുടെ 6-ാം വകുപ്പിന്റെ ഫലമെന്താകുമെന്നാണ് നിരീക്ഷകർ ഉറ്റുനോക്കുന്നത്. ഇതിലൂടെയാണ്, കെട്ടിട നിർമ്മാതാക്കൾ വികസന അവകാശങ്ങൾ കച്ചവടം ചെയ്യുന്നതുപോലെ ലഘൂകരണത്തിന്റെ പരിണതഫലങ്ങൾ മറ്റൊരു കക്ഷിയുമായി കച്ചവടം ചെയ്യാനാകുന്നത്. ലാഭമുണ്ടാക്കാനുള്ള ഒരു വഴിയും മുതലാളിത്തം കൈവിട്ടുകളയുകയില്ല.

### ലാഭലക്ഷ്യം മുൻനിർത്തി സാമ്രാജ്യത്വ മുതലാളിത്തം പരിഹാരപ്രക്രിയ നീട്ടിവെക്കുന്നു

പരിസ്ഥിതിയുടെ പ്രശ്നം, വിശേഷിച്ചും ആഗോളതാപനം, തീർച്ചയായും മനുഷ്യരാശിയുടെ നിലനിൽപ്പിന്റെതന്നെ പ്രശ്നമാണ്. പക്ഷേ ഇന്ന് നിലനിൽക്കുന്ന സാമൂഹിക സംവിധാനത്തിൽ നിന്നും ഒറ്റപ്പെടുത്തി മാറ്റിക്കൊണ്ടല്ല അതിനെ കാണേണ്ടത്. ഈ തകർച്ചയുടെ വക്കിലേക്ക് ലോകത്തെ നയിച്ചതെന്താണ്? നേരത്തെ പറഞ്ഞതുപോലെ, വിനാശകരമായ പരിണതിയെക്കുറിച്ച് നന്നായി അറിയാമായിരുന്നിട്ടും, ഊർജ്ജം, രാസവസ്തു നിർമ്മാണം, തുടങ്ങി ഒരു മേഖലയിലും തങ്ങൾക്ക് പരമാവധി ലാഭസാധ്യത കാണുന്ന ഒരു പദ്ധതിയും നിർത്തിവെക്കാൻ സാമ്രാജ്യത്വ-മുതലാളിത്തം തയ്യാറായില്ല. എതിരാളികളെ പിന്തള്ളി കമ്പോളം പിടിച്ചെടുക്കുകയെന്നത് സാമ്രാജ്യത്വ മുതലാളിത്തത്തിന്റെ പ്രധാന സവിശേഷതയാണ്. പരമാവധി ലാഭം കിട്ടുന്നതിനായി നിർമ്മാണ ചെലവ് എത്രത്തോളം കുറയ്ക്കാമോ അത്രത്തോളം കുറയ്ക്കുന്നതിനും അവർ ശ്രദ്ധവയ്ക്കുന്നു. അതുകൊണ്ട്, തങ്ങൾക്കുവേണ്ട ജോലികൾ എത്രയും വേഗതയിലും ഏറ്റവും കുറഞ്ഞ ചെലവിലും ചെയ്യാൻ സഹായിക്കുന്നതരം സാങ്കേതികവിദ്യയിലാണ് മുതലാളിത്തം മൂലധനമിറക്കുക. ഭാവി തലമുറകൾക്കുമേൽ അതുണ്ടാക്കുന്ന വിനാശം അവർക്ക് പ്രശ്നമാകുന്നില്ല. ജനങ്ങളെ സംബന്ധിച്ച് കൂടുതൽ പ്രാധാന്യമുള്ള ആവശ്യകതകളെ ഒട്ടും പരിഗണിക്കാതെ ലാഭം കുന്നുകൂട്ടുന്ന സാങ്കേതികവിദ്യയാണ് മുതലാളിത്തം ഉപയോഗിക്കുന്നത്. പരിസ്ഥിതി ഘടകങ്ങൾക്ക് പ്രാധാന്യം നൽകിയാൽ, അതിനായുള്ള രക്ഷാകവചങ്ങൾ വ്യവസായങ്ങളുടെ നടത്തിപ്പിനെ തടസ്സപ്പെടുത്തി വളർച്ചയെ മുരടിപ്പിക്കുമെന്ന മാണ് ഇന്നും അവർ വാദിക്കുന്നത്. ദരിദ്രരും ചൂഷിതരുമായ ദശലക്ഷങ്ങളാണ് ഈ വളർച്ചയുടെ ഗുണഭോക്താക്കൾ എന്ന മട്ടിൽ, ആഗോളതാപനത്തിന്റെയും അതു മൂലമുണ്ടാകുന്ന ആരോഗ്യ പ്രതിസന്ധിയുടെയും സർവപ്രധാനമായ ചോദ്യത്തിനുമേൽ സാമ്പത്തികവളർച്ചയുടെ വിഷയം കൊണ്ടുവെക്കാൻ അവർ കൗശലത്തോടെ ശ്രമിക്കുന്നു. ദരിദ്രരും അഗതികളുമായ അസംഖ്യം ജനങ്ങൾക്ക് എല്ലാം നിഷേധിച്ചുകൊണ്ട് ചൂഷകരായ ഒരുപിടി അതിസമ്പന്നർ സമ്പത്ത് കുന്നുകൂട്ടുന്ന പരുഷ യാഥാർത്ഥ്യത്തെ പൊതിഞ്ഞു പിടിക്കുക മാത്രമാണ് ഇവിടെ. ഈ കാലാവസ്ഥാപ്രശ്നംതന്നെ സൃഷ്ടിച്ചതും വഷളാക്കിയതും ലോക സാമ്രാജ്യത്വ മുതലാളിത്ത ശക്തികളാണ് എന്നതാണ് ഒന്നാമത്തെ കാര്യം.

സ്ഥിതി മെച്ചപ്പെടുത്താൻ സാമ്രാജ്യത്വ മുതലാളിത്തം എന്തെങ്കിലും ചെയ്യുമെന്ന പ്രതീക്ഷയിലേക്കാണ് ആഗോളതാപനം കുറയ്ക്കുവാനുള്ള അന്താരാഷ്ട്ര സമ്മേളനങ്ങൾ പലരെയും നയിച്ചത്. സോഷ്യലിസ്റ്റ് ചേരിയുടെ അസാന്നിധ്യത്തിൽ സാമ്രാജ്യത്വ മുതലാളിത്ത ലോകം കൊണ്ടുവന്ന, ഏറെ കൊട്ടിഘോഷിക്കപ്പെട്ട ക്യോട്ടോ കരാർ വെറും തട്ടിപ്പായിരുന്നു എന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു. പ്രശ്നത്തെ ലഘൂകരിക്കുന്നതിനു പകരം, ആഗോളതാപനത്തെ അപകടകരമായ തലത്തിലെത്തിക്കുന്ന തരത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ അളവ് ഉയരുകയാണ് ഉണ്ടായത്. കമ്പോള മേധാവിത്വത്തിൽ ഊന്നിയുള്ള സാമ്രാജ്യത്വ മുതലാളിത്ത വൈരുദ്ധ്യം മൂലം ആഗോള സമ്മേളനങ്ങൾ നിരന്തരം പരാജയപ്പെടുന്നു. കാരണം, ലാഭമുണ്ടാക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യാനോ ചിലവേറിയ സാങ്കേതികവിദ്യ ഉപയോഗിച്ച് പുറന്തള്ളലിൽ കുറവു വരുത്തി ഉത്പാദനചെലവ് കൂട്ടാനോ ആരും തയ്യാറല്ല. അതുകൊണ്ട് ഇത്ര നിർണായകമായ വിഷയത്തിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിൽ ചാഞ്ചാടിക്കൊണ്ടേയിരിക്കുന്നു. ഇക്കാരണംകൊണ്ടാണ് ഫിഡൽ കാസ്ട്രോ തന്റെ ബ്രസീൽ പ്രഭാഷണം ഉപസംഹരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞത്: "ഈ സ്വയംവിനാശത്തിൽ നിന്നും മനുഷ്യരാശിയെ നമുക്ക് രക്ഷിക്കണമെന്നുണ്ടെങ്കിൽ ഈ ഭൂമിയിലുള്ള സമ്പത്തും സാങ്കേതികവിദ്യയും മെച്ചപ്പെട്ട രീതിയിൽ വിതരണം ചെയ്യേണ്ടതുണ്ട്. സ്വാർത്ഥത മതിയാക്കാം. നിർവികാരതയും ഉത്തരവാദിത്തരാഹിത്യവും വഞ്ചനയും മതിയാക്കാം. വളരെ മുൻപേതന്നെ നാം ചെയ്യേണ്ടിയിരുന്നത് ഇനിയും നാളേക്ക് വയ്ക്കുന്നത് ഏറെ വൈകിക്കും. "

> **ആഗോള താപന ലഘൂകരിണവുമായി ബന്ധപ്പെട്ട് പുരോഗമനപരമെന്ന് തോന്നിക്കുന്ന ചില നടപടികൾ സാമ്രാജ്യത്വ രാജ്യങ്ങൾ എടുക്കുന്ന സൂചനകളുണ്ട്. കുത്തകകൾക്കും ബഹുരാഷ്ട്ര കമ്പനികൾക്കും മനംമാറ്റമുണ്ടായതു കൊണ്ടല്ല ഈ നടപടികൾ. മറിച്ച്, കാലാവസ്ഥാവ്യതിയാന ലഘൂകരണംതന്നെ സ്വകാര്യമേഖലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ സാമ്പത്തിക-വാണിജ്യ അവസരമായാണ് അവർ കാണുന്നത്.**

138 വർഷം മുമ്പ് മഹാനായ എംഗൽസ് നിരീക്ഷിച്ചത് ഇവിടെ പ്രസക്തമാണ്. "പ്രകൃതിക്ക് മേലുള്ള മനുഷ്യന്റെ അധിനിവേശത്തിന്റെ പേരിൽ നമുക്ക് അധികം സ്വയം പുകഴ്ത്താതിരിക്കാം. അത്തരം ഓരോ അധിനിവേശവും അതിന്റെ പ്രതികാരം നമുക്കുമേൽ തീർക്കും. അതിലോരോന്നിനും ഒന്നാമതായി നാം പ്രതീക്ഷിച്ച ഫലങ്ങൾ ഉണ്ടാകുമെന്നു സത്യമാണ്. പക്ഷേ രണ്ടാമതായും മൂന്നാമതായും തികച്ചും വ്യത്യസ്തവും അപ്രതീക്ഷിതവുമായ ഫലങ്ങൾ അതിനുണ്ടാവുകയും, പലപ്പോഴും അവ ആദ്യത്തെ ഫലത്തെ അതിവേഗം ഇല്ലാതാക്കുകയും ചെയ്യും. മെസോപ്പൊട്ടേമിയയിലും ഗ്രീസിലും ഏഷ്യമൈനറിലും മറ്റു പലയിടങ്ങളിലും ഉള്ള ജനങ്ങൾ കൃഷിഭൂമി ലഭ്യമാക്കാനായി കാട് വെട്ടിത്തെളിച്ചു. ഈ രാജ്യങ്ങളുടെ ഇന്നത്തെ തകർച്ചയുടെ അവസ്ഥക്ക് അടിത്തറയൊരുക്കുകയായിരിക്കും തങ്ങളെന്ന് അവർ സ്വപ്നത്തിൽപോലും കരുതിയിട്ടുണ്ടാകില്ല. ആൽപ്സ് മലനിരകളുടെ വടക്കൻ ചെരുവിലെ പൈൻമരക്കാടുകൾ വളരെ ശ്രദ്ധാപൂർവ്വം നിലനിർത്തിയപ്പോൾ, ആൽപ്സിലെ ഇറ്റലിക്കാർ തെക്കൻചെരുവിലെ കാടുകൾ അപ്പാടെ ഉപയോഗിച്ച് തീർത്തു. എന്നാൽ, തങ്ങളുടെ പ്രദേശത്തെ ക്ഷീരവ്യവസായത്തിന്റെ കടയ്ക്കലാണ് തങ്ങൾ കത്തിവക്കുന്നതെന്ന് അവർക്ക് അറിയില്ലായിരുന്നു. വർഷത്തിൽ കൂടുതൽ സമയവും തങ്ങളുടെ മലകളിലെ അരുവികളിൽ വെള്ളമില്ലാതെയാകുമെന്നും, മഴക്കാലത്ത് അവ സമതലങ്ങളിലേക്ക് കുത്തിയൊലിക്കാൻ ഇടയാക്കുമെന്നും അവർക്ക് തീരെ അറിയില്ലായിരുന്നു. അങ്ങനെ ഓരോ ഘട്ടവും നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരു വിദേശ ജനവിഭാഗത്തെ കീഴടക്കി അധീശത്വംസ്ഥാപിക്കുന്നതുപോലെയോ, പ്രകൃതിക്ക് പുറത്തുനിൽക്കുന്ന ഒരാളെ പോലെയോ നമുക്ക പ്രകൃതിയെ അടക്കിഭരിക്കാനാകില്ല എന്നാണ്. പക്ഷേ, മാംസവും രക്തവും തലച്ചോറുമുള്ള നമ്മൾ പ്രകൃതിയുടെ ഭാഗമാണ്. അതിന്റെ നട്ടുവിലാണ് നമ്മൾ നിലനിൽക്കുന്നത്. അതിന്മേലുള്ള നമ്മുടെ വൈദഗ്ധ്യമെന്നത് മറ്റ് ജീവികളെക്കാൾ പ്രകൃതിയുടെ നിയമങ്ങൾ അറിയുവാനും അതുകൃത്യമായി പ്രയോഗിക്കുവാനും നമുക്ക് കഴിയുന്നു എന്നതിന്റെ ഗുണഫലമാണ്. ഉത്പാദനവും വിപണനവും നിയന്ത്രിക്കുന്ന കുത്തകകൾക്ക്, തങ്ങളുടെ അടിയന്തര പ്രയോജനങ്ങളെക്കുറിച്ചു മാത്രമേ ചിന്തിക്കാൻ കഴിയൂ. ഈ ഗുണഫലംപോലും വാസ്തവത്തിൽ പിന്നോട്ടടിക്കപ്പെടുകയും വിൽപ്പനയിലൂടെയുണ്ടാകുന്ന ലാഭം മാത്രം ഉത്തേജനമാവുകയും ചെയ്യുന്നു. നമ്മുടെ ഉത്പാദനപ്രവർത്തനത്തിന്റെ പരോക്ഷവും വിദൂരവും സാമൂഹികവുമായ ഫലങ്ങളുടെ വ്യക്തമായ വീക്ഷണം നമ്മൾ ക്രമേണ പഠിക്കുന്നു. ഈ ഫലങ്ങളെയും നിയന്ത്രിക്കുവാനും ക്രമീകരിക്കാനും ഉള്ള അവസരം ലഭിക്കുന്നു. ഈ ക്രമീകരണത്തിനു പക്ഷേ കേവല വിജ്ഞാനത്തിനപ്പുറം ചിലത് ആവശ്യമുണ്ട്. അതിന്, നമ്മുടെ ഉത്പാദന രീതിയിൽ ഒരു സമ്പൂർണ്ണ വിപ്ലവം ആവശ്യമുണ്ട്. അതേ സമയംതന്നെ, നമ്മുടെ ഇന്നത്തെ സാമൂഹികക്രമത്തിലും ഒരു വിപ്ലവം വരുത്തേണ്ടതുണ്ട്. ഇതുവരെയുള്ള എല്ലാ ഉത്പാദനരീതികളും, അധ്വാനത്തിന്റെ നേരിട്ടുള്ള ഗുണഫലം എത്രയും വേഗം നേടിയെടുക്കുക എന്നതു മാത്രമാണ് ലക്ഷ്യം വച്ചിട്ടുള്ളത്. ഉത്പാദനവും വിപണനവും കൈയാളുന്ന മുതലാളിമാരാകട്ടെ തങ്ങളുടെ പ്രവൃത്തിയുടെ അടിയന്തര പ്രയോജനഫലത്തെക്കുറിച്ച് മാത്രമേ ശ്രദ്ധിക്കുകയുള്ളൂ. പ്രകൃതിയുമായും സമൂഹവുമായും ബന്ധപ്പെട്ട്, ഇന്നത്തെ ഉത്പാദനരീതി ഏറ്റവും പ്രത്യക്ഷവും പെട്ടെന്നുമുള്ള ഫലത്തിനാണ് പ്രമുഖമായ ഊന്നൽ കൊടുക്കുന്നത്. എന്നാൽ പ്രവൃത്തിയുടെ വിദൂരഫലങ്ങൾ, ഏറിയപങ്കും സ്വഭാവത്തിൽ തികച്ചും വിരുദ്ധമായ തിനാൽ അത്ഭുതമുണ്ടാക്കുന്നു. (വാനരനിൽനിന്നും നരനിലേക്കുള്ള പരിവർത്തനത്തിൽ അധ്വാനത്തിന്റെ പങ്ക്)

### പാരിസ്ഥിതിക പ്രശ്നങ്ങളുടെ പരിഹാരം സാമ്രാജ്യത്വ മുതലാളിത്തത്തിനെതിരെയുള്ള പോരാട്ടത്തിൽ കണ്ണിചേർക്കപ്പെട്ടിരിക്കുന്നു

മനുഷ്യരാശിയുടെ പുരോഗതിക്കുള്ള ഏറ്റവും വലിയ തടസ്സമായി ഇന്ന് നിൽക്കുന്നത് സാമ്രാജ്യത്വ മുതലാളിത്തമാണെന്ന് നാം കാണുന്നു. ആഗോളതാപനത്തിന്റെ പ്രശ്നത്തെ യഥാർത്ഥത്തിൽ അഭിസംബോധന ചെയ്യുന്നതിനായി രാഷ്ട്രങ്ങൾക്കിടയിൽ അവശ്യം ഉണ്ടാകേണ്ട സഹകരണത്തെക്കുറിച്ച് ഇനി എന്താണ് പറയേണ്ടത്. പകരം ഇപ്പോൾ ചൂടുപിടിച്ചുവരുന്ന കമ്പോളയുദ്ധം നോക്കൂ -വിശേഷിച്ചും, സൗരോർജ്ജവും കാറ്റിൽനിന്നുള്ള ഊർജ്ജവും സൂക്ഷിക്കുവാനും, മൊബൈൽ ഫോൺ മുതൽ വൈദ്യുതകാറുകളും ഊർജ്ജഗ്രിഡുകളുംവരെ പ്രവർത്തിക്കാൻ വേണ്ടുന്ന ബാറ്ററികളുടെ ഉത്പാദനത്തിന് ആവശ്യമുള്ള ദുർലഭ ധാതുക്കളും, നിർണായക പദാർത്ഥങ്ങളും അടക്കമുള്ള പുതിയ അസംസ്കൃതവസ്തുക്കളുടെ കച്ചവടത്തിൽ പ്രധാനപങ്ക് നിയന്ത്രിക്കുന്നതിനായുള്ള മൽസരത്തിൽ. ഇതിൽ സാമ്രാജ്യത്വ ചൈനയും യുഎസും തമ്മിൽ സംഘർഷം വികസിക്കുകയാണ്. ഇത്തരം നിർണായക പദാർത്ഥങ്ങളിൽ (ലിതിയവും കൊബാൾട്ടും അടക്കമുള്ളവ) ഭൂരിഭാഗത്തിന്റെയും ആഗോള കച്ചവടത്തിൽ 70-80 ശതമാനംവരെ ഇന്ന് ചൈനയാണ് കൈകാര്യം ചെയ്യുന്നത്. ലോകത്ത് ബാറ്ററി സെൽ ഉത്പാദനത്തിന്റെ 63.2% അവരുടെ നേതൃത്വത്തിലാണ്. അതേസമയം, 14.2 ശതമാനവുമായി യുഎസ് രണ്ടാം സ്ഥാനത്താണ്. സമാധാനത്തിനും സഹകരണത്തിനും വിഘാതമായി ഉയർന്നു വരുന്ന പുതിയ സംഘർഷാവസ്ഥകൾ ഇതൊക്കെയാണ്.

മനുഷ്യരാശിയേയും സമൂഹത്തെയും എല്ലാ മേഖലയിലും സമ്പൂർണ്ണ നാശത്തിലേക്ക് നയിക്കുകയാണ് സാമ്രാജ്യത്വ മുതലാളിത്തം. പഴഞ്ചനും അകക്കാമ്പുവരെ ദ്രവിച്ചതുമായ മുതലാളിത്തത്തെ എത്രയുംവേഗം വിപ്ലവത്തി

(ശേഷം 13-ാം പേജിൽ)

## പൊതുസമ്പത്ത് കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന, തൊഴിലാളി–കർഷക ജനകോടികളെ കുത്തകകളുടെ അടിമകളാക്കുന്ന മോദി സർക്കാറിന്റെ ജനദ്രോഹ നയത്തിനെതിരെ

# എഐയുറ്റിയുസിയുടെ അഖിലേന്ത്യാ പ്രതിഷേധവാരം

**തൊ**ഴിലാളികൾക്കും കർഷകർക്കുംനേരെ കടുത്ത ശത്രുതയോടെ കേന്ദ്ര ബിജെപി സർക്കാർ അടിക്കടി കൊണ്ടുവരുന്ന വിനാശനയങ്ങളെ ചെറുത്ത് തോല്പിക്കാതെ ഇനി രാജ്യത്തിന് ഒരിഞ്ചും മുമ്പോട്ടു പോകാൻ കഴിയാത്ത അവസ്ഥയിൽ എത്തിയിരിക്കുന്നു.




തിരുവനന്തപുരം എജീസ് ഓഫീസ് ധർണ സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു

രാജ്യത്തിന്റെ സമ്പത്ത് വലിയ ഭാഗവും ഇപ്പോൾ തന്നെ കൈയടക്കി വച്ചിട്ടുള്ളത് ഏതാനും കുത്തക മുതലാളിമാരാണ്. ഒരു രാഷ്ട്രമെന്ന നിലയിൽ ജനങ്ങളുടെ അദ്ധ്വാനംകൊണ്ട് സ്വരൂപിച്ച പൊതുസമ്പത്തും അതിന്റെ പ്രകൃതി വിഭവങ്ങളുംകൂടി കുത്തകകളുടെ കൈകളിലേയ്ക്ക് ഏല്പിച്ചുകൊടുക്കുന്ന നവ ഉദാരവൽക്കരണ നടപടിയുടെ തീവ്രയത്ന പൊളിച്ചട്ടക്കലിലാണ് മോദി സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. ജനദ്രോഹപരവും ദേശവിരുദ്ധവുമായ ഈ നടപടികൾക്കെതിരെ തൊഴിലാളികളും കർഷകരും മാത്രമല്ല, ഭാരത ജനത ഒന്നടങ്കം ശക്തമായി പൊരുതേണ്ട സമയമാണിത്.

കർഷകരെ കോർപ്പറേറ്റുകളുടെ അടിമപ്പണിക്കാരാക്കുന്നതും രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷതന്നെ അപകടത്തിലാക്കുന്നതുമായ കാർഷിക കരിനിയമങ്ങൾക്കെതിരെ രാജ്യത്തെ കർഷകർ ധീരോദാത്തമായി തെരുവിൽ പോരാട്ടത്തിലാണ്. ഈ നിയമങ്ങൾ ഇപ്പോഴും നടപ്പാക്കാൻ പറ്റാത്തവിധം സർക്കാറിനെ പിടിച്ചുകെട്ടിയ കർഷക സമരത്തിന് ഒരു വർഷം തികയുന്നു. സെപ്റ്റംബർ 27 ന് നടന്ന ഭാരത് ബന്ദ് ഈ സമരത്തെ പുതിയ വിതാനത്തിലേക്ക് ഉയർത്തിയിരിക്കുകയാണ്.

രാജ്യത്തെ തൊഴിലാളികൾ പൊരുതി സ്ഥാപിച്ച 29 കേന്ദ്ര തൊഴിൽ നിയമങ്ങൾ ഒറ്റയടിക്ക് റദ്ദ് ചെയ്തു കൊണ്ട്, കോർപ്പറേറ്റ് താല്പര്യം മാത്രം പരിഗണിച്ച് കൊണ്ടുവന്ന ലേബർ കോഡുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും കുത്തകകൾക്ക് വിറ്റുതുലയ്ക്കുന്ന നടപടികൾക്കും എതിരെ തൊഴിലാളി പ്രക്ഷോഭണങ്ങളും രാജ്യത്ത് നടക്കുന്നുണ്ട്.

ഈ പ്രക്ഷോഭണങ്ങൾക്കും പ്രതിഷേധങ്ങൾക്കും തരിമ്പും വില കല്പിക്കാതെ കൂടുതൽ കടുത്ത ജനദ്രോഹ നടപടികൾ അടിച്ചേല്പിക്കുന്ന ഫാസിസ്റ്റ് രീതിയാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത്. ആഗസ്റ്റ് 23 ന് ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ(എൻഎംപി) എന്ന 'പാട്ടപദ്ധതി' ഇതാണ് തെളിയിക്കുന്നത്. അടുത്ത 4വർഷംകൊണ്ട് 6 ലക്ഷംകോടി രൂപ സമാഹരിക്കാൻ എന്നുപറഞ്ഞുകൊണ്ട്




ചെങ്ങന്നൂർ ഹെഡ്പോസ്റ്റ് ഓഫീസ് ധർണ്ണ സഖാവ് എസ്. സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

പ്രഖ്യാപിച്ച ഈ പദ്ധതി ഒരു രാഷ്ട്രത്തിലെ ജനതയ്ക്കും സഹിക്കാൻ കഴിയുന്നതല്ല.

രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനങ്ങളും എല്ലാം സ്വദേശ-വിദേശ സ്വകാര്യ വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് പാട്ടത്തിന് (ലീസ്) നൽകുന്ന എന്നാണ് പ്രഖ്യാപനം. 26700 കി.മീ. ഹൈവേകൾ, 42300 കി.മീ. വൈദ്യുതി വിതരണ ലൈനുകൾ, 5000 മെഗാവാട്ട് ഹൈഡ്രോ-സോളാർ- വിന്റ് പവ്വർ വൈദ്യുതി ഉല്പാദന ശൃംഘലകൾ, 400 റെയിൽവെ സ്റ്റേഷനുകൾ, 150 ട്രെയിനുകൾ, 8000 കി.മീ.ഗ്യാസ് പൈപ്പ് ലൈനുകൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെയും (ഐഒസി) ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന്റെയും(എച്ച്പിസിഎൽ) 4000 കി.മീ. പൈപ്പ് ലൈൻ, ബിഎസ്എൻഎൽ, എംടിഎൻഎൽ എന്നിവയുടെ ടവ്വറുകൾ, 21 വിമാനത്താവളങ്ങൾ, 31 തുറമുഖങ്ങൾ, 160 കൽക്കരി ഉല്പാദന കേന്ദ്രങ്ങൾ, 2 കായിക സ്റ്റേഡിയങ്ങൾ തുടങ്ങിയവയെല്ലാം സ്വദേശ-വിദേശ കോർപ്പറേറ്റ് ഭീമന്മാർക്ക് പാട്ടത്തിന് എന്ന പേരിൽ വിട്ടുകൊടുക്കുന്ന പദ്ധതിയാണിത്.

രാജ്യത്തെ തൊഴിലാളികളുടെ അദ്ധ്വാനംകൊണ്ടും ജനങ്ങളുടെ നികുതിപ്പണംകൊണ്ടും കെട്ടിപ്പടുത്ത അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനങ്ങളും വിദേശത്തെയും സ്വദേശത്തെയും സ്വകാര്യ കുത്തകകൾക്ക്, മൂലധന ചെലവിന്റെ യാതൊരു ബാദ്ധ്യതയുമില്ലാതെ തന്നെ ലാഭമുണ്ടാക്കാൻ വിട്ടുകൊടുക്കുകയാണ്. എൻഎംപി രേഖകൾ തന്നെ വ്യക്തമാക്കുന്ന പ്രകാരം, ഈ എല്ലാ അടിസ്ഥാന സൗകര്യ സ്ഥാപനങ്ങളിലും യൂസർ ഫീസ്/സർവ്വീസ് ഫീസ് വർദ്ധിപ്പിക്കാൻ പാട്ടത്തിനെടുക്കുന്ന വ്യക്തികൾക്ക് അധികാരമുണ്ട്. കോർപ്പറേറ്റുകൾ വൻ ലാഭമുണ്ടാക്കാൻ ജനങ്ങളെ കഠിനമായി പിഴിയുന്ന അവസ്ഥ സംജാതമാകുമെന്ന് വ്യക്തം! തൊഴിലില്ലായ്മ കൂടുതൽ രൂക്ഷമാകുകയും ചെയ്യും.

ഇതു കൂടാതെ, ലാഭത്തിൽ പ്രവർത്തിക്കുന്ന 100 പൊതുമേഖലാ സ്ഥാപനങ്ങൾ (പിഎസ്‌യു) കൂടി കോർപ്പറേറ്റുകൾക്ക് വില്ക്കാനും തീരുമാനിച്ചതായി സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. സർക്കാർ ഖജനാവിലേയ്ക്ക് ഇതുവരെ കിട്ടിക്കൊണ്ടിരുന്ന ലാഭവിഹിതമത്രയും സ്വകാര്യ വ്യക്തികളുടെ കൈകളിലേക്ക് പോകും. സർക്കാർ നിർവ്വഹിച്ചിരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളൊന്നും ഇനി ഉണ്ടായിരിക്കുകയുമില്ല.




ചിന്നക്കട ഹെഡ് പോസ്റ്റ് ഓഫീസ് ധർണ സഖാവ് വി.കെ. സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

ഇത്രയും കടുത്ത ജനവിരുദ്ധ - ജനാധിപത്യവിരുദ്ധ ഫാസിസ്റ്റ് നടപടികൾക്കെതിരെ ഒറ്റക്കെട്ടായി പ്രക്ഷോഭണം കെട്ടിപ്പടുക്കേണ്ട സമയമാണിത്. എന്നാൽ, അതിന് മുൻകൈ എടുക്കേണ്ട പ്രസ്ഥാനങ്ങൾ അധികാരത്തിലിരിക്കുന്ന കേരളത്തിൽ, കേന്ദ്ര സർക്കാറിന്റെ തൊഴിലാളിവിരുദ്ധ നയങ്ങൾക്കനുസൃതമായ നടപടികളാണ് കൈക്കൊള്ളുന്നത്. പിണറായി വിജയൻ രണ്ടാം വട്ടം അധികാരത്തിൽ വന്നത് തന്നെ "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" ആണ് ഈ സർക്കാരിന്റെ തൊഴിൽ-വ്യവസായ നയം എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ്. കോർപ്പറേറ്റ് ആഗോളവൽക്കരണത്തിന്റെയും ലോക ബാങ്കിന്റെയും മോദി സർക്കാറിന്റെയും പ്രഖ്യാപിത നയമാണിതെന്ന് അറിയാത്തവരായി ആരുമില്ലല്ലോ. കേന്ദ്ര സർക്കാറിന്റെ ലേബർ കോഡുകളുടെ ചുവടൊപ്പിച്ച്, സംസ്ഥാനത്ത് പുതിയ റൂളുകൾ കൊണ്ടുവരുന്നു. നിലവിലുണ്ടായിരുന്നവ റദ്ദ് ചെയ്യുന്നു. തൊഴിൽ നിയമ ലംഘനങ്ങൾ പരിശോധിക്കാൻ സംസ്ഥാനത്ത് ഉണ്ടായിരുന്ന സംവിധാനത്തിന് പാടെ വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു. ഒരു കൂട്ടം മാധ്യമങ്ങളും മുതലാളിമാരും കൃത്രിമമായി ഉയർത്തിക്കൊണ്ടുവന്ന "നോക്കുകൂലി" എന്ന ആക്ഷേപം പ്രചരണായുധമാക്കിക്കൊണ്ട് എൽഡിഎഫ് സർക്കാർ സംസ്ഥാനത്തെ ചുമട്ട് തൊഴിലാളികളെ ഒറ്റപ്പെടുത്തി വേട്ടയാടുകയാണ്. ഇത്തരം നടപടികളെല്ലാം കേന്ദ്ര സർക്കാറിന്റെ ഫാസിസ്റ്റ് നയങ്ങൾക്ക് നിശ്ചയമായും ശക്തി പകരുകയാണ് ചെയ്യുക.

11 സുപ്രധാന ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് എഐയുറ്റിയുസി അഖിലേന്ത്യാ കമ്മിറ്റി ആഹ്വാനംചെയ്ത ഒക്ടോബർ 25 മുതൽ 31 വരെയുള്ള അഖിലേന്ത്യാ പ്രതിഷേധ സമരവാരത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിപുലമായ പ്രചാരണ- പ്രക്ഷോഭണ പരിപാടികൾ നടക്കുകയുണ്ടായി. ചുവരെഴുത്ത്, പോസ്റ്റർ- നോട്ടീസ് പ്രചാരണം, കവല യോഗങ്ങൾ, കേന്ദ്ര സർക്കാർ ഓഫീസുകൾക്കുമുമ്പിൽ പ്രതിഷേധ മാർച്ച്, ധർണ്ണ തുടങ്ങിയവ ജില്ലകൾതോറും നടന്നു.

ഒക്ടോബർ 29ന് തിരുവനന്തപുരത്ത് എജീസ് ഓഫീസ് ധർണ്ണ നടന്നു. എഐയുറ്റിയുസി അഖിലേന്ത്യാ വൈസ് പ്രസിഡണ്ടും സംസ്ഥാന പ്രസിഡണ്ടുമായ സഖാവ് ആർ. കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് ആർ. ബിജു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.

(ശേഷം 15–ാം പേജിൽ)

### കാലാവസ്ഥ വ്യതിയാനം

*(12–ാം പേജിൽ നിന്ന്)*

ലൂടെ പുറത്താക്കി, ഉത്പാദനത്തിനുമേൽ സാമൂഹിക ഉടമസ്ഥത സ്ഥാപിച്ച്, സാമൂഹിക ആവശ്യകതകൾ നിറവേറ്റുന്നതിനായി ഉത്പാദനത്തെ പുനക്രമീകരിക്കണം. അങ്ങനെ മാത്രമേ, അധഃസ്ഥിതരായ ജനങ്ങളെ മനുഷ്യത്വരഹിതമായ ജീവിത–തൊഴിൽ സാഹചര്യങ്ങളിൽനിന്നും ഉയർത്തിയെടുക്കാനും, ലാഭേച്ഛയുടെ പിടിയിൽനിന്നും മോചിപ്പിക്കപ്പെട്ട സമൂഹത്തെ പുനർ നിർമ്മിക്കുന്നതിനുള്ള സന്തോഷകരവും സമർപ്പിതവുമായ പോരാട്ടത്തിൽ അവരെ ഉൾപ്പെടുത്താനും സാധിക്കൂ. കാലാവസ്ഥാവ്യതിയാനത്തെ ലഘൂകരിക്കാനും അതിജീവിക്കാനും വേണ്ടി പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും മുഴുകാൻ സാധിക്കൂ.

ഒരു നൂറ്റാണ്ടിനുമുമ്പ്, വളരെ പിന്നാക്കാവസ്ഥയിലായിരുന്ന, യുദ്ധംമൂലം തകർന്നടിഞ്ഞിരുന്ന ഒരു ജനതയെ ഒരുരാഷ്ട്രമാക്കി, ഒരു വൻശക്തിയാക്കി മാറ്റാൻ സോവിയറ്റ് യൂണിയന് കഴിഞ്ഞിരുന്നു എന്നത് ഇവിടെ ഓർക്കേണ്ടതുണ്ട്. സ്വയംമാറാനും സമൂഹത്തെ മാറ്റാനും, വിവിധ ദേശീയതകളെ സാഹോദര്യത്താൽബന്ധിതരാക്കി, ചൂഷണം, തൊഴിലില്ലായ്മ, വംശഹത്യ, കമ്പോള പ്രതിസന്ധി, അനിയന്ത്രിതമായ ജീവിതദുരിതങ്ങൾ എന്നിവയിൽനിന്നെല്ലാം മോചിപ്പിച്ച് ഒരു പുതിയ സമൂഹത്തെ കെട്ടിപ്പടുക്കാനും തങ്ങളുടെ അധഃസ്ഥിതരും നിരക്ഷരരുമായ ജനങ്ങളെ സഹായിച്ചും ആവേശഭരിതരാക്കിയുമായിരുന്നു ഇത് സാധ്യമാക്കിയത്.

ഇന്ന് ആഗോളതാപനത്തിന്റെ പ്രശ്നത്തെ ലഘൂകരിക്കാൻ മാത്രമല്ല, സാങ്കേതികവിദ്യയിൽ ഉണ്ടാക്കിയെടുത്ത വിപ്ലവകരമായ മുന്നേറ്റങ്ങൾ ഉപയോഗപ്പെടുത്തി മനുഷ്യജീവിതംതന്നെ ആയാസരഹിതവും സുന്ദരവുമാക്കാൻ സാധിക്കുമായിരുന്നിട്ടും മുതലാളിത്തത്തിന് സമൂഹത്തിന്റെ ക്ഷേമത്തിനായി ഇതൊന്നും ശരിയായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. സ്വയം സൃഷ്ടിച്ച ചൂഷണ സാമ്പത്തിക ഭരണം ഉളവാക്കുന്ന പ്രസതിസന്ധിയിൽനിന്ന് പുറത്തുവരാൻ സാധിക്കാത്തവിധം മുതലാളിത്തം കുടുങ്ങിക്കിടക്കുകയാണ്.

മുതലാളിത്ത രാഷ്ട്രങ്ങൾക്കിടയിലും വിവിധ മുതലാളിമാർക്കും കോർപറേറ്റ് സ്ഥാപനങ്ങൾക്കുമിടയിലുമുള്ള വൈരുദ്ധ്യം തീക്ഷ്ണമാകുന്നു എന്നത് ഇന്ന് കൂടുതൽ വെളിവാകുകയാണ്. ലോകമൊട്ടാകെയുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഐക്യവും മുതലാളിത്തത്തിന് എതിരെ ആഗോളതലത്തിൽ നടക്കുന്ന പോരാട്ടത്തിൽ കൂടുതൽ ഉയർന്ന സഹകരണവുമാണ് ഇന്നത്തെ അടിയന്തരാവശ്യകത. ■

# സിപിഐ(എം)–പാർട്ടി കോൺഗ്രസ്സും സ്വാതന്ത്ര്യദിനാഘോഷവും

**സ്വാ**തന്ത്ര്യദിനം ആഘോഷിക്കാനുള്ള സിപിഐ(എം) കേന്ദ്രകമ്മറ്റി തീരുമാന പ്രകാരം, പാർട്ടി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഇക്കഴിഞ്ഞ ആഗസ്റ്റ് 15ന് ദേശീയ പതാക ഉയർത്തുകയും മറ്റ് ചടങ്ങുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നല്ലോ. രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ട് ഇതുവരെയും സിപിഐ(എം) ഔദ്യോഗികമായി സ്വാതന്ത്ര്യദിനം ആചരിച്ചിരുന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തെക്കുറിച്ച് അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയും പിന്നീട് സിപിഐ(എം)ഉം പറഞ്ഞുകൊണ്ടിരുന്നത് 'ഏ ആസാദി ജൂഡ്ഠാ ഹൈ' (ഈ സ്വാതന്ത്ര്യം കപടമാണ്-യഥാർത്ഥമല്ലാത്തത്) എന്നാണ്. പൂർണ്ണ സ്വാതന്ത്ര്യം ഇനിയും ലഭിക്കാനിരിക്കുകയാണെന്ന കാഴ്ചപ്പാടാണ് ഉള്ളതെങ്കിലും, തങ്ങളുടെ പ്രസ്ഥാനം സ്വാതന്ത്ര്യ സമരത്തിൽ വഹിച്ച പങ്കിനെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും സ്വാതന്ത്ര്യ സമരത്തിൽ ഒന്നുംതന്നെ അവകാശപ്പെടാനില്ലാത്ത ആർഎസ്എസിന്റെ, ജനാധിപത്യത്തെയും മതേതരത്വത്തെയും നശിപ്പിക്കുന്ന മുഖം തുറന്നുകാട്ടുവാനും വേണ്ടിയാണ് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നതെന്നാണ് സിപിഐ(എം) ജനറൽ സെക്രട്ടറി വ്യക്തമാക്കിയത്. മുൻകാലങ്ങളിൽ എന്തുകൊണ്ട് ആചരിക്കാതിരുന്നു എന്നതിനും ഇപ്പോൾ എന്തുകൊണ്ട് ആഘോഷിക്കുന്നുവെന്നതിനും ഈ വിശദീകരണം ഒട്ടും ഉത്തരം നൽകുന്നില്ല.

ഇൻഡ്യൻ ഭരണകൂടത്തിന്റെ വർഗ്ഗസ്വഭാവത്തെ സംബന്ധിച്ച് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്കും പിന്നീട് സിപിഐ(എം)നും ഉണ്ടായിരുന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇത്രയും കാലം ഇക്കൂട്ടർ സ്വാതന്ത്ര്യദിനം ആഘോഷിക്കാതിരുന്നത്. ഇപ്പോഴുണ്ടായിട്ടുള്ള നിലപാട്, അടിസ്ഥാന വിശകലനത്തിൽ വന്ന മാറ്റത്തെ ആധാരമാക്കിയാണോ എന്ന് വിശദീകരിക്കാൻ അവർ തയ്യാറായിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി അധ:പതിച്ച കമ്യൂണിസ്റ്റെന്ന ലേബലണിഞ്ഞ ഈ പ്രസ്ഥാനങ്ങളുടെ വർഗ്ഗസ്വഭാവത്തെയും മുതലാളിത്ത ചെയ്തികളെയും, കമ്യൂണിസ്റ്റ് പദാവലികൾക്കുള്ളിൽ മറച്ചുവയ്ക്കാനുള്ള സൈദ്ധാന്തികാഭ്യാസമായി വിപ്ലവപരിപാടിയും വിശകലനവുമൊക്കെ മാറിയിരിക്കുന്നു.

സ്വാതന്ത്ര്യാനന്തരം 1948ൽ കൽക്കട്ടയിൽ കൂടിയ അവിഭക്ത സിപിഐയുടെ പാർട്ടി കോൺഗ്രസിൽ ഇന്ത്യൻ ഭരണകൂടത്തെ അർദ്ധ കൊളോണിയൽ-അർദ്ധ ഫ്യൂഡൽ എന്ന് വിശേഷിപ്പിച്ചുകൊണ്ട് സാമ്രാജ്യത്വവിരുദ്ധവും ജന്മിത്തവിരുദ്ധവുമായ വിപ്ലവത്തെ ലക്ഷ്യമായി സ്വീകരിച്ചു. ദേശീയ ബൂർഷ്വാസി പുരോഗമനകാരിയും വിപ്ലവത്തിന്റെ സഖ്യശക്തിയുമായി അവതരിപ്പിക്കപ്പെട്ടു. ഫലത്തിൽ 1947 ആഗസ്റ്റ് 15ന് ഇന്ത്യയിൽ സ്വതന്ത്ര പരമാധികാര ബൂർഷ്വാ ജനാധിപത്യ രാഷ്ട്രം നിലവിൽ വന്നതായും ആഗസ്റ്റ് 15നെ സ്വാതന്ത്ര്യദിനമായും അന്നത്തെ അവിഭജിത സിപിഐ അംഗീകരിച്ചില്ല. അങ്ങിനെയാണ് ഈ സ്വാതന്ത്ര്യം കപടമാണെന്ന് വാദിച്ചുകൊണ്ട് ആഗസ്റ്റ് 15ന് അവിഭക്ത സിപിഐ കരിങ്കൊടി ഉയർത്തിയത്. വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിനുമേൽ അവാസ്തവമായ വാദങ്ങൾ അടിച്ചേൽപ്പിച്ച് പ്രവർത്തകരെ കരിങ്കൊടി ഉയർത്താൻ പറഞ്ഞയച്ച് ഭീകരമായ മർദ്ദനങ്ങൾക്ക് ഇരയാക്കിയ നേതാക്കന്മാർ ഇന്ന് പാർട്ടി ഓഫീസുകളിൽ ദേശീയ പതാക ഉയർത്താൻ ആഹ്വാനം ചെയ്യുന്നു. ഇപ്പോൾ അധികാരത്തിൽ അവരോധിതമായിരിക്കുന്ന വർഗ്ഗമേതാണ്? 1948ലെ വിശകലനമനുസരിച്ച് അധികാരത്തിലിരുന്നിരുന്ന സാമ്രാജ്യത്വവും ജന്മിത്തവും നിഷ്കാസിതമായി കഴിഞ്ഞോ? പേരിനെങ്കിലും സ്വാതന്ത്ര്യദിനം ആചരിക്കാൻ തീരുമാനിച്ചാൽ 1947ൽ സ്വാതന്ത്ര്യം ലഭിച്ചുവെന്നും അധികാരത്തിൽ മുതലാളി വർഗ്ഗം അവരോധിതമായി എന്നുമാണല്ലോ സമർത്ഥിക്കുന്നത്. ഇതിനെല്ലാം ശേഷവും, നിഷ്കാസിതമായിക്കഴിഞ്ഞ അതേ സാമ്രാജ്യത്വത്തെ പുറത്താക്കാനുള്ള ജനകീയ ജനാധിപത്യ വിപ്ലവമെന്ന ലൈൻ പാർട്ടി പരിപാടിയിൽ ഇന്നും സൂക്ഷിച്ചിരിക്കുകയാണല്ലോ. കണ്ണൂരിൽ പ്രഖ്യാപിച്ചിട്ടുള്ള പാർട്ടി കോൺഗ്രസ്സും ഇതേ ലൈൻ തുടരാനാണല്ലോ ലക്ഷ്യമിടുന്നത്. പൂർവ്വാപരവൈരുദ്ധ്യങ്ങൾ മാത്രം നിറഞ്ഞ നിലപാട് ഇക്കൂട്ടരുടെ ചരിത്രത്തിന്റെ അവിഭാജ്യഭാഗമാണ്.

രാജ്യത്തിന്റെ സാമ്പത്തിക-സാമൂഹ്യ സാഹചര്യത്തെ സംബന്ധിച്ച് മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിൽ പിറവിയെടുത്തകാലം മുതൽ അവിഭക്ത സിപിഐയും അതിൽനിന്ന് പിളർന്നുവന്നിട്ടുള്ള എല്ലാ പാർട്ടികളും ഗ്രൂപ്പുകളും തീർത്തും പരാജയപ്പെടുകയാണുണ്ടായിട്ടുള്ളത്. സ്വാതന്ത്ര്യ സമര കാലഘട്ടത്തെക്കുറിച്ചും സ്വതന്ത്ര ഇന്ത്യയിലെ ഭരണകൂടത്തെക്കുറിച്ചും സിപിഐ(എം)ന്റെ വിലയിരുത്തലുകളും കാഴ്ചപ്പാടുകളും പരിശോധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും.

1920 കളിലാണല്ലോ അവിഭജിത സിപിഐ രൂപീകൃതമാകുന്നത്. ആ കാലഘട്ടത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് അഥവാ സാമ്രാജ്യത്വവിരുദ്ധ സമരത്തിന് നേതൃത്വം നൽകിക്കൊണ്ടിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരു തികഞ്ഞ ബൂർഷ്വാവർഗ്ഗ പാർട്ടിയായി മാറിയിരുന്നില്ല. പിൽക്കാലത്ത് രൂപംകൊണ്ട പല രാഷ്ട്രീയ പാർട്ടികളും ഗ്രൂപ്പുകളും അന്ന് കോൺഗ്രസിന്റെ ഉള്ളിലായിരുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ പൊതുവായ പ്രവർത്തന വേദിയായിരുന്ന കോൺഗ്രസിലെ ദേശീയ ബൂർഷ്വാ നേതൃത്വത്തെ ഒറ്റപ്പെടുത്തി പകരം തൊഴിലാളിവർഗ്ഗ നേതൃത്വത്തെ സ്ഥാപിച്ചെടുത്തുകൊണ്ട് കോൺഗ്രസിനെ യഥാർത്ഥ സാമ്രാജ്യത്വവിരുദ്ധ മുന്നണിയാക്കി മാറ്റുക എന്ന സ്ട്രാറ്റജിയായിരുന്നു സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ കോൺഗ്രസ് നയിച്ചിരുന്ന സ്വാതന്ത്ര്യ സമരത്തെയാകെ പിന്തിരിപ്പൻ ബൂർഷ്വാസിയുടെ സമരമെന്ന് മുദ്രയടിക്കുകയാണ് അന്നത്തെ സിപിഐ ചെയ്തത്. ഈ നിലപാട് മൂലം സ്വാതന്ത്ര്യ സമരത്തിന്റെ മുഖ്യധാരയിൽനിന്ന് സ്വയം ഒറ്റപ്പെടുകയും ദേശസ്നേഹികൾ കമ്മ്യൂണിസത്തെ സംശയത്തോടെയും ആശങ്കയോടെയും കാണാൻ ഇടയാക്കുകയും ചെയ്തു. പിന്നീട് തെറ്റ് തിരുത്താനെന്ന പേരിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരു ബൂർഷ്വാ പാർട്ടിയായി മാറിക്കഴിഞ്ഞതിനു ശേഷം, സിപിഐ 1934ൽ തൊഴിലാളി വർഗ്ഗത്തിന്റെയും ബൂർഷ്വാസിയുടെയും സംയുക്ത നേതൃത്വത്തിൽ ഒരു ദേശീയ മുന്നണി ഉണ്ടാക്കണമെന്ന കൂടുതൽ ഗുരുതരമായ തെറ്റ് സ്വീകരിച്ചു.

തുടർന്ന് 1939ൽ മുസ്ലിംലീഗിന്റെ പാക്കിസ്ഥാൻ വാദത്തെ പിന്തുണച്ചു. രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാവകാശമെന്ന മാർക്സിസ്റ്റ് സിദ്ധാന്തത്തെ വികലമാക്കി അവതരിപ്പിച്ചുകൊണ്ടാണ്, മുസ്ലീങ്ങൾക്ക് മതത്തിന്റെ അടിസ്ഥാനത്തിൽ ഒരു രാഷ്ട്രമാകാമെന്നും അവർക്ക് സ്വയം നിർണ്ണയാവകാശത്തിന് അർഹതയുണ്ടെന്നും വാദിച്ചത്. 1942ൽ രണ്ടാം ലോകമഹായുദ്ധകാലത്ത് രാജ്യത്തെങ്ങുമുള്ള സാധാരണ ജനങ്ങൾ 'ക്വിറ്റ് ഇന്ത്യ' മുദ്രാവാക്യവുമായി ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്നെതിരെ ആഞ്ഞടിച്ചപ്പോൾ അത് ഫാസിസത്തിന് അനുകൂലമായ സമരമാണെന്ന് ആരോപിച്ച് എതിർത്തു. ഐഎൻഎ പോരാളികളെ ബ്രിട്ടീഷ് പോലീസിന് ഒറ്റുകൊടുക്കുന്ന പണി ഏറ്റെടുത്ത് സാമ്രാജ്യത്വത്തിന്റെ പിണിയാളന്മാരായി പ്രവർത്തിച്ചു.

1951ൽ അജയഘോഷിന്റെ നേതൃത്വത്തിൽ നടന്ന പാർട്ടി സമ്മേളനത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യം ഔപചാരികമായ ഒന്നാണെന്നും ഇന്ത്യൻ ഭരണകൂടം തീർത്തും സാമ്രാജ്യത്വത്തിന്റെ പിണിയാളാണെന്നും വിലയിരുത്തി. ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടത്തെ സാമ്രാജ്യത്വവിരുദ്ധ-ജന്മിത്വവിരുദ്ധമെന്ന് നിർണ്ണയിച്ചു. പിന്നീട് പാലക്കാട് നടന്ന പാർട്ടി കോൺഗ്രസിലും വിപ്ലവഘട്ടത്തെ സംബന്ധിച്ച് യാതൊരു മാറ്റവും ഉണ്ടായില്ല. എന്നാൽ ഇന്ത്യൻ ഭരണകൂടം സാമ്രാജ്യത്വത്തിന്റെ പിണിയാളെന്ന മുൻ വിലയിരുത്തലിൽ, ഇന്ത്യൻ ഭരണകൂടത്തിലും ഗവണ്മെന്റിലും ദേശീയ ബൂർഷ്വാസിയുടെ സ്വാധീനം വർദ്ധിച്ചു വരുന്നതായി ചേർത്തു. ഇങ്ങനെ ചെയ്തത് ഇന്ത്യൻ ഭരണകൂടത്തിന്റെ സ്വതന്ത്രമായ വിദേശ നയം വിശദീകരിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതെ വന്നതുകൊണ്ടാണ്. അർദ്ധ കൊളോണിയൽ-അർദ്ധ ഫ്യൂഡൽ ഭരണകൂടമാണെങ്കിൽ സ്വതന്ത്രമായ വിദേശനയം ആവിഷ്ക്കരിക്കാൻ കഴിയില്ലല്ലോ? പിന്നീട് അമൃതസറിൽ കൂടിയ അടുത്ത പാർട്ടി കോൺഗ്രസിലും അടിസ്ഥാനപരമായ യാതൊരു വ്യത്യാസവും ഉണ്ടായില്ല.

സിപിഐ പിളർന്നശേഷം കൽക്കട്ടയിൽവെച്ച് കൂടിയ സിപിഐ(എം)ന്റെ ആദ്യത്തെ പാർട്ടി കോൺഗ്രസിൽ ഇന്ത്യൻ ഭരണകൂടത്തെ വൻകിട ബൂർഷ്വാസിയുടെ നേതൃത്വത്തിലുള്ള ബൂർഷ്വാ-ജന്മിത്വ ഭരണകൂടം എന്നാണ് നിർവ്വചിച്ചത്. വിപ്ലവ സിദ്ധാന്തമാകട്ടെ സാമ്രാജ്യത്വവിരുദ്ധ ജന്മിത്തവിരുദ്ധ ജനകീയ ജനാധിപത്യ വിപ്ലവവും. സിപിഐ(എം) പാർട്ടി പരിപാടിയുടെ ആമുഖത്തിന്റെ 6.2ന്റെ ഖണ്ഡികയുടെ അവസാനഭാഗം ഇങ്ങനെ പറയുന്നു. 'ഉറച്ച തൊഴിലാളി- കർഷക സഖ്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗ നേതൃത്വത്തിൽ, എല്ലാ അസ്സൽ ഫ്യൂഡൽ വിരുദ്ധ, കുത്തകവിരുദ്ധ, സാമ്രാജ്യത്വ വിരുദ്ധ ശക്തികളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള സഖ്യത്തിന്റെ അടിസ്ഥാനത്തിൽ ജനകീയ ജനാധിപത്യം സ്ഥാപിക്കുക. ഇന്നത്തെ ബൂർഷ്വാ-ഭൂപ്രഭു ഭരണത്തെ തൂത്തെറിഞ്ഞ് ജനകീയ ജനാധിപത്യ ഭരണകൂടം സ്ഥാപിക്കുക എന്നതാണ് ഇതിനുള്ള പ്രഥമവും പ്രധാനവുമായ മുന്നുപാധി' ഖണ്ഡിക 7.11 'അതിനാൽ ബൂർഷാസിയിലെ ദുർബ്ബലമായ ഈ വിഭാഗം (കുത്തകയല്ലാത്ത ബൂർഷ്വാസി-യൂണിറ്റി) ഭരണകൂട അധികാരവുമായി എതിരിടാൻ നിർബ്ബന്ധിതമായിത്തീരുന്നു. ജനകീയ ജനാധിപത്യ മുന്നണിയിൽ അവർക്ക് ഒരു സ്ഥാനം കണ്ടെത്താൻ കഴിയും. എന്നാൽ വൻകിട ബൂർഷ്വാസിയുമായി ഇപ്പോഴും ഭരണം പങ്കിടുന്നവരാണ് ഈ വിഭാഗമെന്നും അതേ ഭരണത്തിൽ ഇനിയും മുന്നേറാൻ കഴിയും എന്ന ഉയർന്ന പ്രതീക്ഷകൾ വച്ചുപുലർത്തുന്നവരാണ് അവരെന്നുമുള്ള കാര്യം നാം ഓർക്കണം'. അതിനർത്ഥം ജനകീയ ജനാധിപത്യ വിപ്ലവത്തിൽ ബൂർഷ്വാസിയിലെ ദുർബ്ബലരായ വിഭാഗം സഖ്യശക്തിയാണെന്നാണ്.

ഇവിടെ പ്രസക്തമായ ചോദ്യം വൻകിട ബൂർഷ്വാസിയും ദേശീയ ബൂർഷ്വാസിയും ആരാണെന്നുള്ളതാണ്. സാമ്രാജ്യത്വം മുതലാളിത്വത്തിന്റെ പരമോന്നത ഘട്ടം എന്ന ഗ്രന്ഥത്തിൽ മഹാനായ ലെനിൻ വ്യക്തമായി ചൂണ്ടിക്കാട്ടിയിട്ടുള്ളത് മുതലാളിത്തം അതിന്റെ പ്രാരംഭദശയിൽ സ്വഭാവത്തിൽ ദേശീയമായിരിക്കുകയും പരമാധികാര രാഷ്ട്രം സ്ഥാപിക്കാൻവേണ്ടി അങ്ങേയറ്റം പ്രയത്നിക്കുകയും ചെയ്യുമെന്നാണ്. കൂടാതെ ദേശീയ മൂലധനം അതിന്റെ വികാസക്രമത്തിൽ കുത്തകക്ക് ജന്മം നൽകുന്നു. വളർച്ചയുടെ ഈ ഘട്ടത്തിൽ അതിന് സാമ്രാജ്യത്വ സ്വഭാവം കൈവരുന്നു എന്നമാണ്. അതിനാൽ ദേശീയ ബൂർഷ്വാസി വളർന്ന് വികസിച്ച് കുത്തകയായി മാറുമ്പോഴാണ് സാമ്രാജ്യത്വ സ്വഭാവം ആർജ്ജിക്കുന്നത്. അതുകൊണ്ട് കുത്തക ബൂർഷ്വാസിക്കെതിരെയുള്ള സമരമെന്നു പറഞ്ഞാൽ ദേശീയ ബൂർഷ്വാസിക്കെതിരെയുള്ള സമരമെന്നു തന്നെയാണ് അർത്ഥം. എന്നാൽ വിപ്ലവപരിപാടി മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമല്ലതാനും!

രണ്ടാമത്തെ വശം ബൂർഷ്വാസി വിദേശ ഫിനാൻസ് മൂലധനവുമായി കൂടുതൽ സഹകരിക്കുന്നു എന്നും സമ്രാജ്യത്വവുമായി സന്ധി ചെയ്യുന്നു എന്നും ഉള്ള സിദ്ധാന്തമാണ്. ഇന്ത്യൻ ബൂർഷ്വാസി വികസിച്ച് കുത്തകകൾ ആയി മാറി സാമ്രാജ്യത്വ സ്വഭാവം ആർജ്ജിച്ചു കഴിഞ്ഞതിനാൽ സ്വാഭാവികമായും ഇന്ത്യൻ ബൂർഷ്വാസിയുടെ വികസന താല്പര്യങ്ങളുമായി ബന്ധപ്പെട്ട് വിദേശസാമ്രാജ്യത്വ ശക്തികളുമായി ഒരേസമയം വൈരുദ്ധ്യവും സഹകരണവും ഉണ്ടാകും. വിദേശസാമ്രാജ്യത്വവുമായി സന്ധി ചെയ്യുന്നു, വിദേശ മൂലധനവുമായി സഹകരിക്കുന്നു എന്നത് ഭരണകൂടാധികാരത്തിൽ സാമ്രാജ്യത്വമുണ്ടെന്ന് സ്ഥാപിക്കുന്നില്ല. ഫിനാൻസ് മൂലധനം ട്രാൻസ്നാഷണൽ സ്വഭാവം കൈവരിച്ചിരിക്കുന്നതിനാൽ വൻകിട വികസിത മുതലാളിത്ത ഭരണകൂടങ്ങളെല്ലാം ഫിനാൻസ് മൂലധനവുമായി സഹകരിച്ചാണ് നിലനിൽക്കുന്നത്.

മൂന്നാമത്തെ വശം ബൂർഷ്വാ-ഭൂപ്രഭു വർഗ്ഗമാണ് അധികാരത്തിൽ ഇരിക്കുന്നത് എന്ന നിഗമനമാണ്. കുത്തകകളായി വളർന്ന് സാമ്രാജ്യത്വ സ്വഭാവം ആർജ്ജിച്ച ദേശീയ ബൂർഷ്വാസിയോടൊപ്പം എങ്ങനെയാണ് ഭൂപ്രഭുവർ

(ശേഷം 15-ാം പേജിൽ)

## അഖിലേന്ത്യാ പ്രതിഷേധ സമരവാരം

(13-ാം പേജിൽ നിന്ന്)

സദാനന്ദൻ പ്രസംഗിച്ചു.

കൊല്ലത്ത് ഒക്ടോബർ 30ന് ചിന്നക്കടഹെഡ്പോസ്റ്റ്ഓഫീസ് ധർണ്ണ നടന്നു. സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് സഖാവ് എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ്പ്രസിഡണ്ടും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറിയുമായ സഖാവ് ഷൈല കെ. ജോൺ, ജില്ലാ സെക്രട്ടറി സഖാവ് ബി.വിനോദ്, സഖാവ് ആർ.രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ജില്ലയിൽ അഞ്ചൽ, പുനലൂർ, പെരുമ്പുഴ, കണ്ണനല്ലൂർ എന്നിവിടങ്ങളിൽ പ്രതിഷേധ യോഗങ്ങൾ നടന്നു.




പ്രതിഷേധവാരത്തോടനുബന്ധിച്ച് എറണാകുളത്ത് നടന്ന പരിപാടിയിൽ സഖാവ് പി.എം.ദിനേശൻ പ്രസംഗിക്കുന്നു

കോട്ടയത്ത്നടന്നബിഎസ്എൻഎൽ ഓഫീസ് മാർച്ച് സംസ്ഥാന വൈസ് പ്രസിഡണ്ട് സഖാവ്എൻ.ആർ.മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി സഖാവ് വി.പി. കൊച്ചുമോൻ അധ്യക്ഷത വഹിച്ചു. സഖാക്കൾ കെ.പി.വിജയൻ,എം.കെ.കണ്ണൻ, എ.ജി.അജയകുമാർ, കെ.എൻ. രാജൻ, എം.ജെ.സണ്ണി, യു.ജെ. ആശാരാജ് എന്നിവർ പ്രസംഗിച്ചു. എരുമേലി, മുണ്ടക്കയം, ഏറ്റുമാനൂർ, തിരുവാർപ്പ് തുടങ്ങിയ സ്ഥലങ്ങളിലും പ്രതിഷേധ യോഗം നടന്നു.

ആലപ്പുഴയിൽ ചെങ്ങന്നൂർ ഹെഡ്പോസ്റ്റ് ഓഫീസ് ധർണ്ണ സംസ്ഥാന വൈസ് പ്രസിഡണ്ട് സഖാവ്എസ്.സീതിലാൽഉദ്ഘാടനം ചെയ്തു. സഖാവ് ടി.കെ.ഗോപിനാഥൻ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ മധു ചെങ്ങന്നൂർ, കെ.ശശികുമാർ, വി.വേണുഗോപാൽ, എസ്. ഭുവനേശ്വരൻ, ടി.കോശി, പ്രബീഷ്, ബിമൽജി, ടെസ്സി ബേബി എന്നിവർ പ്രസംഗിച്ചു. ജില്ലയിൽ ആലപ്പുഴ, കായംകുളം, അമ്പലപ്പുഴ എന്നിവിടങ്ങളിൽ കേന്ദ്ര ഓഫീസുകൾക്കുമുമ്പിൽ ധർണ്ണയും ചേർത്തല, അരൂർ, പറവൂർ എന്നിവിടങ്ങളിൽ പ്രതിഷേധ യോഗങ്ങളും നടന്നു.

അങ്കമാലി ജാഥ സ.പി.പി. അഗസ്റ്റിനും, ഇത്താട്ടുകളത്തു നിന്നാരംഭിച്ച ജാഥ സ. എൻ.ആർ. മോഹൻ കുമാറും, റിഫൈനറി ഗേറ്റിൽ നിന്നാരംഭിച്ച ജാഥ സ. പി.എം. ദിനേശനും ഉദ്ഘാടനം ചെയ്തു.ഏലൂർ വ്യവസായ മേഖലയിൽ അങ്കമാലി ജാഥയുടെ സമാപനം നടന്നു. സ. കെ.എസ്. ഹരികുമാർ (ജില്ലാ സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡണ്ട്) യോഗം ഉദ്ഘാടനം ചെയ്തു.

എറണാകുളം ജില്ലയിൽ ഒക്ടോബർ 30ന് ഒരു ബൈക്ക് റാലിയും രണ്ട് വാഹന ജാഥയും നടന്നു. ജില്ലയുടെ മൂന്ന് കേന്ദ്രങ്ങളിൽ നിന്ന് ഇത് ആരംഭിച്ചു. 21 കേന്ദ്രങ്ങളിൽ യോഗങ്ങൾ നടത്തി.ഏറണാകുളം സിറ്റിയിൽ നടന്ന യോഗം എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗംവും ജില്ലാ സെക്രട്ടറിയുമായ സ. ടി.കെ. സുധീർ കുമാർ ഉദ്ഘാടനം ചെയ്തു. എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ടും സംസ്ഥാന വൈസ് പ്രസിഡണ്ടുമായ സ. പി.എം. ദിനേശൻ അദ്ധ്യക്ഷത വഹിച്ചു.

തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട ജില്ലകളിലും വിവിധ പരിപാടികളോടെ പ്രതിഷേധ വാരം ആചരിച്ചു. ■




കോട്ടയം ബിഎസ്എൻഎൽ ഓഫീസിനുമുന്നിൽ നടന്ന ധർണ സഖാവ് എൻ.ആർ. മോഹൻകുമാർ ഉദ്ഘാടനം ചെയ്യുന്നു

## ദേശീയ വിദ്യാഭ്യാസ നയം കേരളം നടപ്പാക്കരുത്

സംസ്ഥാന സേവ് എഡ്യൂക്കേഷൻ സമ്മേളനം പാസ്സാക്കിയ പ്രമേയം

പുതിയ ദേശീയ വിദ്യാഭ്യാസ നയം2020 അതിന്റെ രൂപീകരണ പ്രക്രിയയിലും ഉള്ളടക്കത്തിലും ഏറെ നിഗൂഢതകൾ നിറഞ്ഞതും അക്കാദമികവിരുദ്ധവുമാണ്. ജനാധിപത്യേതരവും സംവാദ വിമുഖവുമായ രീതിയിലാണ്, പാർലമെന്റിനെ ഇരുട്ടിൽ നിർത്തി, ചർച്ചകൾ പോലുമില്ലാതെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പുതിയ ദേശീയ വിദ്യാഭ്യാസനയം കേന്ദ്ര സർക്കാർ പാസ്സാക്കിയത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അവതരിപ്പിക്കപ്പെട്ട ദേശീയ വിദ്യാഭ്യാസ നയങ്ങളിൽ ശാസ്ത്രീയ ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ പരിപൂർണ്ണമായ വിച്ഛേദത്തെയാണ് ദേശീയ വിദ്യാഭ്യാസനയം - 2020 കുറിക്കുന്നത്. ചരിത്രമെന്ന പേരിൽ അവതരിപ്പിക്കുന്ന പുരാതന ഭാരത കേന്ദ്രീകൃത മിത്തുകളിലേയ്ക്കും ഫാക്ടറി മോഡൽ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നൈപുണ്യധിഷ്ഠിത മത്സരക്രമത്തിലേയ്ക്കും ഒരേ സമയം ഊളിയിടുന്ന അശാസ്ത്രീയവും വിചിത്രവുമായ രീതികളാണ് ദേശീയ വിദ്യാഭ്യാസ നയം പിന്തുടരുന്നത്. ചരിത്ര നിഷേധത്തിന്റെയും, അധികാര - ഘടനാ കേന്ദ്രീകരണത്തിന്റെയും, ഫെഡറൽ വ്യവസ്ഥയുടെ നിരാകരണത്തിന്റെയും, വാണിജ്യവൽക്കരണത്തിന്റെയും, സാമൂഹ്യനീതി നിഷേധത്തിന്റെയും സമാഹാരമായി ഇന്ത്യയിലെ അക്കാദമിക്കുകളും പൊതു സമൂഹവും ദേശീയ വിദ്യാഭ്യാസ നയത്തെ വിലയിരുത്തിയിട്ടുണ്ട്. അതോടൊപ്പം പൊതു- ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന അടിസ്ഥാന സൗകര്യമില്ലായ്മ, ലഭ്യതയില്ലായ്മ, തുല്യതയില്ലായ്മ, ഗുണനിലവാരമില്ലായ്മ പോലുള്ള ഗുരുതര പ്രശ്നങ്ങളെ മറികടക്കുന്നതിനുള്ള നിർദ്ദേശങ്ങൾദേശീയ വിദ്യാഭ്യാസ നയം അവതരിപ്പിച്ചു കാണുന്നില്ലായെന്ന് മാത്രമല്ല പ്രാഥമിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനങ്ങളെപോലും തകർക്കാൻ പുതിയ നയം കരുക്കൾ ഒരുക്കിയിരിക്കുന്നുവെന്നത് ഡിപി ഇ പി പരിഷ്കാരങ്ങളുടെ പരിണതിയെയാണ് ഓർമിപ്പിക്കുന്നത്.

ഒരു രാഷ്ട്രം, ഒരു വിദ്യാഭ്യാസ വ്യവസ്ഥ, ഒരു കരിക്കുലം എന്ന അങ്ങേയറ്റം കേന്ദ്രീകൃതമായ വിദ്യാഭ്യാസ വ്യവസ്ഥയിലേയ്ക്കും സാംസ്കാരിക ദേശീയതയിലേയ്ക്കുമുള്ള അപകടകരമായ വഴിയാണിതെന്ന് ഞങ്ങൾ ഓർമ്മിപ്പിക്കുന്നു.

ശാസ്ത്രാവബോധത്തിനും, യുക്തിചിന്തയ്ക്കും, ആഴമേറിയ അക്കാദമിക പഠനത്തിനും പകരം മത പഠനത്തിനും മിത്തുകൾക്കും, ആത്മീയ വിദ്യാഭ്യാസത്തിനും നൽകുന്ന അമിത പ്രാധാന്യം ഇന്ത്യൻ വിദ്യാഭ്യാസത്തിൽ പരിമിതമായെങ്കിലും നിലനിൽക്കുന്ന ജനാധിപത്യ-മതേതര വിദ്യാഭ്യാസത്തിന്റെ അന്ത്യം കുറിയ്ക്കലാവുമെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. സാംസ്കാരിക ദേശീയതയ്ക്കും, ചങ്ങാത്ത മുതലാളിത്തത്തിനും അനുകൂലമായി ഇന്ത്യൻ വിദ്യാഭ്യാസത്തെ വാണിജ്യവത്ക്കരിക്കുകയും വർഗ്ഗീയവത്ക്കരിക്കുകയും കേന്ദ്രീകരിക്കുകയും ചെയ്യുന്ന ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പിലാക്കാനുള്ള ശ്രമങ്ങളുമായി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് മുന്നോട്ട് പോകുന്നുവെന്നത് ഞെട്ടൽ ഉളവാക്കുന്നു.

കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഫോക്കസ് ഗ്രൂപ്പുകളുടെയും ഡ്രാഫ്റ്റ് കരിക്കുലം ഫ്രെയിംവർക്കിന്റെയും രൂപീകരണം നടന്നുവരികയാണ്. വിദ്യാഭ്യാസത്തിലെ ഫെഡറൽ വ്യവസ്ഥയെ പാടെ നിരാകരിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം തള്ളിക്കളയണമെന്ന നിലപാട് ബംഗാൾ, തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കുമ്പോൾ കേരളം ദേശീയ നയത്തിനനുസൃതമായ നിലപാടുകൾ സ്വീകരിക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നു. ദേശീയ വിദ്യാഭ്യാസ നയവ്യവസ്ഥകൾ എതിർപ്പുകളില്ലാതെ നടപ്പിലാക്കുന്ന സമീപനത്തിൽനിന്ന് കേരള ഗവൺമെന്റ് പിൻമാറണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമാണെന്നിരിക്കെ ഏകപക്ഷീയമായി അക്കാദമികവിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരായപ്രതിഷേധങ്ങൾക്ക് കേരളം നേതൃത്വം നൽകണമെന്നും ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു. ■

## സിപിഐ(എം) സ്വാതന്ത്ര്യദിനാഘോഷം

(14-ാം പേജിൽ നിന്ന്)

ഗ്ഗം അധികാരം പങ്കിടുക എന്നത് ചരിത്രവും മാർക്സിസത്തിന്റെ ബാലപാഠവും അറിയാവുന്നവർക്ക് ഉൾക്കൊള്ളുവാൻ കഴിയുന്ന കാര്യമല്ല. കാർഷികമേഖലയപ്പാടെ കോർപ്പറേറ്റുകൾ പിടി മുറുക്കുന്ന ഈ സന്ദർഭത്തിലും ഭൂപ്രഭു ജന്മിവർഗ്ഗം അധികാരം പങ്കിടുന്നു എന്ന വ്യാഖ്യാനം യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്നില്ല.

എടുത്തു പറയേണ്ട മറ്റൊരു കാര്യം ജനകീയ ജനാധിപത്യ വിപ്ലവം എന്ന പ്രയോഗമാണ്. ഭൂപ്രഭു-നാടുവാഴിത്ത-രാജവാഴ്ചയുള്ള നാടുകളിൽ വിദേശാധിപത്യമോ മേൽക്കോയ്മയോ ഉണ്ടായിരിക്കുകയും മുതലാളിത്തം ശൈശവാവസ്ഥയിൽ ആയിരിക്കുകയും ചെയ്യുമ്പോൾ (അർദ്ധ കൊളോണിയൽ-അർദ്ധ ഫ്യൂഡൽ ഭരണം) തൊഴിലാളി വർഗ്ഗത്തിന്റെ മുൻകൈയിൽ സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനും എതിരെ നടക്കുന്നതാണ് ജനകീയ ജനാധിപത്യ വിപ്ലവം. ചൈനയിൽ മാവോ സേതുങ്ങിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം ജനകീയ ജനാധിപത്യ വിപ്ലവമായിരുന്നു-അത് പുത്തൻ ജനാധിപത്യ വിപ്ലവം എന്നറിയപ്പെടുന്നു. സിപിഐ(എം) പറയുന്ന ജനകീയ ജനാധിപത്യ വിപ്ലവം ഇതല്ല. അവർ വിവക്ഷിക്കുന്നത് കുത്തകകളാൽ നയിക്കപ്പെടുന്ന ബൂർഷ്വാ- ഭൂപ്രഭു സർക്കാരിനെ അധികാരത്തിൽനിന്നും തൂത്തെറിയുന്ന വിപ്ലവമാണ്. ബൂർഷ്വാ ഭരണകൂടത്തെ തൂത്തെറിയുന്ന വിപ്ലവം മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമാണ്. അത് സോവിയറ്റ് റഷ്യയിൽ 1917 ൽ നടന്ന വിപ്ലവമാണ്. ഇൻഡ്യയുടെ മൂർത്തസാഹചര്യത്തിൽ ഏറ്റവും ശരിയും കൃത്യവുമായ വിപ്ലവ പരിപാടി മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമാണ്. അതിനാലാണ് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ഈ അടിസ്ഥാന ലൈൻ സ്വീകരിച്ചിട്ടുള്ളത്.

മുതലാളിത്ത ചേരിയിൽ നിലയുറപ്പിച്ചുകൊണ്ട് സിപിഐ (എം) കൈക്കൊണ്ടിട്ടുള്ള അധമമായ പ്രായോഗിക രാഷ്ട്രീയത്തിന്റെ കണക്കുകൂട്ടലുകളാണ് എല്ലാം നിശ്ചയിക്കുന്നത്. സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ പുതിയ തീരുമാനവും ഇതേ കണക്കുകൂട്ടലിൽ വന്നിട്ടുള്ളതാണ്. നിലനിൽക്കുന്ന മുതലാളിത്തവ്യവസ്ഥയോട് സാധ്യമാകുന്നിടത്തോളം താദാത്മ്യപ്പെടാനാണ് സിപിഐ(എം) പരിശ്രമിക്കുന്നത്. സ്വകാര്യമൂലധന നിക്ഷേപം വർദ്ധിക്കുമ്പോൾ വന്നുചേരുന്ന വികസനത്തിന്റെ പറുദീസയെക്കുറിച്ചാണ് സിപിഐ (എം) ഭാഷണങ്ങൾ മുഴുവൻ. നിക്ഷേപസൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ തൊഴിലാളിവർഗ്ഗത്തിന്റെ കടമകളെന്തെന്ന് സ്റ്റഡി ക്ലാസ്സ് സംഘടിപ്പിക്കുന്നു. വൈരുദ്ധ്യാത്മക ഭൗതികവാദം ഇൻഡ്യൻ സാഹചര്യത്തിൽ പ്രയോഗികമല്ല എന്ന് പ്രഖ്യാപിച്ച്, വിപ്ലവമെന്നത് ഏട്ടിൽപ്പോലുമില്ലാതാക്കി മുതലാളിവർഗ്ഗത്തിന്റെ നല്ലപിള്ള ആകാൻ പണിപ്പെടുന്ന ലജ്ജാകരമായ കാഴ്ച നാം കാണേണ്ടി വരുന്നു. സ്വാതന്ത്ര്യദിനാചരണം നടത്തുന്നില്ല എന്നത് മുതലാളിമാർക്ക് പ്രത്യേകിച്ച് ബുദ്ധിമുട്ടൊന്നും ഉണ്ടാക്കുന്നില്ലെങ്കിലും അവർക്ക് തെറ്റിദ്ധാരണ ഉണ്ടാകാൻ സാധ്യതയുള്ള പഴയ നിലപാട് തിരുത്തി കഴിയുന്നത്ര പരമാവധി ദാസ്യഭാവം കാട്ടുന്നതാണല്ലോ നല്ലത്. സ്വാതന്ത്ര്യദിനം ആചരിക്കേണ്ടതില്ല എന്ന അബദ്ധതീരുമാനത്തിന്റെ വിപരീത നിലയിലേക്ക് പോകാൻ പ്രേരിപ്പിക്കുന്നത് സിപിഐ(എം) ഇപ്പോൾ പുൽകിയിട്ടുള്ള വർഗ്ഗാഭിലാഷങ്ങളാണ്. എണ്ണമറ്റ രക്തസാക്ഷികളും അനേകകോടി രാജ്യസ്നേഹികളും പൊരുതിനേടിയെടുത്ത രാഷ്ട്രീയസ്വാതന്ത്ര്യത്തെ കാണാനും അംഗീകരിക്കാനും കഴിയാതെ പോയത് അവർ പിന്തുടർന്ന മാർക്സിസ്റ്റേതരവും യാന്ത്രികവുമായ സമീപനത്തിന്റെ ഫലമായിരുന്നു. ഇന്ന് ദേശീയപതാക ഉയർത്താൻ തീരുമാനിക്കുമ്പോഴും അതേ സമീപനത്തിന്റെ ആവർത്തനമാണ് നാം കാണുന്നത്. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2021 November
Price: Rs. 5.00

## വിപൽക്കരമായ ദേശീയ വിദ്യാഭ്യാസ നയം 2020 നെതിരെ തെരുവിലിറങ്ങാൻ ആഹ്വാനം ചെയ്ത്

# സംസ്ഥാന വിദ്യാഭ്യാസ സംരക്ഷണ സമ്മേളനം

**ഇ**ന്ത്യയുടെ മതേതര ജനാധിപത്യ ശാസ്ത്രീയ വിദ്യാഭ്യാസ വ്യവസ്ഥയെ പൂർണമായി തകർക്കുന്ന വിപൽക്കരമായ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ സംസ്ഥാന വിദ്യാഭ്യാസ സരക്ഷണ സമ്മേളനം ഒക്ടോബർ 15, 16 തീയതികളിൽ ആലപ്പുഴയിൽ നടന്നു. അധ്യാപക രംഗത്തെ ശ്രേഷ്ഠ വ്യക്തിത്വം ബി.ദിലീപൻ ചെയർമാനായി 70 പേർ അടങ്ങിയ അതിവിപുലമായ ഒരു സ്വാഗതസംഘത്തിന് രൂപം നൽകിക്കൊണ്ടാണ് സമ്മേളനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. സംസ്ഥാന വിദ്യാഭ്യാസ സമ്മേളനം വിജയിപ്പിക്കാൻ ആവശ്യപ്പെട്ട് ബി.ആർ.പി.ഭാസ്കർ, ഡോ.എ.കെ.രാമകൃഷ്ണൻ, പ്രൊഫ.എം.കെ.സാനു, പ്രൊഫ.കെ.അരവിന്ദാക്ഷൻ തുടങ്ങി അനേകം സാമൂഹ്യ വ്യക്തിത്വങ്ങൾ ഒപ്പുവെച്ച ഒരു അഭ്യർത്ഥന സേവ് എഡ്യൂക്കേഷൻ കമ്മിറ്റി പൂർപ്പെടുവിക്കുകയുണ്ടായി. നൂറ്റിഅറുപതോളം പ്രഗത്ഭർ അഭ്യർത്ഥനയിൽ ഒപ്പുവെച്ചു.

ഒക്ടോബർ 15ന് 'വളച്ചെഴുതപ്പെടുന്ന ഇന്ത്യാ ചരിത്രം' എന്ന വിഷയത്തെ സംബന്ധിച്ച സെമിനാർ ചടയൻ മുറി ഹാളിൽ സംഘടിപ്പിച്ചുകൊണ്ടാണ് ദ്വിദിനസമ്മേളനം തുടങ്ങുന്നത്. നിറഞ്ഞു കവിഞ്ഞ ഹാളിൽ, കേരള ചരിത്ര കൗൺസിൽ ചെയർമാൻ പ്രൊഫ. മൈക്കിൾ തരകൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ യഥാർത്ഥ ചരിത്രത്തെ സംഘപരിവാർ ശക്തികൾ വികൃതമാക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പ്രൊഫ.ജോർജ്ജ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കേരള ചരിത്ര കൗൺസിൽ അംഗം പ്രൊഫ. എബ്രഹാം അറയ്ക്കൽ, എം.ഷാജർഖാൻ, അഡ്വ.ബി.കെ.രാജഗോപാൽ തുടങ്ങിയവർ സംസാരിച്ചു. ആർ.പാർത്ഥസാരഥി വർമ്മ സ്വാഗതവും കെ.ബിമൽജി കൃതജ്ഞതയും പറഞ്ഞു.



സംസ്ഥാന വിദ്യാഭ്യാസ സംരക്ഷണ സമ്മേളനം മൈസൂർ ജെഎസ്എസ് യൂണിവേഴ്സിറ്റി മുൻവൈസ് ചാൻസിലർ ജവഹർ നേശൻ ഉദ്ഘാടനം ചെയ്യുന്നു.

രണ്ടാം ദിവസം രാവിലെ ആലപ്പുഴ ജവഹർ ബാലഭവനിൽ നടന്ന സംസ്ഥാനതല വിദ്യാഭ്യാസ സംരക്ഷണ സമ്മേളനം മൈസൂർ ജെഎസ്എസ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. ജവഹർ നേശൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസത്തെ സ്വന്തം കാൽക്കീഴിലേയ്ക്ക് കൊണ്ടുവരാൻ എല്ലാ ജനാധിപത്യ മര്യാദകളെയും നഗ്നമായി കേന്ദ്ര സർക്കാർ ലംഘിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രസർക്കാരിന്റെ 2020ലെ പുതിയ ദേശീയ വിദ്യാഭ്യാസ നയം കേവലം വിദ്യാഭ്യാസത്തെ മാത്രമല്ല തകർക്കുന്നത്. നമ്മുടെ സംസ്കാരത്തെയും ജനാധിപത്യ മൂല്യങ്ങളെയും സാമൂഹ്യ ഘടനയെയും രാജ്യത്തെതന്നെയും തകർക്കുന്നതാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പുതിയ വിദ്യാഭ്യാസ നയത്തിന്നെതിരെ അതിശക്തമായ പ്രക്ഷോഭണം രാജ്യത്തെമ്പാടും വളർന്നുവരണം എന്ന് അദ്ദേഹം പറഞ്ഞു. സമ്മേളനത്തിൽ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ അദ്ധ്യക്ഷത വഹിച്ചു. സ്വാഗത സംഘം ചെയർമാൻ ബി.ദിലീപൻ സ്വാഗത പ്രസംഗം നടത്തി. പ്രൊഫ. ജവഹർ നേശനെ ആദരിച്ചുകൊണ്ട് ഒരുമെമെന്റോ പ്രൊഫ.ജോർജ് ജോസഫ് കൈമാറി. പ്രൊഫ. നേശൻ രചിച്ച രണ്ട് കൃതികളുടെ കോപ്പി സംസ്ഥാന വൈസ് പ്രസിഡന്റ് ജി.നാരായണൻ മാഷ് ഏറ്റുവാങ്ങി. ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പാക്കരുത് എന്നാവശ്യപ്പെടുന്ന പ്രത്യേക പ്രമേയം മേധ സുരേന്ദ്രനാഥ് അവതരിപ്പിച്ചു. കെ.വി.മനോജ് പിന്തുണച്ചു. ഐഎസ്ആർഒ റിട്ടയേർഡ് സയന്റിസ്റ്റ് സി.രാമചന്ദ്രൻ, കെ.വി.മനോജ്, പ്രൊഫ.ബിജുലാൽ, സൗഭാഗ്യകുമാരി തുടങ്ങിയവർ സംസാരിച്ചു.

ഉച്ച കഴിഞ്ഞ് നടന്ന പ്രതിനിധിസമ്മേളനം അഖിലേന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി വൈസ് പ്രസിഡന്റ് പ്രൊഫ.ഹോചിമിൻ തിലഗർ ഉദ്ഘാടനം ചെയ്തു. പ്രൊഫ. പി.എൻ.തങ്കച്ചൻ, ഡോ.എം.ജ്യോതിരാജ്, പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ എന്നിവർ അടങ്ങിയ പ്രസീഡിയമാണ് സമ്മേളന നടപടികൾ നിയന്ത്രിച്ചത്. വിദ്യാഭ്യാസ നയത്തെ സംബന്ധിച്ച മുഖ്യപ്രമേയം അഡ്വ.ഇ.എൻ.ശാന്തിരാജ് അവതരിപ്പിച്ചു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അപകടങ്ങൾ സമഗ്രമായി ചൂണ്ടിക്കാട്ടിയ പ്രമേയം ചർച്ചകൾക്ക് ശേഷം ഐകകണ്ഠ്യേന പാസ്സാക്കി. പ്രൊഫ.ജോർജ്ജ് ജോസഫ്, ജി.നാരായണൻ ഉൾപ്പടെയുള്ളവർ സംസാരിച്ചു.

ഭാഷാപ്രശ്നം, ചരിത്ര പഠനം, ഗവേഷണ മേഖലയിലെ പ്രതിസന്ധി എന്നിവയെ സംബന്ധിച്ച പ്രമേയങ്ങളും അവതരിപ്പിക്കപ്പെട്ടു. സംഘടനാപ്രമേയം സെക്രട്ടറി എം.ഷാജർഖാൻ അവതരിപ്പിച്ചു. തുടർന്ന്, സേവ് എജ്യൂക്കേഷൻ കമ്മിറ്റി കേരള ചാപ്റ്ററിന് നേതൃത്വം നൽകാൻ അതിശക്തമായ പുതിയ കമ്മിറ്റിയെ തെരഞ്ഞെടുത്തു. 68 അംഗ സമിതിയുടെ രക്ഷാധികാരികളായി പ്രൊഫ.എം.കെ.സാനു, ഡോ.എ.കെ.രാമകൃഷ്ണൻ എന്നിവരെ തെരെഞ്ഞെടുത്തു. പ്രസിഡന്റ് ആയി പ്രൊഫ. ജോർജ്ജ് ജോസഫിനെയും സെക്രട്ടറിയായി അഡ്വ. ഇ.എൻ.ശാന്തിരാജിനെയും തെരഞ്ഞെടുത്തു.

സമാപന സമ്മേളനത്തിൽ പുതിയപ്രസിഡന്റ് പ്രൊഫ.ജോർജ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ജയ്സൺ ജോസഫ് സമാപന സന്ദേശം നൽകി. ഭാവി കർമ്മ പരിപാടികൾ പുതിയ സെക്രട്ടറി അഡ്വ.ഇ.എൻ.ശാന്തിരാജ് അവതരിപ്പിച്ചു.

പുതിയസംസ്ഥാന സമിതി:

ഉപദേശകർ: പ്രൊഫ എം.കെ.സാനു, ഡോ.എ.കെ രാമകൃഷ്ണൻ. പ്രൊഫ.ജോർജ്ജ് ജോസഫ്(പ്രസിഡന്റ്), എം.ഷാജർഖാൻ, ഡോ.ജ്യോതിരാജ്, പ്രൊഫ.പി. എൻ തങ്കച്ചൻ, പ്രൊഫ.കെ.പി.സജി, എ.പി.അഹമ്മദ്, ജി.നാരായണൻ, കെ.ആർ.അശോക് കുമാർ, സൗഭാഗ്യകുമാരി(വൈസ് പ്രസിഡന്റ്സ്), അഡ്വ.ഇ.എൻ.ശാന്തിരാജ്(സെക്രട്ടറി), പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ, കെ.ജി.അനിൽ കുമാർ, ഡോ.ഇ.ശ്രീകുമാരൻ, ആർ.അപർണ, കെ.എസ്.ഹരികുമാർ, എസ്.അലീന, മണികണ്ഠൻ, കെ.ശശാങ്കൻ, വി.എസ്.ഗിരീശൻ, ഡോ.എം.പ്രദീപൻ, ജ്യോതിസ് ബാബു, വിദ്യ.ആർ.ശേഖർ, പുഷ്പ അഗസ്റ്റിൻ, കെ.ബിമൽജി, ബിനു ബേബി(സെക്രട്ടറിയേറ്റ്), എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായി കെ.ബാബുരാജ്, അകിൽമുരളി, ആഷാദേവി, ഡോ. എ.എം.അജേഷ്, എസ്.സുധിലാൽ, പി.എസ്.ഗോപകുമാർ, ആർ.സുജ, എം.കെ.ഷഹസാദ്, എ.റജീന, സജീവ്കുമാർ, അബ്ദുൽ നവാസ്, കെ.ഈപ്പച്ചൻ, പി.കെ.ഭഗത്, പാർത്ഥസാരഥി വർമ്മ, ടി.മുരളി, എൻ.ഉദയകുമാർ, നിഖിൽ സജി, സുജ ആന്റണി, എസ്.മേധ, ആർ.സുനിത എന്നിവരും കൗൺസിൽ അംഗങ്ങളായി ടെന്നിസൻ, കെ.ബേബി, ഡോ.ജോൺസൻ, ഹബീബ്, ഡോ.സുകന്യ, ലക്ഷ്മി. ആർ.ശേഖർ, രതീഷ് രാമകൃഷ്ണൻ, ആർ.ശ്രുതി, രാധിക, ധർമജൻ, ഗോവിന്ദ്, മീനാക്ഷി രാജീവൻ, നിള മോഹൻകുമാർ, മീര ജയൻ, ബാലമുരളി, അമ്മുലൂക്കോസ്, കെ.എ വിനോദ്, പ്രവീൺ, തോമസ് ഡാനിയൽ, കെ.പി.സുബൈദ, വി.പി.വിദ്യ, ജി.എസ്.ശാലിനി എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. ■

## അഖിലേന്ത്യ സേവ് എഡ്യൂക്കേഷൻ സമ്മേളനം

**എൻ**ഇപി 2020 എന്ന വിപത്തിൽനിന്നും രാജ്യത്തെ രക്ഷിക്കാൻ അക്കാദമിക സമൂഹത്തോട് അഭ്യർത്ഥിച്ചുകൊണ്ട് ഒക്ടോബർ 30, 31 തീയതികളിൽ നടന്ന അഖിലേന്ത്യ സേവ് എഡ്യൂക്കേഷൻ സമ്മേളനം ഹൈബ്രിഡ് മോഡിലാണ് സംഘടിപ്പിക്കപ്പെട്ടത്. ന്യൂഡൽഹി, കൊൽക്കത്ത, ചെന്നൈ എന്നിങ്ങനെ മൂന്ന് ഓഫ്ലൈൻകേന്ദ്രങ്ങളിലും അതേസമയംതന്നെ ഓൺലൈൻ സ്ട്രീമിങ്ങിലുമായി സമ്മേളനം വിജയകരമായി നടന്നു. ഒക്ടോബർ 30ന് നടന്ന ആദ്യ സെഷൻ വിശ്രുത ചരിത്രകാരൻ ഇർഫാൻ ഹബീബ് ഉദ്ഘാടനം ചെയ്തു. പ്രഗത്ഭ ചരിത്രകാരി റോമി ലാ ഥാപ്പർ, മുൻ യുജിസി ചെയർമാൻ സുഖ ദേവോ തൊറാട്ട്, മൈസൂർ ജെഎസ്എസ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ.എൽ. ജവഹർ നേശൻ, എഎഫ്എസ്യു മുൻ വൈസ് ചാൻസലർ പ്രൊഫ. ചന്ദ്രശേഖർ ചക്രബർത്തി, ചരിത്രകാരൻ പ്രൊഫ.എ.കരുണാനന്ദൻ, പ്രൊഫ.സച്ചിദാനന്ദ സിൻഹ തുടങ്ങിയവർ സംസാരിച്ചു.

അഖിലേന്ത്യ പ്രസിഡന്റ് പ്രൊഫ.പ്രകാശ് എൻ. ഭായ്ഷാ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രൊഫ.അനീസ് റായ് സ്വാഗതം പറഞ്ഞു.

രണ്ടാമത്തെ ദിവസം നടന്ന അക്കാഡമിക് സെഷനിൽ ആദ്യം സംസാരിച്ചത് കേരളത്തിൽ നിന്നുള്ള പ്രൊഫ.എ.കെ.രാമകൃഷ്ണൻ (ജെഎൻയു)ആയിരുന്നു. തുടർന്ന് പശ്ചിമബംഗാളിൽ നിന്നുള്ള മുൻ അഡ്വക്കേറ്റ് ജനറൽ ബിമൽ ചാറ്റർജി, ഒറീസ്സയിൽ നിന്നുള്ള പ്രൊഫ.ബീരേന്ദ്ര കുമാർ നായക്, പ്രൊഫ.ശ്യാം സുന്ദർ ദീപ്തി (അമൃതസറിൽ നിന്നുള്ള എമിരിറ്റസ് പ്രൊഫസർ) പ്രൊഫ.ഘനശ്യാം നാഥ്(ആസ്സാം) തുടങ്ങിയ അക്കാദമിക രംഗത്തെ പ്രഗത്ഭർ അഭിസംബോധന ചെയ്തു. തുടർന്ന്, ഡെലിഗേറ്റ് സെഷൻ നടന്നു. മുഖ്യ പ്രമേയം ഗോവിന്ദരാജലു അവതരിപ്പിച്ചു. സംഘടനാ റിപ്പോർട്ട് പ്രൊഫ.അനീസ് റേ അവതരിപ്പിച്ചു. പ്രമേയത്തിലും റിപ്പോർട്ടിലും ചർച്ചകൾ നടന്നു. അതിന് ശേഷം, പ്രൊഫ.ദ്രുബ മുഖർജി പാനൽ അവതരിപ്പിച്ചു.

ഗുജറാത്തിൽനിന്നുള്ള പ്രൊഫ. പ്രകാശ് എൻ.ഭായ്ഷാ പ്രസിഡന്റ് ആയും കൊൽക്കത്തയിൽനിന്നുള്ള പ്രൊഫ.അനീസ് റായ് സെക്രട്ടറിയായും തെരെഞ്ഞെടുക്കപ്പെട്ടു. 150 അംഗങ്ങൾ അടങ്ങിയ സമിതിയിൽ കേരളത്തിൽനിന്ന് പ്രൊഫ. ജോർജ് ജോസഫ്, സി. നാരായണൻ, പ്രൊഫ.പി.എൻ. തങ്കച്ചൻ, എം. ഷാജർഖാൻ, പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ, ഡോ. എം. ജ്യോതിരാജ്, അഡ്വ.ഇ.എൻ.ശാന്തിരാജ്, ഡോ.ശ്രീകുമാരൻ എന്നിവരും ഉൾപ്പെടുന്നു. ■

Volume: 48 No: 7 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.